കേരളപാഠാവലി

MS776/565



അഞ്ചാം ക്ലാസ്

കേരളപാഠാവലി

M.5.776

(അഞ്ചാം ക്ലാസ്സിലേയ്ക്കു്)

തിരുവിതാംകൂർ-കൊച്ചി ഗവണ്മെൻറിൽനിന്നും
നിയമിച്ച കമ്മിററി തയ്യാറാക്കിയതു്.

[പകർപ്പവകാശം ഗവണ്മെൻറിനു്]

1956 വില 12 അണ.

പരിഷ്കരിക്കാൻ നിയുക്തരായ
കമ്മിററി അംഗങ്ങൾ

ശ്രീ. സി. ഐ. ഗോപാലപിള്ള എം. എ.,

പ്രൊഫസ്സർ എം. ജി. കാളേജ്

" എം. രാമകൃഷ്ണൻനായർ എം. എ., എൽ. ററി.

ട്രെയിനിംഗ് കാളേജ്

" കെ. നാരായണൻനായർ എം. ഏ., ബി. എൽ.

ടെക്സ്ററബുക്ക സ്പെഷ്യൽ ആഫീസ്സർ

(സംയോജകൻ)

കമലാ പ്രിൻറിംഗ് ആൻറ് പബ്ലിഷിംഗ് ഹൗസ്,
വഴുതക്കാട്, തിരുവനന്തപുരം.

പാഠവിവരം

			പേജ്
1	മഹാത്മജി	(വെണ്ണിക്കുളം)	1
2	ദേശീയപതാക	....	3
3	കുറുനരിയും പെണ്ണാടും	....	8
4	ഒരു ചിത്രം	(വള്ളത്തോൾ)	15
5	യാചകന്റെ പെട്ടി	....	18
6	മോഹനദാസിന്റെ പശ്ചാത്താപം	....	23
7	കുട്ടിയും അമ്മയും	(എൻ. കുമാരനാശാൻ)	30
8	ബുദ്ധിമാനായ ന്യായാധിപതി	....	31
9	കുചേലസത്കാരം	(രാമപുരത്തു വാര്യർ)	38
10	എഴുത്തച്ഛൻ	....	40
11	ധീരവനിത	....	44
12	മിത്രം	(കെ. സി. കേശവപിള്ള)	54
13	വേലുത്തമ്പിദളവാ	....	56
14	വേട്ടയ്ക്കു പുറപ്പാട്	(കുഞ്ചൻനമ്പ്യാർ)	62
15	കുന്തിയുടെ ത്യാഗബുദ്ധി	....	64
16	എന്റെ ജീവിതത്തിലെ പ്രധാനസംഭവം	....	72
17	അവരെത്തടയരുതേതുനാളും	(എൻ. ഗോപാലപിള്ള)	79
18	സമയനിഷ്ഠ	....	81
19	ഗുണവതിയായ പെൺകുട്ടി	....	86
20	പുത്രവാത്സല്യം	(ചെറുശ്ശേരി)	91
21	ഒരു എഴുത്ത്	....	94
22	വെനീസ്സിലെ വ്യാപാരി	....	99
23	പാലം പണി	(കെ. എം. ദാമോദരമേനോൻ)	107
24	വിശ്രുതനമ്പിയും ആലിയും	....	109
25	രക്തചംക്രമണം	....	113
26	പ്രളയം	(കട്ടക്കയത്തിൽ ചെറിയാൻമാപ്പിള)	122

ദേശീയഗാനം

1

ജനഗണമന അധിനായക ജയ ഹേ
ഭാരതഭാഗ്യവിധാതാ.
പംജാബ സിന്ധു ഗുജരാട മരാഠാ
ദ്രാവിഡ ഉത്കല വംഗ
വിന്ധ്യ ഹിമാചല യമുനാ ഗംഗാ
ഉച്ഛല ജലധിതരംഗ
തവ ശുഭ നാമേ ജാഗേ,
തവ ശുഭ ആശിസ മാഗേ,
ഗാഹേ തവ ജയ ഗാഥാ.
ജനഗണമംഗലദായക ജയ ഹേ
ഭാരത ഭാഗ്യ വിധാതാ.
ജയ ഹേ, ജയ ഹേ, ജയ ഹേ,
ജയ ജയ ജയ, ജയ ഹേ.

2

അഹരഹ തവ ആഹ്വാന പ്രചാരിത,
ശുനി തവ ഉദാര വാണീ
ഹിന്ദു ബൗദ്ധ ശിഖ ജൈന പാരസിക
മുസൽമാന ഖ്റിസ്ടാനീ

പൂരബ-പശ്ചിമ ആസേ,
തവ സിംഹാസന പാശേ,
പ്രേമഹാര ഹയ ഗാഥാ.
ജനഗണ-ഐക്യവിധായക ജയ ഹേ
ഭാരതഭാഗ്യവിധാതാ.
ജയ ഹേ, ജയ ഹേ, ജയ ഹേ
ജയ ജയ ജയ, ജയ ഹേ.

3

പതന-അഭ്യുദയ-ബന്ധുര പന്ഥാ,
യുഗയുഗ ധാവിത യാത്രീ;
ഹേ ചിരസാരഥി, തവ രഥചക്രേ
മുഖരിത പഥ ദിനരാത്രി.
ദാരുണ-വിപ്ലവ-മാഝേ,
തവ ശംഖധ്വനി ബാജേ,
സങ്കടദുഃഖ ത്രാതാ.
ജനഗണപഥപരിചായക ജയ ഹേ
ഭാരതഭാഗ്യവിധാതാ.
ജയ ഹേ, ജയ ഹേ, ജയ ഹേ,
ജയ ജയ ജയ, ജയ ഹേ.

4

ഘോര തിമിരഘന നിബിഡ നിശീഥേ
പീഡിത മൂർച്ഛിത ദേശേ
ജാഗ്രത ഛില തവ അവിചല മംഗല
നതനയനേ അനിമേഷേ.
ദുഃസ്വപ്നേ ആതങ്കേ,
രക്ഷാ കരിലേ അങ്കേ,
സ്നേഹമയീ തുമി മാതാ.
ജനഗണദുഃഖത്രായക ജയ ഹേ,
ഭാരതഭാഗ്യവിധാതാ.
ജയ ഹേ, ജയ ഹേ, ജയ ഹേ,
ജയ ജയ ജയ, ജയ ഹേ.

5

രാത്രി പ്രഭാതില, ഉദില രവിച്ഛവി
പൂർവ–ഉദയഗിരിഭാലേ,
ഗാഹേ വിഹംഗമ, പുണ്യ സമീരണ
നവജീവനരസ ഢാലേ.
തവ കരുണാരുണരാഗേ,
നിദ്രിത ഭാരത ജാഗേ
തവ ചരണേ നത മാഥാ.
ജയ ജയ ജയ ഹേ, ജയ രാജേശ്വര,
ഭാരതഭാഗ്യവിധാതാ.
ജയ ഹേ, ജയ ഹേ, ജയ ഹേ,
ജയ ജയ ജയ, ജയ ഹേ.

കേരളപാഠാവലി

(അഞ്ചാം ക്ലാസ്സിലേയ്ക്കു്)

പാഠം 1

മഹാത്മജി



മുൻവരിപ്പല്ലുപൊയ്പ്പോയ
മോണ കാട്ടിച്ചിരിച്ചൊരാൾ
ചമ്രം പടിഞ്ഞിരിക്കുന്ന
പടം നീ കണ്ടതില്ലയോ? 4

അതാണു ഗാന്ധിയപ്പൂപ്പൻ,
ആരിലും കനിവുള്ളവൻ,
കൊച്ചുകുഞ്ഞുങ്ങളോടൊത്തു
കളിപ്പാൻ കൊതിയുള്ളവൻ.

വിളിപ്പൂ നാട്ടുകാരെല്ലാം
'ബാപ്പു'വെന്നു പലപ്പൊഴും
ആ വാക്കു കേട്ടിരിക്കും നീ,
അച്ഛനെന്നർത്ഥമായിടും.

മററുള്ളോരുടെ ദുഃഖങ്ങൾ
മാററുവാൻ വേലചെയ്കയാൽ
'മഹാത്മാ' ഗാന്ധിയെന്നുള്ള
പേരു നീളെ പ്രസിദ്ധമായ്.

സത്യത്തെദ്ദൈവമായ്ക്കണ്ടു
പൂജിച്ച പുരുഷോത്തമൻ,
പങ്കം തീണ്ടാത്ത കർമ്മത്താൽ
തങ്കംപോലെ തിളങ്ങിയോൻ,

കുഞ്ഞുറുമ്പിനുമാപത്തു
പററിയാൽക്കരയുന്നവൻ,
കുരുന്നു നുള്ളുവാൻപോലും
കൈയറയ്ക്കും ദയാമയൻ,

സ്നേഹം, ധർമ്മം, സദാചാരം,
ഓരോന്നെന്തിനു ചൊല്‍വു ഞാൻ?
ഗുണമൊക്കെയുമൊന്നിച്ച
ഗുരുവാണു മഹാത്മജി. 28

[വെണ്ണിക്കുളം ഗോപാലക്കുറുപ്പ്]

പാഠം 2

ദേശീയപതാക

അവികല നിർമ്മല നീലനഭസ്സിൽ
ഉയരുക ധർമ്മപതാകേ!
ഭാരതീയ ജനമാനതിചെയ്യും
വീരസേവ്യ സുപതാകേ!
ഉയരുക, ഉയരുക, ഭാരതകേതുവി-
ലുജ്ജ്വല ധർമ്മപതാകേ!
ആയിരമായിര ലക്ഷം ജനതക-
ളാശിസ്സിൽ നെയ്ത്ത പതാകേ!
ഉയരുക, വിടരുക, വിലസുക നിയതം
ഭാരതപുണ്യനഭസ്സിൽ.

ഏതൊരു രാജ്യത്തിന്റെയും ഏററവും പ്രധാനപ്പെട്ട ദേശീയ ചിഹ്നമാണു് പതാക. ലോകത്തിലെ സകല രാജ്യങ്ങൾക്കും പ്രത്യേകം പ്രത്യേകം പതാകകളുണ്ടു്. ഇംഗ്ലണ്ടു്, അമേരിക്കൻ ഐക്യനാടുകൾ, റഷ്യ, ചൈന, ഇൻഡ്യ, എന്നീ രാജ്യങ്ങളുടെ പതാകകളുടെ ചിത്രങ്ങൾ

ചുവടേ ചേർത്തിരിക്കുന്നു. ഇക്കൂട്ടത്തിൽ നമ്മുടെ പതാകയുടെ ചിത്രം നിങ്ങൾക്ക് മററനോട്ടത്തിൽത്തന്നെ തിരിച്ചറിയാൻ സാധിക്കും. എന്നാൽ, അങ്ങനെ തിരിച്ചറിഞ്ഞതുകൊണ്ടു മാത്രമായില്ല; ദേശീയപതാകയെപ്പററി സകല പൗരന്മാരും വിശദജ്ഞാനം സമ്പാദിക്കേണ്ടതാണ്.

നമ്മുടെ പതാക പരിശോധിക്കാം. എന്താണതിന്റെ ആകൃതി? സാധാരണ പുസ്തകങ്ങളുടെ ആകൃതിതന്നെ; ദീർഘചതുരം. ദീർഘചതുരാകൃതി പല അളവിലാകാം. നമ്മുടെ പതാകയ്ക്കു സ്വീകരിച്ചിട്ടുള്ളത് നീളത്തിന്റെ മൂന്നിൽ രണ്ടു ഭാഗം വീതി എന്ന അളവാണ്. നീളം മൂന്നടിയായാൽ വീതി രണ്ടടി. ചിത്രം അളന്ന് നീളവും വീതിയും കണ്ടുപിടിക്കുക.

പതാകയെ നെടുകേ മൂന്നു തുല്യഭാഗങ്ങളായി വിഭജിച്ചിരിക്കുന്നു. ഓരോ ഭാഗത്തിനും എന്തു നിറമാണു കൊടുത്തിരിക്കുന്നത് എന്നു നോക്കുക. മുകളിലത്തേതു കുങ്കുമനിറം, നടുവിലത്തേതു വെള്ള, താഴത്തേതു പച്ച. പതാകയുടെ ഒത്ത നടുവിൽ വെള്ളനിറത്തിനുള്ളിൽ കാണുന്നതു് അശോകചക്രത്തിന്റെ ചിത്രമാണ്. ഇതിന്റെ നിറം നീലമാണ്. വണ്ടിച്ചക്രത്തിന്റെ ആകൃതിയിലാണ് അശോകചക്രം. അതിനു് ഇരുപത്തിനാലു് ആരക്കാലുകൾ ഉണ്ടു്.

നമ്മുടെ പതാകയ്ക്കു് ഈ നിറങ്ങളും അശോക ചക്രവും സ്വീകരിച്ചതിനു് പ്രത്യേകം ഉദ്ദേശ്യമുണ്ടു്. ഭാരതീയരുടെ ധീരതയുടെയും ത്യാഗമനസ്ഥിതിയുടെയും ചിഹ്നമാണ് കുങ്കുമനിറം. വെളുപ്പ് സത്യത്തെയും പരിശുദ്ധിയേയും കുറിക്കുന്നു. പച്ച, സസ്യപൂർണ്ണമായ ഭാരതഭൂമി

ഇംഗ്ലണ്ട്



അമേരിക്ക



റഷ്യ

ചൈന,

ഇംഗ്ലണ്ട്
അമേരിക്ക

ഇൻഡ്യ

റഷ്യ
ചൈന

യുടെ ഐശ്വര്യത്തെ സൂചിപ്പിക്കുന്നു. ഒരു കർഷകരാജ്യമാണു ഭാരതം എന്നുള്ള സൂചനയും ഇതിലുണ്ട്.

അശോകചക്രം, മഹാനായ അശോകചക്രവർത്തി സാരനാഥം എന്ന സ്ഥലത്തു സ്ഥാപിച്ചിട്ടുള്ള അശോകസ്തംഭത്തിൻെറ മകുടത്തിൽ കൊത്തിയിട്ടുള്ളതാണു്. സത്യവും അഹിംസയുമായിരുന്നു അദ്ദേഹത്തിൻെറ ആദർശങ്ങൾ. ആ മഹനീയാദർശങ്ങളുടെ ചിഹ്നമാണതു്. അശോക ചക്രവർത്തിയെപ്പോലെ സത്യവും ധർമ്മവും മുൻനിർത്തി പ്രവർത്തിച്ചു് പുരോഗതി പ്രാപിക്കുകയാണു് ഇൻഡ്യയുടെ ലക്ഷ്യം എന്നാണു് പതാകയിലുള്ള അശോകചക്രം സൂചിപ്പിക്കുന്നതു്.

ഇങ്ങനെ നമ്മുടെ ദേശീയപതാക നമ്മുടെ ആദർശങ്ങളെയും സംസ്കാരത്തെയും സൂചിപ്പിക്കുന്നു. ചുരുക്കത്തിൽ, അതു് മാതൃഭൂമിയുടെ തന്നെ ചിഹ്നമാണു്. അതുകൊണ്ടു് മാതൃഭൂമിയോടു നമുക്കു തോന്നുന്ന സ്നേഹാദരങ്ങൾ ദേശീയപതാകയോടും തോന്നേണ്ടതാണു്.

സകല രാജ്യങ്ങളും സ്നേഹത്തോടും ബഹുമാനത്തോടുംകൂടി മാത്രമേ ദേശീയപതാക കൈകാര്യം ചെയ്യാറുള്ളു. പതാകയെ സംബന്ധിച്ചും അതിനെ ഉപയോഗിക്കേണ്ട വിധത്തെക്കുറിച്ചും എല്ലാവരും അറിയേണ്ട ചില നിയമങ്ങൾ താഴെ കുറിക്കാം.

പതാക എല്ലാവർക്കും എല്ലായ്പോഴും ഉപയോഗിക്കാൻ പാടില്ല. ഭരണാധികാരികൾക്കു മാത്രമേ അതിനു് അവകാശമുള്ളു. നമ്മുടെ സംസ്ഥാനത്തു് രാജപ്രമു

ഖൻ, നിയമസഭാസ്പീക്കർ, മന്ത്രിമാർ മുതലായവർക്ക് അവരുടെ ഔദ്യോഗിക വസതികളിലും വാഹനങ്ങളിലും ദേശീയപതാക പാറിക്കാൻ അവകാശമുണ്ട്.

ഹൈക്കോടതി, സെക്രട്ടേറിയററ് ആദിയായി ഏററവും പ്രധാനപ്പെട്ട ഗവണ്മെൻറുമന്ദിരങ്ങളുടെ മുകളിൽ ദേശീയപതാക പറത്താവുന്നതാണ്, പറത്തേണ്ടതുമാണ്. സ്വാതന്ത്ര്യദിനം തുടങ്ങിയ രാഷ്ട്രീയാഘോഷദിവസങ്ങളിൽ പതാക എല്ലാവർക്കും ഉപയോഗിക്കാവുന്നതാണ്.

അത്യന്തം ശ്രദ്ധയോടും വിനയത്തോടുംകൂടി നിർവഹിക്കുവാനുള്ള ഒരു കർമ്മമാണ് പതാക ഉയർത്തൽ. പതാക കൈയിലെടുക്കുമ്പോൾ അതിൻെറ യാതൊരു ഭാഗവും തറയിൽ കിടന്ന് ഇഴയുവാൻ ഇടയാകരുത്. കുങ്കുമവർണ്ണം മുകളിൽ വരത്തക്കവിധം വേണം കൊടി ധ്വജാഗ്രത്തിൽ എത്തിക്കുവാൻ. പതാക ഉയർത്തുന്നത് ചൊടിയോടുകൂടി ആയിരിക്കണം. എന്നാൽ താഴ്ത്തുന്നത് മന്ദമായി മാത്രമേ പാടുള്ളു. സൂര്യാസ്തമയത്തിന് അല്പം മുൻപ് കൊടി ഇറക്കേണ്ടതാണ്.

ആഘോഷാവസരങ്ങളിൽ സൈനികരീതിയിൽ മാർച്ചു ചെയ്യുമ്പോൾ വലതുവശത്തു നില്ക്കുന്ന ആളാണ് കൊടിപിടിക്കേണ്ടത്. കൊടി അയാളുടെ വലതുവശത്ത് ആയിരിക്കുകയും വേണം.

ദുഃഖാചരണാവസരങ്ങളിൽ പതാക കൊടിമരത്തിൻെറ പകുതിവരെ ഇറക്കിക്കെട്ടണമെന്നാണു നിയമം. കൊടി മുഴുവൻ പൊക്കിയ ശേഷമേ പകുതിവരെ താഴ്ത്തിക്കെട്ടാവൂ. വൈകുന്നേരം കൊടി

ഇറക്കുമ്പോഴും മുഴുവൻ പൊക്കിയശേഷമാണ് താഴ്ത്തേണ്ടത്.

കീറിയതോ അഴുക്കു പുരണ്ടതോ ആയ പതാക പ്രദർശനയോഗ്യമല്ല. അങ്ങനെയുള്ള പതാക നശിപ്പിച്ചു കളയേണ്ടതാണ്. പതാകകൾ നശിപ്പിക്കുന്നതും ഉപചാരപൂർവമായിരിക്കണം.

ദേശീയപതാകയെ സംബന്ധിച്ചുള്ള നിയമങ്ങളെല്ലാം അനുസരിക്കാൻ സകലരും കടപ്പെട്ടിരിക്കുന്നു. നമ്മുടെ ദേശീയപതാക നമ്മുടെ രാജ്യത്തിൻെറ ചിഹ്നമായതുകൊണ്ട് നാം അതിനെ മാതൃഭൂമിയെപ്പോലെ സ്നേഹിക്കുകയും ബഹുമാനിക്കുകയും വേണം. അതിനെ ഒരിക്കലും അപമാനിക്കാൻ അനുവദിക്കരുത്. പതാക ഉയർത്തിക്കൊണ്ട് ഒരിക്കൽ നമ്മുടെ ജവഹരിലാൽ നെഹ്റു ചെയ്ത പ്രസംഗത്തിൽ നാം അതിനെ ഏതു വിധത്തിൽ സ്നേഹിക്കയും ബഹുമാനിക്കയും ചെയ്യുന്നമെന്ന് നമ്മെ അനുസ്മരിപ്പിക്കുന്നു. "രാജ്യസ്നേഹത്തിൻെറ കണികയെങ്കിലുമുള്ള ഓരോ ഭാരതീയനും, ആത്മാഭിമാനത്തിൻെറ ലേശമെങ്കിലുമുള്ള ഓരോ ഭാരതീയനും, ദേശീയപതാകയെ ഹൃദയപൂർവം സ്നേഹിക്കണം, ബഹുമാനിക്കണം, അമൂല്യസമ്പത്തായി സൂക്ഷിക്കണം, മരണത്തെപ്പോലും അവഗണിച്ച് പതാകയുടെ അന്തസ്സ് സംരക്ഷിക്കണം."

അവികലനിർമ്മല നീല നഭസ്സിൽ
ഉയരുക ധർമ്മപതാകേ!
ഉയരുക വിടരുക വിലസുക നിയതം
ഭാരതപുണ്യനഭസ്സിൽ.

പാഠം 3

കുറുനരിയും പെണ്ണാടും

മുൻകാലത്തു് ഒരു മലഞ്ചെരിവിൽ 'നയവഞ്ചകൻ' എന്ന ഒരു കുറുക്കൻ വസിച്ചിരുന്നു. 'സൂത്രശാലിനി' എന്നായിരുന്നു അവന്റെ ഭാര്യയുടെ പേർ. ഒരുപററം ആടുകളും അവിടെ സ്വതന്ത്രരായി പാർത്തിരുന്നു. അവയിൽ ഓരോ ആടിനെ സന്ധ്യയോടുകൂടി തട്ടിക്കൊണ്ടുപോകും, രാത്രിയിൽ കൊന്നു തിന്നും; അങ്ങനെയാണു് ആ സൃഗാലദമ്പതികൾ കാലക്ഷേപം ചെയ്തുപോന്നതു്. ഒടുവിൽ അവർ ആ ആട്ടിൻകൂട്ടത്തിന്റെ തലവനെയും പിടികൂടി അസ്തികഴിച്ചു. തലവന്റെ പത്നിയായ 'പ്രേമവതി' മാത്രം ശേഷിച്ചു.

പ്രേമവതി ഭർത്താവിന്റെ മരണവും സ്വവർഗ്ഗത്തിന്റെ നാശവും കണ്ടു് ഏററവും ദുഃഖിച്ചു വാവിട്ടു കരഞ്ഞു. അപ്പോൾ അവിടെ ഒരു മഹർഷി വന്നു ചേർന്നു. "നീ പാർപ്പിടം വിട്ടു് ഒരു കാതം വഴിക്കു് അപ്പുറം സഞ്ചരിക്കാതെ ഇരുന്നാൽ നിനക്കു ശത്രുബാധ ഉണ്ടാകുന്നതല്ല" എന്നു് അദ്ദേഹം അവൾക്കു വരം കൊടുത്തു. പ്രേമവതിക്കു് ആ അരുളപ്പാടു കേട്ടപ്പോൾ ആശ്വാസമായി. ദുഷ്ടമൃഗങ്ങളെ ഭയപ്പെടാതെ അവൾ അവിടെത്തന്നെ താമസിച്ചു.

ആ കഥ നയവഞ്ചകൻ കേട്ടു. എങ്ങനെയെങ്കിലും പ്രേമവതിയെ ഭക്ഷിച്ചല്ലാതെ അടങ്ങുകയില്ലെന്നു് അവൻ ശപഥം ചെയ്തു. ഭാര്യയെ സമീപത്തു വിളിച്ചു് ഇങ്ങനെ പറഞ്ഞു:—

ഭർത്താവ്:—ശേഷിച്ചിട്ടുള്ള ആടിനെക്കൂടി നമുക്കു തട്ടിക്കൊണ്ടുപോരുവാൻ വഴിയെന്തു്? ഒരു ദിവസത്തെ അത്താഴം മെച്ചമാകുമെന്നുള്ളതു കൊണ്ടു മാത്രമല്ല ഞാൻ അങ്ങനെ ആഗ്രഹിക്കുന്നതു്. ഒരാടിനെയെങ്കിലും ബാക്കിവച്ചാൽ അതു് നമ്മുടെ കുലമഹിമയ്ക്കു കുറവാണു്.

ഭാര്യ:—എനിക്കും ആ മോഹമുണ്ട്. തടിച്ചുകൊഴുത്ത രസികൻ ആട്. അതിനെപ്പററി ഓർക്കുമ്പോൾ തന്നെ വായിൽ വെള്ളം ഊറുന്നു. പക്ഷെ മഹർഷിയുടെ വരത്തിനു് എതിരായി നമുക്കു് എന്തുചെയ്യാം?

ഭർത്താവു്:—എന്തു ചെയ്യാമെന്നോ? അവളെ നമ്മുടെ ഗൃഹത്തിലേയ്ക്കു് ആകർഷിക്കണം. സ്ത്രീകളെ പാട്ടിലാക്കാൻ സ്ത്രീകൾക്കേ വിരുതുള്ളൂ. അതു കൊണ്ടു് ഇക്കാര്യത്തിൽ നീതന്നെ ഉദ്യമിക്കണം.

ഭാര്യ:—ഞാൻ അവിടുന്നു് ആജ്ഞാപിക്കുന്നതുപോലെ ചെയ്യാം.

ഭർത്താവു്:—ഞാൻ ഒരു സൂത്രം പറഞ്ഞുതരാം. നീ പ്രേമവതിയെ പതിവായി ചെന്നു കാണണം. വളരെ സ്നേഹത്തോടുകൂടി അവളുമായി പെരുമാറണം. അവൾക്കു നിന്നിൽ വിശ്വാസം ഉറയ്ക്കണം. നീ പറയുന്ന ഏതു വാക്കും വാസ്തവമെന്നു് അവൾക്കു് തോന്നണം. അങ്ങനെ നിങ്ങൾ തമ്മിൽ സൗഹാർദ്ദം ഉറയ്ക്കുമ്പോൾ ഒരു ദിവസം, 'എന്റെ ഭർത്താവു മരിച്ചു കിടക്കുന്നു; ഞാൻ വലിയ ദുഃഖത്തിൽപ്പെട്ടിരിക്കുന്നു; ശവം കുഴിച്ചു മൂടാൻ നീ കൂടി സഹായിക്കണം' എന്നു പറയണം. എത്രയായാലും ആട് ആടുതന്നെയല്ലേ? അതിന്റെ മനസ്സ് അലിവുള്ളതല്ലേ? നിന്റെ കരച്ചിലും പിഴിച്ചിലും കാണുമ്പോൾ ആ സാധു നിന്നോടുകൂടി ഇങ്ങോട്ടുപോരും. ഞാൻ ചത്തതുപോലെ കണ്ണടച്ചുകിടക്കാം. നിങ്ങളുടെ കാലൊച്ചകേട്ടാൽ കണ്ണുതുറക്കാം. ആട് അടുത്തു

വരുമ്പോൾ അതിനെ കൊല്ലുകയും ചെയ്യാം. എന്താ, കൊള്ളാമോ വിദ്യ? ആടിന്ന മഹർഷിയാണു വരം കൊടുത്തിട്ടുള്ളതെങ്കിൽ കുറുക്കന്റെ ദൈവമാണു് ബുദ്ധി തന്നിട്ടുള്ളതു്.

സൂത്രശാലിനി ആ ഉപദേശം സ്വീകരിച്ചു്, ഉടൻ തന്നെ പ്രേമവതിയെ ചെന്നു കണ്ടു. ഏതാനും ദിവസങ്ങൾകൊണ്ടു് അവൾ പ്രേമവതിയുടെ പ്രാണസഖിയായി. പച്ചിലകളും കായ്കനികളും പറിച്ചു കൊടുക്കുക, പഴംകഥകൾ സരസമായി പറഞ്ഞുകേൾപ്പിക്കുക, എന്നിങ്ങനെ പല സൂത്രങ്ങളും പ്രയോഗിച്ചു് അവൾ ആ പാവത്തിനെ വശീകരിച്ചു. ആടു് കുറുനരിയുടെ വരവു കാത്തു നിൽക്കും; ആഗമനത്തിനു് അല്പം താമസം നേരിട്ടാൽ വ്യസനിക്കും; അത്തരത്തിൽ തന്റെ ഗ്രുഢശത്രുവിനെ ആത്മാർത്ഥമായി സ്നേഹിച്ചു. ഒരു ദിവസം നേരം വെളുക്കുമ്പോഴേയ്ക്കും ആ ദുഷ്ട, ആർത്തനാദം പുറപ്പെടുവിച്ചുംകൊണ്ടു് പ്രേമവതിയുടെ സന്നിധിയിൽ എത്തി. സന്താപത്തിനു കാരണം എന്താണെന്നു് പെണ്ണാടു ചോദിച്ചു.

കുറു:—അയ്യോ ചേച്ചീ, ഇന്നലെ രാത്രി എന്റെ ഭർത്താവു് അകാലമൃത്യുവിനു് ഇരയായി. ഈ അനാഥയായ ഞാൻ ഇനി ജീവിച്ചിരിക്കുന്നതു് എന്തിനു്? ചേച്ചിയെ അവസാനമായിവന്നു കണ്ടു് യാത്രപറഞ്ഞിട്ടു് ആത്മഹത്യ ചെയ്യുവാനാണു് ഞാൻ ഉദ്ദേശിക്കുന്നതു്.

ആടു്:—അരുതു്! അങ്ങനെ സാഹസം ഒന്നും പ്രവർത്തിക്കരുതു്. അനുജത്തിക്കു നേരിട്ട ഈ ആപത്തിൽ

ഞാൻ അത്യന്തം വ്യസനിക്കുന്നു. എനിക്കും യൗവനത്തിൽ ഒരു ഭർത്താവുണ്ടായിരുന്നു. അദ്ദേഹം എന്നെ എന്നെന്നേയ്ക്കുമായി വിട്ടു പിരിഞ്ഞിട്ടും ഞാൻ ഇപ്പോഴും ജീവിച്ചിരിക്കുന്നില്ലേ? ദൈവം വരുത്തുന്ന ദുഃഖം ക്ഷമയോടുകൂടി സഹിക്കുകയാണ് ജന്തുക്കളുടെ കർത്തവ്യം.

കുറു:—ചേച്ചീ! എന്റെ പൊന്നുചേച്ചിയല്ലേ! എന്നോടുകൂടി എന്റെ പാർപ്പിടത്തിലേയ്ക്ക് ഇപ്പോൾ തന്നെ ഒന്നു വരണേ. എനിക്കു ബന്ധുക്കളില്ല, സ്നേഹിതരില്ല. ഞാൻ ഏകാകിനിയാണ്. മൃതശരീരം കുഴിച്ചുമൂടേണ്ടതു് എന്റെ ധർമ്മമല്ലേ? എനിക്ക് അതിനുള്ള ദേഹബലവും ഉൾക്കരുത്തും ഇപ്പോൾ ഇല്ല. കൃത്യം നിറവേററിയാൽ ചേച്ചിയോടുകൂടി ഞാനും ഇങ്ങോട്ടുതന്നെ പോരാം. നാം തമ്മിലുള്ള സ്നേഹം ഓർത്തു് എന്നെ ഈ സങ്കടത്തിൽ ഒന്നു സഹായിക്കണേ!

പ്രേമവതിയുടെ മനസ്സലിഞ്ഞു. താൻകൂടി സഖിയുടെ ഗുഹയിലേയ്ക്കു ചെല്ലാമെന്ന് അവൾ സമ്മതിച്ചു. കുറുക്കൻ തന്റെ ജന്മശത്രുവാണെന്നും, മഹർഷി നല്കിയ വരത്തിന്റെ ശക്തിക്കു പരിധിയുണ്ടെന്നും മററും ഉള്ള വസ്തുതകളെല്ലാം ആ മുഗ്ദ്ധശീല അപ്പോൾ ചിന്തിച്ചതേയില്ല.

വഴിനീളെ കരഞ്ഞുകൊണ്ടു് കുറുനരിയും പുറകെ പെണ്ണാടും പോയി. ഗുഹാദ്വാരം സമീപിച്ചപ്പോൾ തന്റെ സഖിയുടെ ഭർത്താവു് ചത്തു കിടക്കുന്നതായി തന്നെ പ്രേമവതിക്കു തോന്നി. പക്ഷേ പൂർവപുണ്യം കൊണ്ടു് ആ ദമ്പതികളുടെ പൂർവചരിത്രവും അവൾ അല്പ

മൊന്നു് ഓർത്തു. ശവശരീരത്തെ സൂക്ഷിച്ചു നോക്കിയപ്പോൾ അതു് പതുക്കെ കണ്ണുതുറക്കുന്ന കാഴ്ചയാണു് പെണ്ണാടു കണ്ടതു്. തൽക്ഷണം തനിക്കു് ആകുന്നിടത്തോളം വേഗത്തിൽ വന്നവഴിക്കുതന്നെ അവൾ തിരിഞ്ഞോടി. ഭർത്താവിന്റെ ചെവിയിൽ എന്തോ സ്വകാര്യമായി മന്ത്രിച്ചുകൊണ്ടിരുന്നതിനാൽ ഏതാണ്ടു നിമിഷത്തേയ്ക്കു് സൂത്രശാലിനി ആ സംഭവത്തെപ്പററി അറിഞ്ഞില്ല. പിന്നീടു് അവളും പുറകേ പാഞ്ഞു. അപ്പോഴേയ്ക്കും പ്രേമവതി വളരെ ദൂരം മുമ്പോട്ടു പോയിക്കഴിഞ്ഞിരുന്നു. ഒടുവിൽ ആടിന്റെ പാർപ്പിടത്തിൽ എത്തിയ സൂത്രശാലിനി "ചേച്ചി എന്താണു് ഓടിക്കളഞ്ഞതു്?" എന്നു് നാണം കൂടാതെ ചോദിച്ചു. "അനുജത്തീ, ശവം കണ്ണു തുറക്കുന്നതു ഞാൻ കണ്ടു; നിന്റെ ഭർത്താവു് ചത്തിട്ടില്ലെന്നു് എനിക്കു തോന്നി; അതാണു് തിരിയെപ്പോന്നതു്" എന്നു് ആടു് മറുപടി പറഞ്ഞു, "എനിക്കു് ഒന്നും അറിഞ്ഞുകൂടാ; ഞാൻ ഒന്നും കണ്ടുമില്ല; ഏതായാലും സത്യാവസ്ഥ അന്വേഷിച്ചതിനുമേൽ മടങ്ങിവരാം.'' എന്നു പിറുപിറുത്തുകൊണ്ടു് കുറുനരി അവിടം വിട്ടു.

സൂത്രശാലിനി പിറേറന്നാളും സഖിയെ കാണ്മാൻ എത്തി. "ചേച്ചീ, ചേച്ചിയെപ്പോലെ പുണ്യവതിയായി ആരുണ്ടു്? ചേച്ചി ഗുഹാദ്വാരത്തിനു സമീപത്തു കാൽവച്ചപ്പോൾ ചത്തുപോയ എന്റെ ഭർത്താവു് വീണ്ടും ജീവിച്ചു; ചേച്ചിക്കു് നാളെ ഒരു വിരുന്നു തരണമെന്നു് ഞങ്ങൾ ഉദ്ദേശിക്കുന്നു; കാലത്തുവന്നു വിളിച്ചുകൊണ്ടുപോകാം; വരണേ" എന്നു പറഞ്ഞു. ഒരു അബദ്ധം ആർക്കും പററിയെന്നുവരും. രണ്ടാമത്തേ തവണ അത്ര

തന്നെ പറവുകയില്ല. പ്രേമവതിയുടെ ഗൃഹയ്ക്കടുത്തു് ഒരു പക്ഷി വൃക്ഷത്തിൻെറ കൊമ്പിലിരുന്നു് എന്തോ ചിലച്ചു കൊണ്ടിരുന്നു. പെണ്ണാട്ടം അതിനു മറുപടി എന്ന മാതിരിയിൽ ചില ശബ്ദങ്ങൾ പുറപ്പെടുവിച്ചു. "നിങ്ങൾ എന്താണു സംസാരിക്കുന്നതു്?" എന്നു് പരിഭ്രമത്തോടുകൂടി സൂത്രശാലിനി ചോദിച്ചു. "ഞങ്ങളുടെ സംഭാഷണം അവസാനിക്കട്ടെ" എന്നു പറഞ്ഞു് ആടു് പിന്നെയും ചിലതെല്ലാം ഉച്ചരിച്ചു. ഒടുവിൽ കരുനരിയോടു് ഇങ്ങനെ പറഞ്ഞു: "അനുജത്തീ, എനിക്കു് നാട്ടിൻപുറത്തു് നാലു സ്നേഹിതന്മാരുണ്ടു്. അവരെ വേട്ടപ്പട്ടികൾ എന്നു വിളിക്കും. അവർ നാളെ എന്നെ സന്ദർശിക്കുവാൻ വരുന്നതായി ഈ പക്ഷിമുഖേന ഒരു സന്ദേശം അയച്ചിരിക്കുന്നു. നിങ്ങൾ എനിക്കു് ഒരു വിരുന്നു തരുന്നുണ്ടെന്നും അതിൽ അവരുംകൂടി പങ്കുകൊള്ളണമെന്നും ഞാൻ പ്രതിസന്ദേശം അയച്ചു. വിരോധമില്ലല്ലോ? അവർ സത്തുക്കളും ശാന്തശീലരുമാണു്. എന്തു പറയുന്നു?"

കരു:—വേട്ടപ്പട്ടികളോ? ചേച്ചിക്കു് അങ്ങനെ ചില സ്നേഹിതന്മാരുണ്ടെന്നു് എന്നോടു് ഇതുവരെ പറഞ്ഞില്ലല്ലോ. ഭർത്താവുമായി ആലോചിച്ചല്ലാതെ ഇതിനു മറുപടി പറയാൻ നിവൃത്തിയില്ല. അദ്ദേഹത്തിൻെറ അഭിപ്രായം അറിഞ്ഞുകൊണ്ടു വരാം. നാളെ ഏതായാലും വിരുന്നുവേണ്ട. എനിക്കു് മററാരിടത്തു പോകേണ്ടിയിരിക്കുന്നതിനാൽ ഞാൻ ഇങ്ങോട്ടു വരികയുമില്ല.

സൂത്രശാലിനിയുടെ മുഖത്തു് ഒരുതുള്ളിച്ചോരപോലും ഇല്ലായിരുന്നു. പ്രേമവതി പുഞ്ചിരിക്കൊണ്ടു. കരുനരി

ഒററ ഓട്ടത്തിൽ ഭർത്താവിൻെറ സന്നിധിയിലെത്തി, നടന്ന കാര്യങ്ങൾ പറഞ്ഞുകേൾപ്പിച്ചു. വിരുന്നു നിശ്ചയിച്ചിരുന്ന പിറേറദിവസം വെളുപ്പിനുതന്നെ അവർ ആ കാടുവിട്ടു് മറെറാരു കാട്ടിലേയ്ക്കു താമസം മാററി. പ്രേമവതി ശല്യം ഒഴിഞ്ഞു് സമാധാനത്തോടുകൂടി ജീവിച്ചു.

പാഠം 4

ഒരു ചിത്രം

(കൃഷ്ണ ഗാഥ)

നീയിതു കാൺകൊ,രാൺകുഞ്ഞിതാ, തൻകുഞ്ഞി-
ക്കയ്യിൽച്ചെറിയ പാൽപ്പാത്രവുമായ്,
പയ്യിനെക്കാലേ കറന്നീടുമമ്മതൻ
മെയ്യിൻ വലംവശം ചാരിനില്പൂ. 4

മാതാവോ, പൈക്കറ നിർത്തി മണിവള-
വ്രാതമണിഞ്ഞ വലത്തു കയ്യാൽ
പൈതലെപ്പേർത്തുമണച്ചുപുണർന്നതി
പ്രീതയായ് കോൾമയിർക്കൊണ്ടീടുന്നു. 8

ചേലുററ പാത്രത്തിലമ്മ നറും ചൂടു-
പാലു പകർന്നു കൊടുത്തതിനാൽ
ബാലൻെറ ചെന്തൊണ്ടിവായ്മലരിൽച്ചെററു
പാലലഞ്ഞും പുഞ്ചിരി തഞ്ചിടുന്നു. 12

താമരത്താരിതൾപോലെ നെടുതായി-
ത്തൂമയ്യെഴുതിയ കണ്ണിണയിൽ

പ്രേമവും ഹർഷവുമുൾക്കൊള്ളുമുണ്ണിത-
ന്നോമനവക്ത്രമിതെത്ര രമ്യം.
എമ്മട്ടെന്നോതുവാനേതും കഴിവില്ലാ-
ത്തിമ്മധുരാനനമൊന്നു കണ്ടാൽ,
അമ്മയ്ക്കു മാത്രമല്ലാർക്കുമേ ചെന്നെടു-
ത്തുമ്മവച്ചീടുവാൻ തോന്നുമല്ലോ!
കേവലഭംഗ്യാ കൊഴുത്തുരുണ്ടുള്ളൊരി-
പ്പൂവൽ മെയ് പൂണ്മോർതാൻ പുണ്യവാന്മാർ;
ലാവണ്യദുഗ്ദ്ധം കടഞ്ഞെടുത്തീടിന
തൂവെണ്ണയോയിതു തമ്പുരാനേ!
ക്ഷോണിയ്ക്കിരുൾനീക്കാൻ ദൈവം താൻ കത്തിച്ച
കാണിയ്ക്കും കാഞ്ചനക്കൈവിളക്കോ!
ചാണയ്ക്കുവെച്ചേറെച്ചന്തം വരുത്തിയ
മാണിക്യക്കല്ലോ, ഈ മഞ്ജുരൂപം!
വെൺതിങ്കൾ ബിംബത്തിൻ സൌമ്യപ്രകാശവും,
മുന്തിരിസ്സത്തിന്റെ മാധുര്യവും,
പൂന്തയ്യൽത്തെന്നലിൻ പൂർണ്ണക്കുളിർമയും,
മാന്തളിർത്തൊത്തിന്റെ മാർദ്ദവവും,
വാനിൽ നവരത്നതോരണം കെട്ടുന്ന
വാർമഴവില്ലിന്റെ നല്ലഴകും,
വാടാതെ സന്ധ്യയ്ക്കു മന്ദം വിരിയുന്ന
വാസന്തിപ്പൂവിന്റെ വാസനയും,
മറ്റുമാനന്ദമേകുന്ന പദാർത്ഥങ്ങൾ
മുറ്റുമൊത്തിട്ടുണ്ടിക്കൊച്ചുമെയ്യിൽ;
മറ്റാരുമല്ലിതു മാന്യയശോദ തൻ
കറ്റക്കിടാവായ കണ്ണനത്രേ!

[വള്ളത്തോൾ നാരായണമേനോൻ

പാഠം 5

യാചകന്റെ പെട്ടി

മണിരഥൻ എന്ന രാജാവു് ഒരിക്കൽ തന്റെ മന്ത്രിയോടു് മനുഷ്യർക്കു് ഏറ്റവും ഉപയോഗമുള്ള സാധനം എന്താണെന്നു ചോദിച്ചു. 'പണം തന്നെ' എന്നു മന്ത്രി മറുപടി പറഞ്ഞു. പൊതുനിരത്തിൽ വച്ചായിരുന്നു ഈ സംഭാഷണം നടന്നതു്. 'കൈവശം ഉണ്ടെങ്കിൽ, എന്നു കൂടി പറയേണ്ടതാണു്' എന്നു് സമീപത്തു നിന്നിരുന്ന മതിമാൻ എന്ന ഒരു യാചകൻ മന്ത്രിയുടെ വാക്യം തിരുത്തി. 'മനുഷ്യരെ രക്ഷിക്കുന്നതു് എന്താണു്?' എന്നു രാജാവു വീണ്ടും മന്ത്രിയോടു ചോദിച്ചു. 'ആഹാരം' എന്നായിരുന്നു അദ്ദേഹത്തിന്റെ ഉത്തരം. 'ദഹിക്കുമെങ്കിൽ എന്നുകൂടി പറയുക, എന്നായി മതിമാൻ. രാജാവു് വീണ്ടും അത്തരത്തിൽ ചില ചോദ്യങ്ങൾകൂടി മന്ത്രിയോടു ചോദിക്കുകയും അവയ്ക്കു തന്നാൽ കഴിയുന്ന വിധത്തിലെല്ലാം മന്ത്രി മറുപടി പറയുകയും ചെയ്തു. എങ്കിലും യാചകൻ നിർദ്ദേശിച്ച ഭേദഗതികൾ അധികം സാരവത്തായിരുന്നു.

രാജാവു് ആ യാചകനെ സൂക്ഷിച്ചുനോക്കി. അയാളുടെ ശരീരം പട്ടിണികൊണ്ടു് തുലോം ക്ഷീണിച്ചിരുന്നു. ഉടുത്തിരുന്ന തുണിയുടെ പല ഭാഗങ്ങളും കീറിയിരുന്നു. ചോദിച്ചതിൽ അയാൾ ശാസ്ത്രങ്ങൾ പഠിച്ചവനാണെങ്കിലും നിർഭാഗ്യത്താൽ കാലക്ഷേപത്തിനു വഴികാണാതെ പിച്ചതെണ്ടുകയാണെന്നു് അറിയിച്ചു. രാജാവിനു് അയാളുടെ പേരിൽ ദയ തോന്നി അയാളെ കൊട്ടാരത്തി

ലേയ്ക്കു കൂട്ടിക്കൊണ്ടുപോയി, അവിടെ ഒരു ചെറിയ ഉദ്യോഗത്തിൽ നിയമിച്ചു. ബുദ്ധിശക്തികൊണ്ടും കൃത്യശ്രദ്ധകൊണ്ടും പടിപ്പടിയായി ഉയർന്നു് ഏതാനും കൊല്ലങ്ങൾകൊണ്ടു് മതിമാൻ രാജ്യത്തിലെ പ്രധാനമന്ത്രിയും രാജാവിന്റെ കണ്ണിലുണ്ണിയുമായിത്തീർന്നു.

അഗതിയായി അങ്ങുമിങ്ങും അലഞ്ഞു നടന്നിരുന്ന ഒരുവനെ നാടുവാഴി ആ മാന്യസ്ഥാനത്തിൽ കയററി വച്ചതു് മററുള്ള ഉദ്യോഗസ്ഥന്മാർക്കു രസിച്ചില്ല. അവർ എല്ലാവരും മതിമാനെ അതിയായി വെറുത്തു. ഏതു പ്രകാരത്തിലെങ്കിലും അദ്ദേഹത്തിനെ ദ്രോഹിക്കണമെന്നു് അവർ തീർച്ചപ്പെടുത്തി.

ഒരു ദിവസം അവരിൽ ചിലർ അവസരം നോക്കി രാജാവിനോടു് ഇങ്ങനെ അറിയിച്ചു:–"തിരുമേനി ഈ മതിമാനെ അതിരുകടന്നു വിശ്വസിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നതു നല്ലതിനല്ല. അയാൾ വീട്ടിൽ ഒരു യന്ത്രംവച്ചു പൂജിക്കുന്നുണ്ടു്. ആ യന്ത്രം ഒരു ചെറിയ വെള്ളിപ്പെട്ടിക്കകത്തിരിക്കുന്നു. അതു് ആ വിദ്വാൻ വീട്ടിൽ ഒരു പ്രത്യേക മുറിക്കകത്തുവച്ചു സൂക്ഷിക്കുന്നു. ദിവസംതോറും കച്ചേരിയിലേയ്ക്കോ കൊട്ടാരത്തിലേയ്ക്കോ പോകുന്നതിനു മുൻപായി പെട്ടി തുറന്നു് യന്ത്രത്തെ തൊഴുന്നു. പിന്നീടാണു് പുറപ്പെടുന്നതു്. ആ യന്ത്രത്തിന്റെ മിരട്ടും പിരട്ടുമാണു് ഇവിടെയെല്ലാം കാണുന്നതു്. ആഭിചാരംകൊണ്ടു് മതിമാൻ തിരുമേനിയെ വശീകരിച്ചിരിക്കുന്നു, സംശയമില്ല."

രാജാവിനു് അവരുടെ പ്രസ്താവനയിൽ ആദ്യം തീരെ വിശ്വാസം തോന്നിയില്ല. അതു വെറും ഏഷണിയായിമാത്രമേ അപ്പോൾ അദ്ദേഹം കരുതിയുള്ളു.

എന്നാൽ ദിവസം ചെല്ലുന്തോറും ആ അപവാദം ഒന്നിനൊന്നു ബലപ്പെട്ടുവന്നു. വാസ്തവം അറിയണമെന്നുള്ള മോഹം രാജാവിൻെറ ഹൃദയത്തിൽ കടന്നുകൂടി. ഒടുവിൽ ഊണും ഉറക്കവും ഇല്ലാതെ അദ്ദേഹം ചിന്താജ്വരത്താൽ വലഞ്ഞു.

ഒരു ദിവസം രാവിലെ, രാജാവു് മതിമാൻെറ ഗൃഹത്തിൽ തനിച്ചു കാൽനടയായി ചെന്നു. "മന്ത്രി തൽക്ഷണം എന്നോടുകൂടി കൊട്ടാരത്തിലേയ്ക്കു പുറപ്പെടണം. അടിയന്തിരമായി എനിക്കു് ഒരു കാര്യം ആലോചിക്കേണ്ടതുണ്ടു്" എന്നു് അരുളിച്ചെയ്തു.

മതിമാൻ രാജാവിൻെറ പരിഭ്രമം കണ്ടു് വളരെ ആശ്ചര്യപ്പെട്ടു.

മതി:—അടിയൻ ഇതാ പുറപ്പെട്ടു കഴിഞ്ഞു. കല്പനയുണ്ടെങ്കിൽ ഒരു നിമിഷത്തേയ്ക്കു് അകത്തെ മുറിയിൽപോയി തിരിയെ വരാം.

രാജാ:—എന്തിനു പോകുന്നു? ഈ വേഷം ധാരാളം മതി. അത്ര വളരെ അടിയന്തിരകാര്യമായതുകൊണ്ടല്ലേ ഞാൻതന്നെ കാൽനടയായി ഇങ്ങോട്ടു പോന്നതു്?

മതി:—അകത്തു് ഒന്നു പോയേ മതിയാവൂ. ഒരൊററ നിമിഷം, അതിലധികം വേണ്ട.

രാജാവിൻെറ സംശയം ബലപ്പെട്ടു. "ശരി, ഈ കള്ളൻ യന്ത്രംവച്ചു പൂജിക്കുന്നുണ്ടു്. അങ്ങനെവരട്ടെ. ചാത്തനോ യക്ഷിയോ, ആരാണു് ദേവത? കൊള്ളാം വിദ്യ; ആകട്ടെ, മുഴുവനറിയട്ടെ" എന്നു വിചാരിച്ചുകൊണ്ടു്, "ഞാൻകൂടി അകത്തുവരാം" എന്നു കല്പിച്ചു.

മതി:—തിരുമേനി അകത്തു് എഴുന്നള്ളാതിരിക്കുകയാണു നല്ലതു്. തിരുമേനിക്കു് അതുകൊണ്ടു് യാതൊരു ലാഭവും ഇല്ല. എനിക്കാണെങ്കിൽ എൻെറ സർവസ്വവും അവിടെയാണിരിക്കുന്നതു്.

രാജാവിൻെറ ശങ്ക പതിന്മടങ്ങു വർദ്ധിച്ചു. "ഞാൻകൂടി അകത്തു വരികതന്നെ ചെയ്യും" എന്നു് അദ്ദേഹം ശഠിച്ചു.

"എന്നാൽ എഴുന്നള്ളാം" എന്നു് അറിയിച്ചു-കൊണ്ടു മതിമാൻ മുൻപിലും, "ഞാൻകൂടി വരുന്നതിൽ

എന്താണിത്ര പേടി?" എന്നു ചോദിച്ചുകൊണ്ടു് രാജാവു പുറകിലും ആയി ഒരു മുറിക്കകത്തു കയറിച്ചെന്നു. അവിടെ ഒരു ചെറിയ വെള്ളിപ്പെട്ടിമാത്രം ഉണ്ടായിരുന്നു. മതിമാൻ അതു പതുക്കെത്തുറന്നു് അതിനകത്തിരുന്ന സാധനത്തെ ഭക്തിപാരവശ്യത്തോടുകൂടി തൊഴുതു. രാജാവു് അതിനെ സൂക്ഷിച്ചുനോക്കി. അതു് യന്ത്രമോ ബിംബമോ ഒന്നും അല്ലായിരുന്നു. അവിടെ ചാത്തനുമില്ല യക്ഷിയുമില്ല. കീറിപ്പറിഞ്ഞ കുറെ പഴന്തുണിക്കഷണങ്ങൾ! "അതെന്താണു്? പറയൂ! പറയൂ! അതിന്റെ രഹസ്യം മുഴുവൻ എനിക്കു് അറിയണം; അറിഞ്ഞേ കഴിയൂ; അല്ലാതെ ഞാൻ പോവുകയില്ല" എന്നായി രാജാവു്.

മതിമാൻ വിനീതനായി മറുപടി പറഞ്ഞു. "അടിയനെ തിരുമേനി കൊട്ടാരത്തിലേയ്ക്കു കൂട്ടിക്കൊണ്ടുപോയ ദിവസം അടിയൻ ഉടുത്തിരുന്ന പഴന്തുണിയുടെ ഏതാനും കഷണങ്ങളാണു് ഇക്കാണുന്നതു്. അടിയൻ ആരെന്നും അടിയന്റെ പൂർവസ്ഥിതി എന്തെന്നും ഇവ എന്നും ഓർമ്മപ്പെടുത്തുന്നു. അടിയനു് ആചാര്യനും ദൈവവും ഈ തുണിത്തുണ്ടുകൾ തന്നെയാണു്. ഇവയെ അടിയൻ കൊട്ടാരത്തിലേയ്ക്കോ കച്ചേരിയിലേയ്ക്കോ പോകുന്നതിനു മുൻപിൽ വന്ദിക്കാറുണ്ടു്. ഇരപ്പാളികളും അടിയനും ഒന്നാണെന്നുള്ള ബോധം ഇവയത്രെ അടിയനു് ഉണ്ടാക്കിത്തരുന്നതു്. ആ ബോധമാണു് അടിയനെ സാധുജനസേവയ്ക്കു് എല്ലായ്പോഴും പ്രേരിപ്പിക്കുന്നതു്"

രാജാവിൻെറ സകല സംശയങ്ങളും നീങ്ങി. അദ്ദേഹം മതിമാനെ മുൻപിലത്തേക്കാൾ അധികം സ്നേഹിക്കുകയും ഏഷണിക്കാരായ ഉദ്യോഗസ്ഥന്മാരെ കഠിനമായി ശിക്ഷിക്കുകയും ചെയ്തു. മതിമാൻെറ കാര്യവിചാരത്തിൽ മണിരഥൻെറ രാജ്യം ഒന്നിനൊന്നു പുഷ്ടി പ്രാപിച്ചു. ദാരിദ്ര്യം നാട്ടുവിട്ടോടി. സന്തോഷവും സമാധാനവും എവിടെയും കളിയാടി.

പാഠം 6.

മോഹനദാസിൻെറ പശ്ചാത്താപം

മഹാത്മജി! എത്ര സുപരിചിതമായ പേരു്! ലോകം മുഴുവൻ സ്നേഹിക്കയും ബഹുമാനിക്കയും ചെയ്യുന്ന പേരാണതു്. അത്യന്തം ബഹുമാനത്തോടും ഭക്തിയോടും കൂടി മാത്രമേ നാം ആ പേരു പറയാവുള്ളു, ഓർമ്മിക്കാവുമുള്ളു. പേരുപോലെതന്നെ നിങ്ങൾക്കു പരിചിതമാണു് അദ്ദേഹത്തിൻെറ രൂപവും. കൊച്ചുകുഞ്ഞുങ്ങളെപ്പോലെ ചിരിച്ചുകൊണ്ടിരിക്കുന്ന ആ മുഖം സ്മരിക്കുന്ന മാത്രയിൽത്തന്നെ നിങ്ങളുടെ മനസ്സിൽ തെളിഞ്ഞു കാണുന്നില്ലേ? നിങ്ങളാരും അദ്ദേഹത്തെ കണ്ടിട്ടില്ലെങ്കിലും ചിത്രങ്ങൾ കണ്ടു കണ്ടു് ആ രൂപം നിങ്ങളുടെ മനസ്സിൽ ദൃഢമായി പതിഞ്ഞിട്ടുണ്ടു്. നിങ്ങളുടെ വീട്ടിലില്ലേ അദ്ദേഹത്തിൻെറ ചിത്രം? നിങ്ങളുടെ വിദ്യാലയത്തിലും കാണും. എന്നല്ല, ഭാരതത്തിലെ മിക്കവാറും എല്ലാ വീടുകളിലും വിദ്യാലയങ്ങളിലും ആഫീസുകളിലും മററു സ്ഥാപനങ്ങ

ളിലും സൂക്ഷിക്കുന്ന ചിത്രമാണതു്. മഹാത്മജിയോടു് നമുക്കുള്ള സ്നേഹത്തിന്റെയും ബഹുമാനത്തിന്റെയും ലക്ഷ്യമല്ലേ ഇതു്?

എന്തുകൊണ്ടാണു് മഹാത്മജിയെ ഇത്രമാത്രം സ്നേഹിക്കയും ബഹുമാനിക്കയും ചെയ്യുന്നതു്? നിങ്ങൾ കേട്ടിരിക്കും, വളരെക്കാലം അദ്ദേഹം പ്രയത്നിച്ചതിന്റെ ഫലമായിട്ടാണു് ഇൻഡ്യയ്ക്കു സ്വാതന്ത്ര്യം ലഭിച്ചതെന്നു്. സൈന്യബലവും ആയുധബലവുമുള്ള ഇംഗ്ലീഷുകാരെ ജയിക്കുവാൻ നിരായുധരായ നമുക്കു സാധിച്ചതു് അദ്ദേഹത്തിന്റെ ഉപദേശമനുസരിച്ചു പ്രവർത്തിച്ചതുകൊണ്ടാണു്. ഇൻഡ്യ സ്വതന്ത്രമാവുന്നതിനുവേണ്ടി മഹാത്മജി വളരെയധികം ക്ലേശങ്ങൾ സഹിച്ചിട്ടുണ്ടു്, വളരെക്കാലം കാരാഗൃഹവാസം അനുഭവിച്ചിട്ടുണ്ടു്. മാതൃഭൂമിയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി ഇത്രത്തോളം ത്യാഗം അനുഷ്ഠിച്ചിട്ടുള്ളവർ അപൂർവമാണു്.

മഹാത്മജിയെ ആരാധിക്കുന്നതിനുള്ള മറെറാരു കാരണം, മനുഷ്യനുണ്ടായിരിക്കേണ്ട സകല സദ്ഗുണങ്ങളും അദ്ദേഹത്തിനുണ്ടായിരുന്നുവെന്നുള്ളതാണു്. സത്യവും അഹിംസയും മുൻനിർത്തിയാണു് അദ്ദേഹം ജീവിച്ചതു്. ആരെയും യാതൊരു തരത്തിലും ഉപദ്രവിക്കരുതെന്നു് അദ്ദേഹത്തിനു നിർബ്ബന്ധമുണ്ടായിരുന്നു. ആ മഹാത്മാവു് സകലരെയും ഒരുപോലെ സ്നേഹിച്ചു. അദ്ദേഹത്തെക്കാൾ ദരിദ്രരെ സ്നേഹിച്ച മറെറാരാൾ ഉണ്ടായിട്ടില്ല. ഇൻഡ്യയിലെ അനവധി ലക്ഷം പാവങ്ങളിൽ ഒരുവനായിട്ടാണു് അദ്ദേഹം ജീവിതം നയിച്ചതു്. അദ്ദേഹം താമസിച്ചിരുന്നതു് ഒരു ചെറിയ കുടിലിലാണു്. പാവങ്ങളെപ്പോലെയാണു വസ്ത്രധാരണം

ചെയ്തിരുന്നതും—കഷ്ടിച്ച മുട്ടുമറയുന്ന ഒരു മുണ്ട്, വല്ലപ്പോഴും ഒരു മേൽമുണ്ടും.

ഇങ്ങനെ ജീവിതസുഖങ്ങളെല്ലാം ത്യജിച്ച് മാതൃഭൂമിക്കുവേണ്ടി ജീവിച്ച മഹാത്മാവാണ് ഗാന്ധിജി. അതുകൊണ്ടാണ് ലോകം മുഴുവൻ അദ്ദേഹത്തെ ബഹുമാനിക്കുന്നതും ആരാധിക്കുന്നതും.

ഇത്ര മഹാനായ ഗാന്ധിജി നമ്മെപ്പോലെയൊക്കെത്തന്നെയാണോ വളർന്നുവന്നത് എന്നറിയാൻ നിങ്ങളിൽ പലർക്കും ആഗ്രഹം കാണും. മോഹനദാസ്—അതാണദ്ദേഹത്തിന്റെ പേര്—നിങ്ങളിൽ പലരെയും പോലെ ഒരു സാധാരണ വിദ്യാർത്ഥിയായിരുന്നു. പഠിത്തത്തിൽ അസാമാന്യമായ സാമർത്ഥ്യമൊന്നും അയാൾ കാണിച്ചിരുന്നില്ല. നിങ്ങളെപ്പോലെ മോഹനദാസും ചെറുപ്പത്തിൽ പല തെറ്റുകളും ചെയ്തിട്ടുണ്ട്. അതിനു കാരണം ഒരു ചീത്തക്കൂട്ടുകെട്ടായിരുന്നു.

മോഹനദാസിന്റെ ജ്യേഷ്ഠന്റെ സഹപാഠിയായി നല്ല ചുണയും കരുത്തുമുള്ള ഒരു വിദ്യാർത്ഥിയുണ്ടായിരുന്നു. ഹെഡ്മാസ്റ്ററുടെ അടി എത്ര ഉഗ്രമായാലും അതെല്ലാം അയാൾ യാതൊരു ഭാവഭേദവുംകൂടാതെ സഹിക്കും. ദുർബലനായ മോഹനദാസിന് അയാളെപ്പറ്റി വലിയ മതിപ്പും സ്നേഹവും തോന്നി. ആ ദുസ്സ്വഭാവിയോടു കൂട്ടുകൂടി നടക്കരുതെന്ന് അമ്മയും ജ്യേഷ്ഠനുമൊക്കെ വിലക്കിയെങ്കിലും കൂട്ടുവിടാൻ മോഹനൻ ഇഷ്ടപ്പെട്ടില്ല. അയാൾക്കു ചില സ്വഭാവദോഷങ്ങൾ ഉണ്ടെന്ന് മോഹനന് അറിയാമായിരുന്നു. പക്ഷെ, തന്റെ സംസർഗ്ഗം

മോഹനദാസ് (പതിന്നാലു വയസ്സ്)

കൊണ്ടു് അയാൾ സത്സ്വഭാവിയായിത്തീരുമെന്നായിരുന്നു ആ ബാലന്റെ വിശ്വാസം. എന്നാൽ സംഭവിച്ചതു് നേരേമറിച്ചായിരുന്നു. ആ സംസർഗ്ഗം മോഹനനെ ചീത്തയാക്കി. അയാൾ മോഹനനെ മാംസം ഭക്ഷിക്കാൻ പ്രേരിപ്പിച്ചു. എന്നാൽ മോഹനൻ എങ്ങനെ മാംസം ഭക്ഷിക്കും? വൈഷ്ണവരാണു് മോഹനന്റെ കുടുംബക്കാർ. അവർ മാംസാഹാരം ഹീനമായിട്ടാണു കരുതി വന്നതു്. അതുകൊണ്ടു് ആദ്യമാദ്യം കൂട്ടുകാരന്റെ പ്രേരണയ്ക്കു് അയാൾ വഴങ്ങിയില്ല. എങ്കിലും വളരെ നാളത്തെ നിരന്തരമായ പ്രേരണയുടെയും ഉപദേശത്തിന്റെയും ഫലമായി ആ ബാലൻ മാംസം ഭക്ഷിച്ചു. നോക്കണേ, കൊള്ളരുതാത്ത കൂട്ടുകെട്ടുകൊണ്ടുണ്ടാകുന്ന തകരാറു്!

നമ്മുടെ മോഹനദാസിൽ കടന്നുകൂടിയ മറെറാരു ദുശ്ശീലം പുകവലിയായിരുന്നു. ഇതും രഹസ്യമായിട്ടാണു നടത്തിവന്നതു്. ഇതിനൊക്കെ പണം വേണമല്ലോ. അതിനു മോഷണമല്ലാതെ മറെറാരു മാർഗ്ഗവും മോഹനനു തോന്നിയില്ല. ആദ്യമാദ്യം വീട്ടിലെ വേലക്കാരിൽ നിന്നും ചില്ലറ നാണയങ്ങൾ മോഷ്ടിച്ചു. ആവശ്യം വർദ്ധിച്ചപ്പോൾ മോഷണവും വർദ്ധിച്ചു. ഒടുവിൽ ജ്യേഷ്ഠന്റെ സ്വർണ്ണവളയിൽനിന്നും ഒരംശം മുറിച്ചെടുത്തു വിൽക്കുവാൻപോലും മോഹനൻ മടിച്ചില്ല!

ഇത്രയുമായപ്പോൾ മോഹനനു പരിഭ്രമമായി. തെററുകളെപ്പററിയുള്ള ചിന്ത മനസ്സിനെ പീഡിപ്പിച്ചുതുടങ്ങി. തെററുകളുടെ ഭയങ്കരതയെപ്പററി കൂടെക്കൂടെ ഓർമ്മിക്കുകയും പശ്ചാത്തപിക്കുകയും ചെയ്തു. ഇതുകൊണ്ടും

വേദന ശമിച്ചില്ല. തെറുകൾ ആവർത്തിക്കുകയില്ലെന്നു് സ്വയം ശപഥംചെയ്തു. അതും മനശ്ശാന്തി നൽകിയില്ല. ഒടുവിൽ, സകല തെററുകളും പിതാവിനെ അറിയിക്കുകയും അദ്ദേഹം നൽകുന്ന ശിക്ഷ അനുഭവിക്കുകയും ചെയ്താലേ മനസ്സമാധാനം ഉണ്ടാകൂ എന്നു് അയാൾക്കു തോന്നി.

എന്നാൽ അച്ഛനോടു നേരിട്ടു് ഇക്കാര്യം പറയാൻ അപരാധിയായ ആ മകനു് ധൈര്യമുണ്ടായില്ല. അതുകൊണ്ടു് തെററുകളെല്ലാം വിശദമായി ഒരു കടലാസിൽ കുറിച്ചു. തെററുകൾക്കു് അതികഠിനമായ ശിക്ഷ നൽകണമെന്ന അപേക്ഷയും ആ കത്തിലുണ്ടായിരുന്നു. തെററുകൾ ആവർത്തിക്കുകയില്ലെന്നുള്ള പ്രതിജ്ഞയോടുകൂടിയാണു് എഴുത്തു് അവസാനിപ്പിച്ചതു്.

ഒരു വിധം ധൈര്യം അവലംബിച്ചുകൊണ്ടു് മകൻ അച്ഛൻെറ കിടക്കമുറിയിൽ എത്തി. അദ്ദേഹം അപ്പോൾ രോഗശയ്യയിൽ ആയിരുന്നു. അച്ഛനെക്കണ്ടപ്പോൾ മോഹനൻെറ ഹൃദയം ദ്രുതമായി തുടിച്ചു തുടങ്ങി. ശരീരമാസകലം വിറച്ചു. സംഭ്രമം വർദ്ധിച്ചു. എങ്ങനെയാണു് അവിടെ നില്ക്കേണ്ടതു് എന്നുപോലും രൂപമില്ലാതായി. കണ്ണുനീർ വാർത്തുകൊണ്ടു്, ഒരു വിധം പണിപ്പെട്ടു് മോഹനൻ ആ കുറിപ്പു് അച്ഛൻെറ കയ്യിൽ കൊടുത്തു. അദ്ദേഹത്തിൻെറ തീരുമാനം അറിയാനുള്ള ഉത്കണ്ഠയോടുകൂടി അവിടെ കുനിഞ്ഞിരുന്നു.

അച്ഛൻ പതുക്കെ എണീററിരുന്നു് എഴുത്തു വായിച്ചു തുടങ്ങി. അദ്ദേഹത്തിൻെറ കണ്ണിൽനിന്നു് മുത്തുമണികൾപോലെ കണ്ണുനീർ ഇററിററു വീണു.

വായിച്ചു തീർന്നപ്പോൾ ആ കടലാസു മുഴുവൻ കുതിർന്നു പോയിരുന്നു. ഒരു നിമിഷനേരം അദ്ദേഹം കണ്ണടച്ച് നിശ്ചലനായിരുന്നു. എന്നിട്ട് ആ കടലാസു ചീന്തി ദൂരെയെറിഞ്ഞു. വിങ്ങിവിങ്ങിക്കരഞ്ഞുകൊണ്ട് അദ്ദേഹം കിടക്കയിലേയ്ക്കു ചരിഞ്ഞു.

സ്നേഹസമ്പന്നനായ അച്ഛൻെറ കണ്ണുനീർ നിറഞ്ഞ കണ്ണുകളും വികാരം കൊണ്ടു തുടുത്ത മുഖവും, മകൻെറ മനസ്സിൽ ദൃഢമായിപ്പതിഞ്ഞു. പ്രിയ പിതാവിൻെറ ഹൃദയം തകർന്നു എന്ന് മകനു തോന്നി. ആ കുട്ടിയുടെ ഹൃദയം തകർന്നു. അയാൾ പൊട്ടിക്കരഞ്ഞു. അങ്ങനെ താൻ ചെയ്ത പാപം മുഴുവൻ കണ്ണുനീരിൽ കഴുകി ഹൃദയം ശുദ്ധമാക്കി.

ഇങ്ങനെ പശ്ചാത്താപംകൊണ്ടു് ഗാന്ധിജി തെററു തിരുത്തി. പിന്നീടൊരിക്കലും അസത്യം പറഞ്ഞിട്ടില്ല, ചെയ്തിട്ടില്ല, ചിന്തിച്ചിട്ടുപോലുമില്ല.

കണ്ടില്ലേ, മഹാത്മജിയും ബാല്യകാലത്ത് സാധാരണ കുട്ടികളെപ്പോലെ തെററുകൾ ചെയ്തു. എന്നാൽ അദ്ദേഹത്തിന് ഒരു പ്രത്യേകതയുണ്ടായിരുന്നു. ഒരു പ്രവൃത്തി തെററാണെന്നു ബോദ്ധ്യമായാൽ അതിനെപ്പററി പശ്ചാത്തപിക്കും; അതു് ആവർത്തിക്കുകയുമില്ല. ഇങ്ങനെ സത്യത്തെ മുൻനിർത്തി പ്രവർത്തിക്കാൻ ബാല്യത്തിൽത്തന്നെ ശ്രമിച്ചതുകൊണ്ടാണ് അദ്ദേഹം ലോകാരാദ്ധ്യനായ ഒരു മഹാനായിത്തീർന്നതു്.

മോഹനദാസിനെപ്പോലെ നിങ്ങളും കുററങ്ങൾ ചെയ്തുപോയേയ്ക്കാം. എന്നാൽ തെററു മനസ്സിലാക്കിയാൽ നിങ്ങൾ പശ്ചാത്തപിക്കാറുണ്ടോ? തെററു തിരുത്താൻ ഹൃദയപൂർവം ശ്രമിക്കാറുണ്ടോ? അങ്ങനെ ചെയ്യേണ്ടതല്ലേ? നിശ്ചയമായും വേണ്ടതാണു്.

സകലരും മഹാത്മജിയെ അനുകരിച്ചിരുന്നെങ്കിൽ!

പാഠം 7

കുട്ടിയും അമ്മയും

(താരാട്ടു്)

കുട്ടി :—ഈ വല്ലിയിൽ നിന്നു ചെമ്മേ—പൂക്കൾ
പോവുന്നിതാ പറന്നമ്മേ!

അമ്മ:—തെററി! നിനക്കുണ്ണി ചൊല്ലാം—നൽപൂ-
മ്പാററകളല്ലേയിതെല്ലാം.

കുട്ടി :—മേൽക്കുമേലിങ്ങിവപൊങ്ങി—വിണ്ണിൽ
നോക്കമ്മേ, യെന്തൊരു ഭംഗി!
അയ്യോ! പോയ്ക്കൂടിക്കളിപ്പാൻ—അമ്മേ!
വയ്യേയെനിക്കു പറപ്പാൻ!

അമ്മ:—ആകാത്തതിങ്ങനെ എണ്ണി—ച്ചുമ്മാ
മാഴ്കൊല്ലായെന്നോമലുണ്ണീ!
പിച്ച നടന്നു കളിപ്പൂ—നീയി-
പ്പിച്ചകമുണ്ടോ നടപ്പൂ?

കുട്ടി :—അമ്മട്ടിലായതെന്തെന്നാൽ?—ഞാനൊ-
രുമ്മതരാമമ്മ ചൊന്നാൽ.

അമ്മ:—നാമിങ്ങറിയുവതല്ലം—എല്ലാ-
മോമനേ, ദേവസങ്കല്പം.

[എൻ. കുമാരനാശാൻ

പാഠം 8

ബുദ്ധിമാനായ ന്യായാധിപതി

പണ്ടു് കലിംഗരാജ്യത്തു് വളരെ ബുദ്ധിശക്തിയുള്ള ഒരു ന്യായാധിപതി ഉണ്ടായിരുന്നു. 'നീതിമാൻ' എന്നായിരുന്നു അദ്ദേഹത്തിൻെറ പേരു്. എത്ര കുഴഞ്ഞ വ്യവഹാരങ്ങളിലും അദ്ദേഹം സത്യം കണ്ടുപിടിച്ചു് വിധി കല്പിച്ചുവന്നു. ജനങ്ങൾ അദ്ദേഹത്തെ മേൽക്കുമേൽ പ്രശംസിച്ചു. അദ്ദേഹത്തിനു് ദിവ്യദൃഷ്ടിയുണ്ടെന്നുപോലും അവർ പറയുവാൻ മടിച്ചില്ല.

അക്കാലത്തു് കലിംഗരാജ്യം ഭരിച്ചിരുന്നതു് 'സത്യവ്രതൻ' എന്നൊരു രാജാവായിരുന്നു. പ്രജകൾ പുകഴ്ത്തുന്നതുപോലുള്ള സാമർത്ഥ്യം നീതിമാനു് ഉണ്ടോ എന്നു തനിക്കുതന്നെ പരീക്ഷിച്ചറിയണമെന്നു് അദ്ദേഹം നിശ്ചയിച്ചു. ഒരിക്കൽ ആ രാജാവു് വിദേശിയായ ഒരു സന്ന്യാസിയുടെ വേഷത്തിൽ തൽക്കാലം കൂലിക്കു വാങ്ങിയ ഒരു കുതിരയുടെ പുറത്തു കയറി ആളറിയാതെ

രാജധാനിക്കു വെളിയിൽ സഞ്ചരിച്ചു. അവിടെ പാതയുടെ അരികിൽ ഒതുങ്ങി മുടന്തനായ ഒരു യാചകൻ, "ഇന്നു് ഉച്ചപ്പട്ടിണിയാകുമേ! ഒരു കാശിട്ടുതരണേ ഉടയ തമ്പുരാന്മാരേ!" എന്നു ദീനസ്വരത്തിൽ നിലവിളിച്ചുകൊണ്ടിരുന്നു.

രാജാവു് ആ നിലവിളികേട്ടു് കുതിരപ്പുറത്തു നിന്നിറങ്ങി അവൻെറ പിച്ചപ്പാളയിൽ ഒരു സ്വർണ്ണ നാണയം ഇട്ടുകൊടുത്തു. അതു കണ്ടു്, "പൊന്നുതമ്പുരാനെ, അടിയനു് നടക്കാൻ കാലില്ലേ; അടിയനെക്കൂടി കുതിരപ്പുറത്തു കയററി കോട്ടയ്ക്കകത്തു് ആൾക്കൂട്ടമുള്ള ഒരു സ്ഥലത്തു കൊണ്ടുചെന്നാക്കണേ! പുണ്യമുണ്ടേ!'' എന്നു് അവൻ വീണ്ടും താണുകേണറിയിച്ചു. "അങ്ങനെ

യാവട്ടെ" എന്നു പറഞ്ഞു് രാജാവ് അവനെയും കുതിരപ്പുറത്തുകയററി കോട്ടയ്ക്കകത്തു് നാല്ക്കവലയിൽ എത്തി.

രാജാവു യാചകനോട്, "നിനക്കു് ഇവിടെ ഇറങ്ങാം" എന്നു പറഞ്ഞു. യാചകൻ തിരിഞ്ഞു് ആശ്ചര്യവും കോപവും നടിച്ചുകൊണ്ടു് "എടാ കള്ളാ! എന്റെ കുതിരപ്പുറത്തു ഞാൻ നിന്നെ കയററിക്കൊണ്ടു വന്നതിനുള്ള കൂലി എവിടെ? അതു വച്ചിട്ട് ഇറങ്ങി മറയത്തു പോ. കൊള്ളാം! ഉടയനെ പിടിച്ചുകെട്ടുന്ന കാലം! ഞാൻ വിലകൊടുത്തു വാങ്ങിയ കുതിര എങ്ങനെ നിന്റേതായി? ഭജനംമൂത്തു് ഊരാണ്മയോ" എന്നു് അട്ടഹസിച്ചു.

രാജാവിനു് ഇതു കേട്ടപ്പോൾ എന്തെന്നില്ലാത്ത അദ്ഭുതം തോന്നി. നീതിമാന്റെ ബുദ്ധികൗശലം പരിശോധിക്കുവാൻ ഈ സംഭവം പ്രയോജനപ്പെടുത്തണമെന്നു് അദ്ദേഹം നിശ്ചയിച്ചുറച്ചു.

സന്ന്യാസി കുതിരപ്പുറത്തുനിന്നിറങ്ങി നേരെ പോലീസിൽ പരാതിബോധിപ്പിച്ചു. അവർ യാചകനെ തിരക്കിപ്പിടിച്ചു. നല്ല സമ്പത്തുള്ള ഒരു യുവാവിന്റെ വേഷത്തിലായിരുന്നു അപ്പോൾ ആ യാചകൻ. അയാളെയും സന്ന്യാസിയെയും കുതിരയെയും പോലീസുകാർ കോടതിയിൽ ഹാജരാക്കി.

ആ സമയം കോടതിയിൽ വേറെയും കക്ഷികൾ നിൽക്കുന്നുണ്ടായിരുന്നു. ഒരു എണ്ണക്കച്ചവടക്കാരനും ഒരു ഇറച്ചിക്കച്ചവടക്കാരനുമായിരുന്നു ഒരു കേസിലെ കക്ഷികൾ. എണ്ണക്കച്ചവടക്കാരന്റെ കൈയിൽ മൂന്നു വരാഹന്റെ ചെമ്പുതുട്ടുകൾ ഉണ്ടായിരുന്നു. ആ

നാണയങ്ങൾ അന്നു് താൻ എണ്ണവിററു സമ്പാദിച്ച താണെന്നു് അയാളും, അല്ല, തന്റെ കൈയിൽനിന്നു വഴിക്കുവച്ചു് അപഹരിച്ചതാണെന്നു മറേറയാളും വാദിച്ചു. നാണയങ്ങൾ കൈവശം വച്ചുകൊണ്ടു് നീതിമാൻ കക്ഷികളോടു് അടുത്തദിവസം കോടതിയിൽ വരുവാൻ ആജ്ഞാപിച്ചു.

അനന്തരം ന്യായാധിപൻ സന്ന്യാസിയുടെ കേസു് വിചാരണയ്ക്കെടുത്തു.

സന്ന്യാസി പറഞ്ഞു:—"ഇവൻ മുടന്തനാണു്; ഒരു യാചകന്റെ വേഷത്തിൽ കോട്ടയ്ക്കു വെളിയിൽ പിച്ചതെണ്ടിക്കൊണ്ടിരുന്നു; ഞാൻ ഒരു സ്വർണ്ണ നാണയംകൊടുത്തു; ആൾക്കൂട്ടമുള്ള ഒരു സ്ഥലത്തു കൊണ്ടുചെന്നാക്കണം എന്നു് അപേക്ഷിച്ചതിനാൽ അങ്ങനെയുംചെയ്തു; അപ്പോഴാണു് ഇവൻ തിരിഞ്ഞു കയറി കുതിര അവന്റേതാണെന്നു തർക്കിച്ചതു്."

പ്രതിവാദി ബോധിപ്പിച്ചു:—"യജമാനനേ, ഇവൻ പറയുന്നതു മുഴുവൻ പച്ചക്കള്ളമത്രേ. ഞാൻ മുടന്തനല്ല. ഇവിടെനിന്നു് ഒരു നാഴിക വേണമെങ്കിലും ഈ നിമിഷത്തിൽ ഓടാം. ഞാൻ പിച്ചക്കാരനല്ല. ഇതാ എന്റെ കൈയിൽ ഇപ്പോൾത്തന്നെ ഇരുപതു വരാഹനുണ്ടു്." മടിശ്ശീല അഴിച്ചു് ആ നാണയങ്ങൾ കാണിച്ചുകൊണ്ടു് അവൻ വീണ്ടും അറിയിച്ചു:—"എന്നെ കണ്ടാൽ ഒരു യാചകനാണെന്നു തോന്നുമോ? ഇവനല്ലേ യാചകൻ? ഇവനു് കുതിര വാങ്ങാൻ മുതലെവിടെ?"

രാജാവു് തന്റെ പുതിയ ചങ്ങാതിയുടെ കപടതന്ത്രം കണ്ടു് ആശ്ചര്യപ്പെട്ടു. വാസ്തവത്തിൽ അവൻ പിച്ച ക്കാരനോ മുടന്തനോ അല്ലെന്നും പലരെയും പററിക്കുന്ന

ഒരു വഞ്ചകനാണെന്നും അപ്പോഴാണ് അദ്ദേഹത്തിന്റെ മനസ്സിലായതു്. ന്യായാധിപൻ കുറേനേരം ആലോചിച്ചശേഷം ആ കുതിരയുടെ തരത്തിലും നിറത്തിലുമുള്ള നാലു കുതിരകളെ കോടതിയിൽ കൊണ്ടുവരുവാൻ ശിപായിമാർക്കു് ഉത്തരവുകൊടുത്തു. അവർ അങ്ങനെ ചെയ്തു. അദ്ദേഹം വാദത്തിൽപ്പെട്ട കുതിരയെ അവയുടെ

ഇടയിൽ നിർത്തിയിട്ടു് സന്യാസിയെയും എതിർകക്ഷിയേയും വിളിച്ചുവരുത്തി, അയാളുടെ കുതിരയെ തൊട്ടു കാണിക്കുവാൻ ആജ്ഞാപിച്ചു. രണ്ടുപേരും ആ പരീക്ഷയിൽ ജയിച്ചു. അവരോടു പിറേറന്നാൾ കോടതിയിൽ ഹാജരാകാൻ നീതിമാൻ ചട്ടംകെട്ടി.

അടുത്തദിവസം കോടതികൂടിയപ്പോൾ ചെമ്പു തുട്ടുകൾക്കു് അവകാശി ഇരുമ്പുകച്ചവടക്കാരനാണെന്നും, കുതിര സന്ന്യാസിയുടെ വകയാണെന്നും ന്യായാധിപൻ വിധിച്ചു.

സന്ന്യാസി നീതിമാനോടു രഹസ്യമായി ഒരു സംഗതി അറിയിക്കാനുണ്ടെന്നു പറഞ്ഞു. നീതിമാൻ ഉടൻതന്നെ അതിന്നു് അനുമതി നല്കി. രണ്ടുപേരും തനിച്ചായപ്പോൾ സന്ന്യാസി, താൻ ആരാണെന്നു് ന്യായാധിപനെ ധരിപ്പിച്ചു. ന്യായാധിപൻ വേണ്ട വിധത്തിൽ ആദ്ദേഹത്തെ ഉപചരിച്ചു.

ആ കേസുകളിൽ ന്യായാധിപൻ എങ്ങനെയാണു സത്യം കണ്ടുപിടിച്ചതു് എന്നു് രാജാവു ചോദിച്ചു. നീതിമാൻ അറിയിച്ചു, "സ്വാമിൻ, ചെമ്പുതുട്ടുകൾ വെള്ളത്തിലിട്ടു കഴുകിനോക്കി. അവയിൽ ഒട്ടും തന്നെ എണ്ണമയം ഉണ്ടായിരുന്നില്ല. എണ്ണക്കച്ചവടക്കാരൻ പറഞ്ഞതുപോലെ എണ്ണവിററുകിട്ടിയ നാണയങ്ങളാണെങ്കിൽ അവയിൽ അല്പമെങ്കിലും മെഴുക്കു പുരണ്ടിരിക്കുവാൻ ഇടയുണ്ടായിരുന്നു. അതുകൊണ്ടു് ചെമ്പുതുട്ടുകൾ ഇരുമ്പുകച്ചവടക്കാരന്റേതാണെന്നു നിശ്ചയിച്ചു. കുതിരയുടെ സംഗതിയിൽ, രണ്ടുപേരും അതിനെ ചൂണ്ടിക്കാണിച്ചുവെങ്കിലും തിരുമേനി അടുത്തുചെന്നപ്പോൾ അതു് നോട്ടംകൊണ്ടും ശബ്ദംകൊണ്ടും അവിടത്തെ നേർക്കുള്ള കൃതജ്ഞത പ്രകടിപ്പിച്ചു. കള്ളൻ കൈകൊണ്ടു തൊട്ടപ്പോൾ അതു് യാതൊരു ഭാവഭേദവും പ്രദർശിപ്പിച്ചില്ല. അതിനാൽ കുതിര അവിടുത്തേതാണെന്നു് ഞാൻ തീരുമാനിച്ചു.

രാജാവ്:—ഞാൻ ഇന്നു കാലത്തു് ആ കുതിരയ്ക്കു് പുല്ലും വെള്ളവും എന്റെ കൈകൊണ്ടു കൊടുത്തു. അതിനു മുൻപും വേഷം മാറിപ്പോകുമ്പോൾ അതി ന്മേൽ കയറി സഞ്ചരിക്കുകയും അതിനു തീററി കൊടുക്കുകയും ചെയ്തിട്ടുണ്ടു്. അതിന്റെ നന്ദി യാണു് ആ അവസരത്തിൽ കാണിച്ചതു്. ഞാൻ കുതിരയുടെ ആ ഭാവഭേദം അത്ര സൂക്ഷിച്ചു നോക്കി യില്ല. ആകട്ടെ, സന്ന്യാസി ആരെന്നു് ആദ്യം മനസ്സിലായോ?

ന്യായാ:—ആയില്ലെന്നില്ല. തിരുമേനിക്കു സഹജങ്ങളാ യുള്ള ചില ക്ഷത്രിയഗുണങ്ങൾ എത്ര മറച്ചാലും മുഖത്തു് സ്ഫുരിക്കുക തന്നെ ചെയ്യും. പക്ഷേ ഒരു സന്ന്യാസിയാണു് എന്റെ മുൻപിൽ വന്ന ആവലാതിക്കാരൻ. അതേ നിലയിൽ ആ കക്ഷിക്കു വിധി നൽകേണ്ടതാണു് എന്റെ ധർമ്മം. ഞാൻ അതു യഥാശക്തി അനുഷ്ഠിക്കുകയും ചെയ്തു. രാജഭക്തി നീതിനിഷ്ഠയെ കീഴ്പ്പെടുത്താതിരി ക്കേണ്ടതു് ആവശ്യമാകയാൽ ആ കാര്യത്തെപ്പററി അരനിമിഷത്തിലധികം ചിന്തിക്കുവാൻ ഞാൻ ഒരുമ്പെട്ടില്ല.

രാജാവു് ന്യായാധിപതിയുടെ ബുദ്ധിശക്തിയും നീതിനിഷ്ഠയും കണ്ടു് അദ്ദേഹത്തിനു് വിലപിടിച്ച പല സമ്മാനങ്ങളും കൊടുത്തു.

പാഠം 9

കുചേലസത്കാരം

[ശ്രീകൃഷ്ണനും കുചേലനും ചെറുപ്പത്തിൽ സാന്ദീപനി മഹർഷിയുടെ ശിഷ്യന്മാരായിരുന്നു. അവിടെ നിന്നു പിരിഞ്ഞതിനുശേഷം വളരെക്കാലം തമ്മിൽ കാണ്മാൻ അവർക്കു് തരപ്പെട്ടില്ല. ഇതിനിടയ്ക്കു് വിവാഹത്തിൽ ഏർപ്പെട്ടിരുന്ന കുചേലൻ ഭാര്യാപുത്രാദികളോടുകൂടി അരിഷ്ടിച്ച് ജീവിക്കുകയായിരുന്നു. ദ്വാരകയിലായിരുന്നു ശ്രീകൃഷ്ണന്റെ വാസം. ഒരു ദിവസം പത്നിയുടെ അഭീഷ്ടമനുസരിച്ച് ദരിദ്രനായ കുചേലൻ കൃഷ്ണനെ കാണ്മാൻ ദ്വാരകയിലേയ്ക്കു പുറപ്പെട്ടു. ദാരിദ്ര്യശമനത്തിനു വല്ല വഴിയും ഉണ്ടാകുമെന്നായിരുന്നു കുചേലപത്നിയുടെ വിചാരം. ഭക്തനായ കുചേലൻ ദ്വാരകാപട്ടണത്തിലെത്തുന്നതും ഭഗവാൻ സൽക്കരിക്കുന്നതും മററും ഈ പാഠത്തിൽ ഹൃദയസ്പൃക്കായി വർണ്ണിച്ചിരിക്കുന്നു. സതീർത്ഥ്യസ്നേഹത്തിനു് ഇതിലും ശ്രേഷ്ഠമായ ഒരു ചരിത്രം കാണ്മാൻ കഴിയുകയില്ല. രാമപുരത്തുവാര്യർ എന്ന കവിപ്രവരന്റെ കുചേലവൃത്തം വഞ്ചിപ്പാട്ടിൽ നിന്നാണു് ഈ പാഠം എടുത്തിരിക്കുന്നതു്.]

ആഴിമകളുമൊരുമിച്ചൊരു കട്ടിന്മേലന്നേര-
മേഴാം മാളികമുകളിലിരുന്നരുളും

ഏഴുരണ്ടുലകുവാഴിയായ തമ്പുരാനെത്രയും
താഴെത്തന്റെ വയസ്യനെ ദൂരത്തുകണ്ടു.

കണ്ടാലെത്ര കഷ്ടമെത്രയും മുഷിഞ്ഞ ജീർണ്ണവസ്ത്രം
കൊണ്ടുതററുടുത്തിട്ടുത്തരീയവുമിട്ടു,

മുണ്ടിൽ പൊതിഞ്ഞ പൊതിയും മുഖ്യമായ പുസ്തകവും
രണ്ടുംകൂടെ കക്ഷത്തിങ്കലിടുക്കിക്കൊണ്ട്
ഭദ്രമായ ഭസ്മവും ധരിച്ചു നമസ്കാരകിണ
മുദ്രയും മുഖരമായ പൊളിക്കുടയും
രുദ്രാക്ഷമാലയുമേന്തി, നാമകീർത്തനവും ചെയ്തു
ചിദ്രൂപത്തിങ്കലുറച്ചു ചെഞ്ചെമ്മേ ചെല്ലും
അന്തണനെക്കണ്ടിട്ടു സന്തോഷം കൊണ്ടോ തസ്യ ദൈന്യം
ചിന്തിച്ചിട്ടുള്ളിലുണ്ടായ സന്താപം കൊണ്ടോ,
എന്തുകൊണ്ടോ ശൌരി കണ്ണുനീരണിഞ്ഞു, ധീരനായ
ചെന്താമരക്കണ്ണനുണ്ടോ കരഞ്ഞിട്ടുള്ളൂ!
പള്ളിമഞ്ചത്തിന്നുവെക്കമുത്ഥാനം ചെയ്തിരുപക്ക-
മുള്ള പരിജനത്തോടും കൂടി മുകുന്ദൻ
ഉള്ളഴിഞ്ഞു താഴത്തെഴുന്നള്ളി പൌരവരന്മാരും
വെള്ളം പോലെ ചുററും വന്നു വന്ദിച്ചു നിന്നു.
പാരാവാരകല്പപരിവാരത്തോടുകൂടി ബ്ഭക്ത-
പരായണനായ നാരായണനാശ്ചര്യം!
പാരാതെ ചെന്നെതിരേററു കുചേലനെ; ദീനദയാ-
പാരവശ്യമേവം മററാരീശ്വരനുണ്ടോ?
മാറാത്ത വിയർപ്പുവെള്ളം കൊണ്ടു നാറും സതീർത്ഥ്യനെ
മാറത്തുണ്മയോടുചേർത്തു ഗാഢം പുണർന്നു;
കൂറുമൂലം തൃക്കൈക്കൊണ്ടു കൈ പിടിച്ചുകൊണ്ടുപരി
കേറിക്കൊണ്ടു ലക്ഷ്മീതല്പത്തിന്മേലിരുത്തി;
പള്ളിപ്പാണികളെക്കൊണ്ടു പാദം കഴുകിച്ചു പരൻ
ഭള്ളൊഴിഞ്ഞു ഭഗവതി വെള്ളമൊഴിച്ചു;

ത്തുള്ളിയും പാഴിൽ പോകാതെ പാത്രങ്ങളിലേററുതീർത്ഥ
മുള്ളതുകൊണ്ടു തന്നിക്കുമാർക്കും തളിച്ചു.
നന്ദനും വസുദേവർക്കും യശോദയ്ക്കും ദേവകിയ്ക്കും
നന്ദനനാം മുകുന്ദൻതൻ ഭക്തനെന്നതാണേ
ചന്ദനവും പൂശിപ്പിച്ചു പൂജിച്ചു പോലിതഥം ഹരി-
ചന്ദനകുസുമധൂമദീപാദികളാൽ.
ഭർത്തുഭാവമറിഞ്ഞിട്ടു ലക്ഷ്മീഭഗവതി താനും
ഭദ്രമായ താലവൃന്തമെടുത്തു ചെമ്മേ,
ഭക്തനാമതിഥിക്കധ്വശ്രമം കളയുവാൻ വാസു
ഭദ്രനോടുക്കൂടിനിന്നു വീശിത്തുടങ്ങി.

[രാമപുരത്തു വാര്യർ:

പാഠം 10

എഴുത്തച്ഛൻ

രാമായണം കിളിപ്പാട്ട് എന്ന മലയാളഗ്രന്ഥത്തെ പററി കേൾക്കാത്തവർ അധികം ഉണ്ടായിരിക്കയില്ല. കുടിൽതൊട്ടു കൊട്ടാരംവരെ പ്രചരിക്കുന്ന ഗ്രന്ഥമാണിതു്. പുരുഷരത്നമായ ശ്രീരാമന്റെയും ഉത്തമസ്ത്രീയായ സീതയുടെയും കഥയാണു് ഇതിന്റെ ഉള്ളടക്കം. വാല്മീകി മഹർഷിയാണു് ഈ കഥ ആദ്യം സംസ്കൃതത്തിൽ കവിതയാക്കി നിർമ്മിച്ചതു്. അദ്ദേഹത്തെ ആദികവി എന്നു പറഞ്ഞുവരുന്നു. പിന്നീടു് വ്യാസമഹർഷി ഇതു് ഒന്നു പരിഷ്കരിച്ചു. ആ ഗ്രന്ഥമാണു് അദ്ധ്യാത്മരാമായണം. അതിനെ സംസ്കൃതപരിചയം

കുറഞ്ഞ മലയാളികൾക്കു വേണ്ടി ഒരു കേരളീയൻ വളരെ ചുരുക്കി മലയാളത്തിലേയ്ക്കു് തർജ്ജമചെയ്തു. ആ മഹാനാണു് 'തുഞ്ചത്തു് എഴുത്തച്ഛൻ'.

രാമായണത്തിനു പുറമേ ഭാരതം, ഭാഗവതം എന്നു രണ്ടു മഹാഗ്രന്ഥങ്ങൾകൂടി എഴുത്തച്ഛൻ മലയാളഭാഷയ്ക്കു സമ്മാനിച്ചിട്ടുണ്ടു്. ഭാഗവതത്തിലെ ഏതാനും ചില ഭാഗങ്ങൾ നിർമ്മിക്കുന്നതിൽ എഴുത്തച്ഛൻെറ ശിഷ്യന്മാരും സഹകരിച്ചിട്ടുള്ളതായി ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. എന്നാൽ രാമായണത്തിലും ഭാരതത്തിലും ആദ്യന്തം എഴുത്തച്ഛൻെറ കൈവിളയാട്ടംതന്നെ കാണ്മാൻ കഴിയും. ഈ ഗ്രന്ഥങ്ങൾ കൂടാതെ ഹരിനാമകീർത്തനം, ദേവീമാഹാത്മ്യം, ചിന്താരത്നം, ഇരുപത്തിനാലുവൃത്തം മുതലായ വിശിഷ്ടങ്ങളായ ചില ലഘുഗ്രന്ഥങ്ങളും എഴുത്തച്ഛൻ നിർമ്മിച്ചതാണെന്നാണു് പലരും വിശ്വസിച്ചു പോരുന്നതു്.

കേരളീയരിൽ ഈശ്വരഭക്തിയും സന്മാർഗ്ഗബോധവും ഉറപ്പിക്കണമെന്നുള്ളതായിരുന്നു എഴുത്തച്ഛൻെറ പ്രധാന ലക്ഷ്യം. ഈ ഉദ്ദേശ്യം സാധിക്കാൻ അദ്ദേഹത്തിൻെറ ഗ്രന്ഥങ്ങൾക്കുള്ള ശക്തി നിസ്സീമമാണു്. എഴുത്തച്ഛനെ കേരളീയരുടെ ഗുരുവായിട്ടാണു് ജനങ്ങൾ ആദരിച്ചു പോരുന്നതു്. മലയാളഭാഷയുള്ള കാലത്തോളം ഈ മഹാപദവി നിലനിൽക്കുകയും ചെയ്യും. പുരുഷന്മാർക്കും സ്ത്രീകൾക്കും വിശിഷ്ടങ്ങളായ അനേകം ഗുണപാഠങ്ങൾ രാമായണാദി ഗ്രന്ഥങ്ങളിൽ നിന്നും ഗ്രഹിക്കാൻ സാധിക്കുമെന്നു് നിസ്സംശയം പ്രസ്താവിക്കാം.

എഴുത്തച്ഛനെ സംബന്ധിച്ച് പല കഥകളും പഴമക്കാർ പറയാറുണ്ട്. അദ്ദേഹത്തിൻെറ ബാല്യകാലത്ത് നമ്പൂരിമാർ ക്ഷേത്രത്തിലിരുന്നു വേദം ചൊല്ലുമ്പോൾ അവരുടെ തെററുകൾ കേട്ട് "കാട്, കാട്" എന്ന് അദ്ദേഹം പറഞ്ഞുവെന്നും, അസൂയാകുലരായ നമ്പൂരിമാർ അദ്ദേഹത്തിന് മദ്യം ജപിച്ചുകൊടുത്ത് മദ്യപാനിയാക്കിത്തീർത്തു എന്നുമാണ് ഒരൈതിഹ്യം. എഴുത്തച്ഛൻ അമ്പലപ്പുഴ രാജാവിൻെറ കൊട്ടാരത്തിൽ താമസിക്കുമ്പോൾ രാജാവിൻെറ കല്പനപ്രകാരമാണ് അദ്ധ്യാത്മരാമായണം നിർമ്മിച്ചതെന്ന് മറെറാരു ഐതിഹ്യവുമുണ്ട്. ഈ കഥകളൊന്നുംതന്നെ വിശ്വാസയോഗ്യമായി കരുതാവുന്നതല്ല.

എഴുത്തച്ഛൻ രാമായണമെഴുതിയത് കിളിപ്പാട്ടുരീതിയിലാണ്. ഗാഥ, വഞ്ചിപ്പാട്ട്, തുള്ളൽപ്പാട്ട് മുതലായതുപോലെ ഒരു പ്രത്യേക ഗാനരീതിയിലുള്ള കവിതയാണ് കിളിപ്പാട്ട്. കിളിയുടെ നാദം മധുരമാണല്ലോ. അതുപോലെതന്നെയാണ് എഴുത്തച്ഛൻെറ ഗാനവും. ജനങ്ങളെ ആനന്ദിപ്പിക്കുവാൻ കഴിവുള്ള ഈ ഗാനകവിതയ്ക്ക് കിളിപ്പാട്ട് എന്ന പേർ വളരെ യോജിക്കുന്നുണ്ട്. പോരെങ്കിൽ, ഒരു കിളിയെക്കൊണ്ടു പാടിക്കുന്ന രീതിയിലാണ് എഴുത്തച്ഛൻെറ മിക്ക കവിതകളും ആരംഭിക്കുന്നത്.

അദ്ധ്യാത്മരാമായണം ആരണ്യകാണ്ഡത്തിൽ പറയുന്നതു നോക്കുക:—

"ശ്രീരാമചരിതങ്ങളതിലും വിശേഷിച്ച
സാരമായൊരു മുക്തിസാധനം രസായനം
ഭാരതീഗുണം തവ പരമാമൃതമല്ലോ
പാരാതെ പറകെന്നു കേട്ടു പൈങ്കിളിചൊന്നാൽ"

ഭാരതവും ഭാഗവതവും കിളിപ്പാട്ടു മട്ടിൽത്തന്നെ രചിക്കപ്പെട്ടിരിക്കുന്നു. രാഗത്തിൽ കിളിപ്പാട്ടു വായിക്കുമ്പോളുണ്ടാകുന്ന പരമസൗഖ്യം അനുഭവിച്ചുതന്നെ അറിയണം.

മലബാർ ജില്ലയിൽ പൊന്നാനിത്താലൂക്കിൽ തൃക്കണ്ടിയൂർ ശിവക്ഷേത്രത്തിനടുത്തുള്ള "തുഞ്ചൻ പറമ്പ്" എന്ന സ്ഥലത്തായിരുന്നു എഴുത്തച്ഛൻെറ ഭവനം. അദ്ദേഹം ജനിച്ചതു് ഏതാണ്ടിലാണെന്നോ, പേരെന്താണെന്നോ, മാതാപിതാക്കന്മാരും ഗുരുക്കന്മാരും ആരെല്ലാമായിരുന്നുവെന്നോ, അദ്ദേഹം എത്ര വയസ്സു വരെ ജീവിച്ചിരുന്നുവെന്നോ, ഒന്നും തീർച്ചപ്പെടുത്തി പ്പറയാൻ നിവൃത്തിയില്ല. പണ്ഡിതന്മാരുടെ അന്വേഷണഫലമായി, ഏകദേശം നാനൂറു വർഷങ്ങൾക്കു മുമ്പാണു് അദ്ദേഹം ജീവിച്ചിരുന്നതെന്നു് ഏറെക്കുറെ തെളിഞ്ഞിട്ടുണ്ടു്.

യൗവനകാലത്തു് അദ്ദേഹം കുട്ടികളെ പഠിപ്പിച്ചിരുന്നതുകൊണ്ടായിരിക്കണം എഴുത്താശാൻ അഥവാ 'എഴുത്തച്ഛൻ' എന്ന പേർ സിദ്ധിച്ചതു്. തുഞ്ചൻ പറമ്പിലെ മണൽ ഉപയോഗിച്ചാണു് സമീപവാസികൾ ഇപ്പോഴും കുട്ടികളെ എഴുത്തു തുടങ്ങിക്കാറുള്ളതു്.

സംസ്കൃതം, തമിഴ്, തെലുങ്ക് മുതലായ ഭാഷകളിലും എഴുത്തച്ഛൻ പാണ്ഡിത്യം സമ്പാദിച്ചിരുന്നു.

ദൈവഭക്തി, ഗുരുഭക്തി, പിതൃഭക്തി മുതലായ ഗുണങ്ങൾക്കെല്ലാം വിളഭൂമിയായ രാമായണാദി ഗ്രന്ഥങ്ങൾ വായിച്ചു പഠിക്കേണ്ടതു് കേരളീയരുടെ കർത്തവ്യമാണു്. ഒരു മഹാഗുരു, മഹാഭക്തൻ, മഹാകവി എന്നീ നിലകളിലെല്ലാം എഴുത്തച്ഛൻ മലയാളികളുടെ നിത്യപൂജയ്ക്കു പാത്രീഭൂതനാണു്.

"സാനന്ദരൂപം സകലപ്രബോധ-
മാനന്ദദാനാമൃത പാരിജാതം
മനുഷ്യപത്മേഷു രവിസ്വരൂപം
പ്രണൌമി തുഞ്ചത്തെഴുമാര്യപാദം."

പാഠം 11

ധീരവനിത

രംഗം 1

[ചിറവൂർ ദുർഗ്ഗത്തിന്റെ മുൻഭാഗത്തുള്ള
സമതലത്തിലെ കൂടാരം]

അല്ലാവുദ്ദീൻ:—ഈ ചിറവൂർകോട്ട ഉപരോധിക്കാൻ തുടങ്ങിയിട്ടു് ഇന്നു പന്ത്രണ്ടു വർഷമായി; ഇല്ലേ?

സേനാനായകൻ:—കല്പന.

അല്ലാ:—ഇങ്ങനെ തുടർന്നാൽ എന്നാണു് ഒരവസാനം?

സേനാ:—ഈ അവിശ്വാസികളെ ചതിവിൽ തോല്പിക്കണമെന്നാണു് എന്റെ അഭിപ്രായം.

അല്ലാ:—എന്താണ് അതിനു മാർഗ്ഗം?

സേനാ:—ഭീമസിംഹനെ കൗശലത്തിൽ തടവുകാരനാക്കണം. എന്നിട്ട് അദ്ദേഹത്തിൻെറ പത്മിനീദേവിയേയും ബന്ധിച്ചു കൊണ്ടുപോകാം.

അല്ലാ:—ഭീമസിംഹനെ എങ്ങനെ തടവുകാരനാക്കാമെന്നാണ് നിങ്ങൾ വിചാരിക്കുന്നതു്?

സേനാ:—അതിനു് എളുപ്പവിദ്യയുണ്ടു്. ഉപരോധം തുടങ്ങിയിട്ടു് വളരെക്കാലമായതിനാൽ തിരുമനസ്സിൽനിന്നും തിരിച്ചു ഡെൽഹിക്കു പോകാൻ നിശ്ചയിച്ചിരിക്കുന്നതായി പ്രഖ്യാപനം ചെയ്യണം. അനന്തരം കണ്ടു യാത്രചോദിച്ചിട്ടു പോകാൻ ആഗ്രഹമുണ്ടെന്നു് ഭീമസിംഹനെ അറിയിക്കണം.

അല്ലാ:—നേരിട്ടുകാണാൻ ഇടവന്നാൽ പിന്നെയുള്ളകാര്യം എളുപ്പമാണ്. എന്നാൽ അതിനു റാണാ സമ്മതിക്കുമോ എന്നാണ് എൻെറ സംശയം.

സേനാ.—തീർച്ചയായും. ഇപ്പോൾ തന്നെ ഭീമസിംഹൻെറ അടുക്കലേയ്ക്കു ദൂതനെ അയയ്ക്കാം. ഉടനേ തിരുമനസ്സിലേ സന്ദേശം അറിയിച്ചിട്ടു് മറുപടി കൊണ്ടുവരും.

അല്ലാ:—ആരവിടെ?

(ഒരു ഭടൻ പ്രവേശിച്ചു് താണു സലാം ചെയ്തു നിൽക്കുന്നു)

അല്ലാ:—താൻ പോയി ഭീമസിംഹനെ കാണണം. ഇനി ഉപരോധം നിറുത്തി നാം ഡെൽഹിയിലേയ്ക്കു മടങ്ങുകയാണ് എന്നറിയിക്കണം. ഇത്രനാളും

പൌരുഷത്തോടെ എതിർത്തുനിന്ന മഹാറാണയോട് നമുക്കു പ്രത്യേകം ബഹുമാനം ഉണ്ടെന്നും പറയണം. അതിനാൽ പോകുന്നതിനു മുൻപ് അദ്ദേഹത്തെ കണ്ടു യാത്രചോദിക്കാൻ നമുക്കു ആഗ്രഹമുള്ളതായി അറിയിക്കുക. മറുപടി ഉടൻ കിട്ടിയാൽ കൊള്ളാമെന്നു നമുക്കു താത്പര്യമുണ്ടെന്നും ധരിപ്പിക്കുക.

(ഭടൻ പോകുന്നു.)

രംഗം 2

[അല്ലാവുദ്ദീന്റെ കൂടാരം. ഭീമസിംഹന്റെ അടുക്കൽ പോയിരുന്ന ഭടൻ പ്രവേശിക്കുന്നു.]

ഭടൻ:—(താണു സലാംചെയ്തുകൊണ്ട്) കല്പനപോലെ അടിയൻ മഹാറാണയോട് തിരുമനസ്സിലെ സന്ദേശം ഉണർത്തിച്ചു.

അല്ലാ:—എന്നിട്ട്?

ഭട:—തിരുമനസ്സിൽനിന്നു ഉപരോധം നിറുത്തി എന്നറിഞ്ഞു് രജപുത്രന്മാർ ആഹ്ലാദിക്കുകയാണു്.

അല്ലാ:—(അക്ഷമയോടെ) റാണാ എന്തു പറഞ്ഞു എന്നാണു ചോദിച്ചതു്?

ഭടൻ:— തിരുമനസ്സിൽനിന്നും കോട്ടയിൽ ചെന്ന് റാണയുടെ സത്കാരം സ്വീകരിക്കണമെന്നാണു്

അദ്ദേഹത്തിൻെറ ആഗ്രഹം. ഇന്നു വൈകുന്നേരം തന്നെ ചെല്ലണമെന്നും അദ്ദേഹത്തിനു് അപേക്ഷയുണ്ടു്.

അല്ലാ:—(ഉത്കണ്ഠയോടെ) അങ്ങനെയോ? അതു് നമുക്കും സന്തോഷമുള്ള കാര്യംതന്നെ.

(ഭടൻ സലാംചെയ്തു പോകുന്നു. സേനാനായകൻ പ്രവേശിക്കുന്നു.)

സേനാ:—(താണു സലാംചെയ്തുകൊണ്ടു്) തിരുമേനി ജയിച്ചാലും.

അല്ലാ:—വിശേഷമറിഞ്ഞില്ലേ?

സേനാ:—അടിയൻ അറിഞ്ഞില്ല.

അല്ലാ:—റാണാ നമ്മെ സത്കരിക്കാൻ നിശ്ചയിച്ചിരിക്കയാണു്. നാം കോട്ടയിൽചെന്നു് സത്കാരം സ്വീകരിക്കാമെന്നേററു. ആ വിവരം അറിയിക്കുവാൻ ഭടൻ അങ്ങോട്ടു പോയിരിക്കുകയാണു്. ഇപ്പോൾത്തന്നെ നമുക്കു പുറപ്പെടേണ്ടിവരും. യാത്ര പറയുമ്പോൾ റാണയ്ക്കു് ഒരു നല്ല സമ്മാനം കൊടുക്കണമെന്നു് നാം വിചാരിക്കുന്നു. ഒരു നല്ല മുത്തുമാലതന്നെ ആകട്ടെ. സേനാനായകൻ അതുക്കൂടെ കരുതിക്കൊള്ളണം. വേഗം തയ്യാറാവുകതന്നെ.

സേനാ:—കല്പനപോലെ.

(എല്ലാവരും പോകുന്നു)

രംഗം 3

[ചിറവൂർ കോട്ടവാതിൽ. മഹാറാണയൊരുമിച്ച് അല്ലാവുദ്ദീൻ കോട്ടയിൽനിന്നു് ഇറങ്ങിവന്നു വാതുക്കൽ നില്ക്കുന്നു. അല്ലാവുദ്ദീനോടുകൂടെ സേനാനായകനും ഏതാനും അംഗരക്ഷകന്മാരും ഉണ്ട്. കോട്ടയ്ക്കുള്ളിൽ രജപുത്രഭടന്മാരും കോട്ടയ്ക്കു വെളിയിൽ മുസ്ലീം ഭടന്മാരും നില്ക്കുന്നു.]

അല്ലാ:—അവിടുന്നു ചെയ്ത സത്കാരങ്ങൾക്കു് ഞാൻ കൃതജ്ഞനാണു്. കഴിഞ്ഞതെല്ലാം മറന്നു് നമുക്കു് ഇനി മിത്രങ്ങളായി വർത്തിക്കാം.

ഭീമ:—കഴിഞ്ഞ കഥകൾ എല്ലാം ഞാൻ മറന്നിരിക്കുന്നു. അവിടുന്നു് എന്റെ ആതിഥ്യം സ്വീകരിച്ചതിൽ ഞാൻ എന്നും കൃതജ്ഞനാണു്. സത്കാരത്തിൽ ഉള്ള പോരായ്മകൾ ക്ഷമിക്കണം.

അല്ലാ:—സത്കാരങ്ങൾക്കു പോരായ്മയോ? ഇത്ര മോടിയായി ഒരു സത്കാരം എനിക്കു് ഇതിനു മുൻപു് ലഭിച്ചിട്ടേയില്ല. മഹാറാണയോടും പത്മിനീദേവിയോടും ഇതിനുവേണ്ടി എന്നും ഞാൻ കടപ്പെട്ടിരിക്കുന്നു.

ഭീമ:—(അല്ലാവുദ്ദീൻ ദേവിയുടെ പേരു പറഞ്ഞതിൽ അല്പം നീരസത്തോടെ) അവിടുത്തെ ഡെൽഹിയിലേയ്ക്കുള്ള യാത്ര സുഖകരമായിരിക്കട്ടെ!

അല്ലാ:—(ഭീമസിംഹൻ തന്നോടു പൊറുക്കാൻ അർത്ഥംവച്ചു പറഞ്ഞതിന്റെ സൂചന മനസ്സിലാക്കിക്കൊണ്ടു്) നാം ഇപ്പോൾത്തന്നെ പുറപ്പെടുക

യായി. (സേനാനായകനെ സാഭിപ്രായം നോക്കി ക്കൊണ്ടു്) മഹാറാണിയുടെ സമ്മാനം കൊടുക്കാനുള്ള മാല കൊണ്ടുവന്നിട്ടില്ലേ?

സേനാ:— അടിയൻ, കൊണ്ടുവന്നിട്ടുണ്ടു്. മനോഹരമായ ഒരു മഞ്ജൂഷ തുറന്നു് വലിയ ഒരു മുത്തുമാല എടുത്തു് അല്ലാവുദ്ദീന്റെ കയ്യിൽ കൊടുക്കുന്നു.)

അല്ലാ:— (മാല എടുത്തു ഭംഗി നോക്കിക്കൊണ്ടു്) നമ്മുടെ പുതിയ മൈത്രിയുടെ സൂചകമായി ഇതു് അവിടത്തെ കണ്ഠത്തിൽ ശോഭിക്കട്ടെ.

ഭീമ:—ഇത്ര വിലയേറിയ ഒരു സമ്മാനത്തിനു് ഞാൻ അർഹനല്ല. അവിടത്തെ സ്നേഹത്തെ ഞാൻ കൂടുതൽ വിലമതിക്കുന്നു.

അല്ലാ:—കൊള്ളാം. രജപുത്രന്മാരുടെ പാരമ്പര്യം അനുസരിച്ചു് അവിടന്നു് എന്നെ സത്കരിച്ചു. ഡെൽഹിസുൽത്താന്മാരുടെ പാരമ്പര്യം ഞാനും പുലർത്തണ്ടേ? ഈ മാല ഞാൻതന്നെ അവിടത്തെ കഴുത്തിൽ അണിയിക്കാം.

[എന്നുപറഞ്ഞു് ഭീമസിംഹന്റെ കഴുത്തിൽ മാല അണിയിക്കാനെന്ന ഭാവത്തിൽ അല്ലാവുദ്ദീൻ അടുക്കുന്നു. രണ്ടു കയ്യും കോർത്തു് ഞൊടിക്കുള്ളിൽ ഭീമസിംഹന്റെ പുറംകഴുത്തിനു പിടിച്ചിട്ടു് അദ്ദേഹത്തെ തന്റെ പടയാളികളുടെ ഇടയിലേയ്ക്കു തള്ളിക്കൊടുക്കുന്നു. അവരിൽ ഒരാറം റാണയെ കതിരപ്പുറത്തു ബലാത്കാരമായി എടുത്തുകയററി അതിവേഗത്തിൽ ഓടിച്ചു കൊണ്ടുപോകുന്നു.

കോട്ടവാതുക്കൽ രജപുത്രന്മാരും അല്ലാവുദ്ദീന്റെ പടയാളികളും തമ്മിൽ വലിയ ഒരു യുദ്ധം നടക്കുന്നു. ഒടുവിൽ അല്ലാവുദ്ദീനും ഭടന്മാരും സമർത്ഥമായി അവിടെ നിന്നു രക്ഷപ്പെടുകയും ചെയ്യുന്നു.]

രംഗം 4

[ചിറവൂർകോട്ട. പത്മിനീദേവിയുടെ അന്തഃപുരം. ദാസീമാരോടും രജപുത്രപ്രഭുക്കന്മാരോടും കൂടി പത്മിനീദേവി നിൽക്കുന്നു.]

ഒരു പ്രഭു:—ഇന്ന് ഞങ്ങൾക്ക് ഒരു സുദിനമാണ്. മഹാറാണയെ അല്ലാവുദ്ദീൻ തടവുകാനരാക്കിയ ശേഷം ദേവിയുടെ മുഖം അല്പം ഒന്നു തെളിഞ്ഞു കാണുന്നതു് ഇന്നു മാത്രമാണ്.

പത്മിനി:—അതേ, ഇന്ന് ഒരു പുണ്യദിവസംതന്നെ. എന്റെ പ്രാണവല്ലഭൻ ജീവിച്ചിരിപ്പുണ്ടെന്നറിഞ്ഞതു് ഇന്നാണല്ലോ.

പ്രഭു:—ഈശ്വരൻ രക്ഷിച്ചു. ഇതു് മേവാഡ് രാജ്യത്തിനു മുഴുവൻ ആശ്വാസം തരുന്ന ഒരു വാർത്തയാണ്.

പത്മിനി:—അതേ, എന്നാൽ—

പ്രഭു:—സമ്മതിച്ചു. അല്ലാവുദ്ദീൻ ഉപരോധം നിറുത്തിപ്പോകുന്നതുവരെ മേവാഡ് രാജ്യത്തിനു സമാധാനമില്ല; രജപുത്രന്മാർക്ക് അഭിമാനവുമില്ല.

പത്മിനി:—ഈ രാജ്യത്തിന്റെ നാഥൻ ശത്രുക്കളുടെ പിടിയിൽ പെട്ടതിനുശേഷം അദ്ദേഹത്തിന്റെ ധർമ്മപത്നി ഇനിയും ജീവിച്ചിരിക്കുന്നു. രജപുത്രവീരന്മാർ ശത്രുക്കളെ ഓടിച്ചിട്ടുമില്ല.

പ്രഭു:—ആ കാര്യത്തിൽ അപരാധികൾതന്നെയാണു ഞങ്ങൾ. എന്നാൽ വിശ്വാസം, കൃതജ്ഞത, പൗരുഷം, ധൈര്യം ഇതൊന്നും രജപുത്രയോദ്ധാക്കൾ മറന്നുപോയിട്ടില്ലെന്ന് ദേവി സമാധാനപ്പെടണം.

പത്മിനി:— മഹാറാണായെ വീണ്ടുകൊണ്ടുവരുവാൻ ജീവാർപ്പണം ചെയ്യുന്നതിനു മനസ്സുള്ള വീരന്മാർ എത്രയുണ്ടെന്നറിഞ്ഞാൽ കൊള്ളാം.

പ്രഭു:—ബാലന്മാരും വൃദ്ധന്മാരും ഒഴിച്ച് മേവാഡിലുള്ള സകല പുരുഷന്മാരും അതിനു സന്നദ്ധരാണ്.

പത്മിനി:—എന്നാൽ എല്ലാവരും തയ്യാറായിക്കൊള്ളട്ടെ. ഒന്നുകിൽ മഹാറാണയുടെ മോചനം, അല്ലെങ്കിൽ മേവാഡിൻെറ നാശം.

പ്രഭു:—ഞങ്ങൾ ഈ നിമിഷത്തിൽ തയ്യാർ. ദേവി കല്പിച്ചാലും. ഞങ്ങളുടെ ജീവനും ശരീരവും ഇതാ മേവാഡിൻെറ അഭിമാനത്തിനായി സമർപ്പിച്ചിരിക്കുന്നു.

പത്മിനി:—ഞാൻ ഇന്ന് അല്ലാവുദ്ദീനെ കാണാമെന്നു സമ്മതിച്ചിട്ടുണ്ട്.

പ്രഭു:—(ഞെട്ടി) എന്ത്! രജപുത്രന്മാരുടെ അഭിമാനം ബലികഴിക്കാൻ സമ്മതിച്ചു എന്നോ?

പത്മിനി:—സ്ത്രീകളായ ഞങ്ങളെയും അല്പം ഒന്നു വിശ്വസിക്കുക രജപുത്രന്മാരെ പെററുവളർത്തുന്ന അമ്മമാരല്ലേ ഞങ്ങൾ ?

പ്രഭു:—കല്പനപോലെ. പന്ത്രണ്ടുവർഷമായി ഡെൽഹി സുൽത്താൻെറ സകല യത്നങ്ങളും ദേവിയെ ഒരു നോക്കു കാണാനാണ്. ഇത്രകാലം അയാളുടെ ദുരാഗ്രഹം ഫലിക്കാതെ ഞങ്ങൾ സൂക്ഷിച്ചു.

പത്മിനി:—അതിന്ന് ഈ രാജ്യം നിങ്ങളോട്ട കടപ്പെട്ടിരിക്കും. എന്റെ പതിദേവൻ എനിക്ക ജീവനെക്കാൾ പ്രിയതരനാണ്.

പ്രഭു:—(അല്പം ആലോചിച്ചിട്ട്–സ്വഗതം) എന്താണ് ദേവിയുടെ ഉപായം എന്ന് വഴിയേ അറിഞ്ഞുകൊള്ളാം. (റാണിയോട്ട്) രജപുത്രവനിതകളുടെ അഭിമാനത്തിൽ ഞങ്ങൾക്ക വിശ്വാസമുണ്ട്.

പത്മിനി:—എന്നാൽ കേട്ടുകൊള്ളുക. എന്റെ ജീവനാഥനെ ഏകാന്തമായി കാണ്മാൻ എന്നെ അനുവദിക്കണമെന്നും അദ്ദേഹത്തെ കണ്ടതിന്നശേഷം ഞാൻ സുൽത്താനെ കണ്ടുകൊള്ളാമെന്നും ആണു കരാറ്. ഞാൻ മഹാറാണയെ സന്ദർശിക്കുമ്പോൾ മററാരെങ്കിലും അതു കാണ്മാൻ ഇടയായാൽ ഞാൻ ആത്മഹത്യചെയ്യുമെന്നും അറിയിച്ചിട്ടുണ്ട്.

പ്രഭു:—ദേവി എന്താണു ചെയ്വാൻ പോകുന്നതെന്നുകൂടി അറിയിച്ചാൽ കൊള്ളാം.

പത്മിനി:—എന്റെ ഉപായം എന്തെന്നു പറഞ്ഞുതരാം. അതനുസരിച്ച് പ്രവർത്തിച്ചാൽ മതി. പുറപ്പെടാൻ നേരമായി. പല്ലക്കുകളും അനുചരന്മാരും വേഗത്തിൽ തയ്യാറായിക്കൊള്ളട്ടെ.

(രഹസ്യമായി നിർദ്ദേശങ്ങൾ നൽകുന്നു. എല്ലാവരും പോകുന്നു.)

രംഗം 5

[ചിററൂർ കോട്ടയ്ക്കകത്തുള്ള മുസ്ലീംപാളയത്തിൽ മഹാറാണയെ അടച്ചിട്ടുള്ള കാരാഗൃഹം. അശ്വാരൂഢന്മാരായ ഏതാനും അനുചരന്മാരോടുകൂടി പത്മിനീദേവിയുടെ പല്ലക്ക് അവിടെ വന്നുചേരുന്നു. പത്മിനി സുൽത്താനോടു ചെയ്തിരുന്ന അപേക്ഷയനുസരിച്ച് അവിടെനിന്ന് ആളുകളെ എല്ലാം മാററിയിരിക്കുന്നു. അമാലന്മാർ പല്ലക്കു താഴെ ഇറക്കുന്നു. മൂടുപടം ധരിച്ച രണ്ടു സ്ത്രീകൾ പല്ലക്കിൽനിന്നും ഇറങ്ങി കാരാഗൃഹത്തിലേയ്ക്കു നടക്കുന്നു.]

ഒന്നാമത്തെ ആൾ:—ഭാഗ്യവശാൽ എല്ലാവരും ഇവിടെ നിന്ന് ഒഴിഞ്ഞിരിക്കുന്നു. അരഞൊടിക്കുള്ളിൽ റാണയെ ഇവിടെനിന്നു കടത്തണം.

രണ്ടാമൻ:—അതിനുള്ള ഉപായം ഞാൻ കണ്ടിട്ടുണ്ട്. വേഗം വരൂ. മഹാറാണയെ ബന്ധിച്ചിരിക്കുന്ന ചങ്ങല ഇപ്പോൾ ഞാൻ പൊട്ടിച്ചെറിയാം.

(അവർ കാരാഗൃഹത്തിനുള്ളിൽ പ്രവേശിച്ച് രാജാവിനെ ബന്ധിച്ചിരുന്ന ചങ്ങല ബലം പ്രയോഗിച്ച് പൊട്ടിക്കുന്നു.)

ഒന്നാമൻ:—(മഹാറാണയോട്) ദേവിയുടെ ആജ്ഞയനുസരിച്ചു വന്നവരാണ് അടിയങ്ങൾ. കുതിര തയ്യാറായി നിൽപ്പുണ്ട്. അരനിമിഷം കളയാനില്ല. ഉടൻ പുറപ്പെട്ടാലും.

[മഹാറാണ ഭടന്മാരോടുകൂടി പെട്ടെന്നു കുതിരപ്പുറത്തു കയറി വായുവേഗത്തിൽ ഓടിച്ചുപോകുന്നു. മഹാറാണ തടവു ചാടിപ്പോയതു് ദൂരെനിന്നു കണ്ട മുസ്ലീം ഭടന്മാരുടെ ബഹളം കേട്ട് അല്ലാവുദ്ദീൻ പ്രവേശിക്കുന്നു.]

അല്ലാ:—എന്തു കോലാഹലമാണിവിടെ? പത്മിനീ ദേവി എവിടെ?

ഒരു ഭടൻ:—അയ്യോ ചതി, വൻചതി. കല്പന അനുസരിച്ച് ഞങ്ങളാരും പല്ലക്കിനെ സമീപിച്ചില്ല. പല്ലക്കിൽ പത്മിനിയും തോഴിയും ആണു വന്നതെന്നു് ഞങ്ങൾ തെററിദ്ധരിച്ചു. എന്നാൽ വന്നിറങ്ങിയതു് സ്ത്രീവേഷം ധരിച്ച രണ്ടു രജപുത്ര ഭടന്മാരായിരിക്കണം. മിന്നൽവേഗത്തിൽ അവർ മഹാറാണയെ രക്ഷപ്പെടുത്തിക്കൊണ്ടു കടന്നുകളഞ്ഞു.

(അല്ലാവുദ്ദീൻ വിഷണ്ണനായി നെടുവീർപ്പിട്ടുകൊണ്ടു് നെഞ്ഞത്തു കയ്യും വച്ചു് നിൽക്കുന്നു.)

അല്ലാ:—അയ്യോ! ഇങ്ങനെ ഒരു അമളി ആർക്കും പററിയിരിക്കുകയില്ല. എന്തൊരു ധീരമായ മോചനതന്ത്രം!

പാഠം 12

മിത്രം

അപ്രിയം ചെയ്കിലും പാർക്കിൽ
പ്രിയം താൻ പ്രിയനായവൻ
ഗ്രഹം ദഹിച്ചുവെന്നാലും
തീയിലാർക്കാണനാദരം. 1

കണ്ണാടിയിൽ ഛായപോലെ
കാണുമ്പോൾ യാതൊരുത്തനിൽ
സുഖദുഃഖങ്ങൾ പകരു-
ന്നററബന്ധുവവൻ ദൃഢം. 2

കൈകൾ ദേഹത്തിനെന്നോണം
കണ്ണിന്നിമകൾപോലെയും
ഹിതം പെട്ടെന്നു ചെയ്യുന്ന-
ന്നവനേ മിത്രമായ് വരൂ. 3

അന്യദേശം ഗമിച്ചോനും
രോഗിക്കും ധനഹീനനും
അതിദുഃഖിതനായോനും
മിത്രദർശനമൗഷധം. 4

സ്ഥാനത്തിൽ നിൽക്കും പത്മത്തി-
നർക്കപാശികൾ ബാന്ധവർ
സ്ഥാനത്തിൽനിന്നു വേർപെട്ടാ-
ലവർ ശത്രുക്കളായ് വരും. 5

അറിയാം ശൂരനെപ്പോരിൽ
ദുർഭാഗ്യേ ഭാര്യതന്നെയും
അന്ത്യകർമ്മത്തിൽ മകനെ-
യാപത്തിൽ ബന്ധുതന്നെയും. 6

കാണുമ്പോഴും തൊടുമ്പോഴും
കേൾക്കുമ്പോളരുളുമ്പൊഴും
യാതൊന്നുള്ളം ദ്രവിപ്പിക്കും
സ്നേഹമായതു താൻ ദൃഢം. 7

കരിമ്പിനുള്ളോരു തലയ്ക്കൽ നിന്നു
ചുവട്ടിലേയ്ക്കുള്ള രസം കണക്കേ
നിനയ്ക്കണം സജ്ജനമൈത്രി പാരിൽ
നേരേ മറിച്ചാം ഖലമൈത്രി നൂനം. 8

സുഭാഷിതരത്നാകരം] [കെ. സി. കേശവപിള്ള.

പാഠം 13

വേലുത്തമ്പിദളവയുടെ ന്യായദീക്ഷ

[കൊല്ലവർഷം 973 മുതൽ 986 വരെ തിരുവിതാംകൂർ ഭരിച്ചിരുന്ന ബാലരാമവർമ്മ മഹാരാജാവിന്റെ ദളവയായിരുന്നു വേലുത്തമ്പി. അദ്ദേഹത്തിന്റെ ഭരണസാമർത്ഥ്യംമൂലം നാട്ടിൽ നടമാടിയിരുന്ന അക്രമങ്ങൾക്ക് അറുതിവന്നു. കവർച്ചയും മോഷണവും ഇല്ലാതായി. ഉദ്യോഗസ്ഥന്മാരുടെ ഇടയിലുണ്ടായിരുന്ന അഴിമതിയും കൈക്കൂലിയും നിലച്ചു. നീതിപാലനത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന താത്പര്യം ഈ പാഠത്തിൽനിന്നു മനസ്സിലാക്കാം.]

[വേലുത്തമ്പിയുടെ തലക്കുളത്തുള്ള ഭവനം. വേലുത്തമ്പിയും അമ്മയും ഇരിക്കുന്നു.]

വേലുത്തമ്പി:—(അമ്മയുടെ മുഖത്തു സൂക്ഷിച്ചു നോക്കിയിട്ട്) അമ്മ എന്താണിങ്ങനെ ആലോചിച്ചുകൊണ്ടിരിക്കുന്നത്? മുഖം വല്ലാതെ വാടിക്കാണുന്നല്ലോ!

അമ്മ:—വയസ്സായില്ലേ? ക്ഷീണവുമുണ്ട്. മനസ്സിനും ആകപ്പാടെ യാതൊരു സമാധാനവുമില്ല.

തമ്പി:—സമാധാനമില്ലാതാവാൻ കാരണം?

അമ്മ:—കാരണം നീതന്നെ. നിന്റെ കാര്യം വിചാരിച്ചു തന്നെയാണെന്റെ വിഷമമെല്ലാം.

തമ്പി:—എന്റെ കാര്യമൊ? എന്നെപ്പററി എന്തോന്നു വിചാരിക്കാൻ?

അമ്മ:— നിന്നെപ്പററി ഒന്നും വിചാരിക്കാനില്ലേ? എന്റെ മകൻ രാജ്യത്തിലെ ദളവയായി. നമ്മുടെ കുടുംബത്തിനു പേരും പെരുമയും വളർത്തി. പെററ തള്ളയ്ക്കു് ഇതിൽ കൂടുതൽ എന്തോന്നു വേണം. (സന്തോഷം കൊണ്ടു കണ്ണുകൾ നിറയുന്നു.)

തമ്പി:—(പുഞ്ചിരിയോടുകൂടി കളിയായിട്ടു്) കൊള്ളാം അമ്മാ! ഞാൻ മന്ത്രിയായി കുടുംബത്തിനു പേരും പെരുമയും ഉണ്ടാക്കി; അല്ലാതെ നാട്ടിനുവേണ്ടി ഒന്നും ചെയ്തില്ല എന്നു വിചാരിച്ചായിരിക്കും അമ്മ സങ്കടപ്പെടുന്നതു്.

അമ്മ:—(തെററിദ്ധരിച്ചു എന്നു വിചാരിച്ചു വിഷമിച്ചു് നെഞ്ചിൽ കൈ വച്ചുകൊണ്ടു്) അയ്യോ! എന്റെ പൊന്നുമോനേ, കുടിച്ച വെള്ളത്തിൽപ്പോലും ഞാൻ അങ്ങനെ വിചാരിച്ചില്ലേ! കൊള്ളാം! അങ്ങനെയൊക്കെ വിചാരിക്കാമോ ങ്കമോ? ഇപ്പോൾ കൊള്ളയില്ല, കൊലപാതകമില്ല, പിടിച്ചു പറിയില്ല, അടിപിടിയില്ല; ഏതു പാതിരായ്ക്കും ആർക്കും എവിടെയും പോകാം. വഴിയിൽ വല്ലതും കളഞ്ഞു പോയാലും അതവിടെ കിടക്കും. ആരും തൊടുക പോലും ഇല്ല. ഇതൊന്നും ആർക്കും അറിഞ്ഞുകൂടാത്ത കാര്യമാണോ? കുടുംബത്തിന്റെ കാര്യം ഞാൻ എന്റെ സന്തോഷം കൊണ്ടങ്ങു പറഞ്ഞുപോയതാണു്. അമ്മയല്ലേ? സന്തോഷം തോന്നുകയില്ലേ?

തമ്പി:—(അമ്മ കളി കാര്യമായിട്ടെടുത്തെന്നുകണ്ടു് ആശ്വസിപ്പിക്കാനായി) ശ്ശേ, ഞാൻ കളി പറഞ്ഞതല്ലേ അമ്മാ. വന്നു വന്നു് ഇപ്പോൾ അമ്മയ്ക്കു് കളിയും കാര്യവും തിരിച്ചറിഞ്ഞുകൂടാതായി.

അമ്മ:—(അതിലും പരിഭവിച്ചു്) അതെയതെ, വയസ്സായപ്പം പിന്നെ ഒന്നും തിരിയുല്ല. കളിയും അറിഞ്ഞുകൂടാ, കാര്യവും അറിഞ്ഞുകൂടാ; അങ്ങനെ തോന്നും മോനേ.

തമ്പി:—(പരിഭവം മാററുവാനായി) അപ്പോഴെ അമ്മാ, അമ്മ പറഞ്ഞില്ലല്ലോ എന്തുകൊണ്ടാണു് മുഖം വാടിയിരിക്കുന്നതെന്നു്.

അമ്മ:—എൻെറ വയററിൽ കിടന്നതല്ലേ നീ, അതുകൊണ്ടു് നിന്നെപ്പററി പലതും വിചാരിച്ചു സങ്കടപ്പെട്ടുപോകും.

തമ്പി:—ഒന്നും ഒളിച്ചുവയ്ക്കാതെ പറയണം, അമ്മാ.

അമ്മ:—ഈയിടെയായി എനിയ്ക്കൊരു പേടി, (കണ്ഠം ഇടറി) എൻെറ മോനു് വല്ലതും വന്നു പോകുമോ എന്നു്.

തമ്പി:—ഞാനപ്പൊഴേ വിചാരിച്ചു, ആ കിട്ടുക്കണിയാരു് വല്ലതും പറഞ്ഞു പിടിപ്പിച്ചിരിക്കുമെന്നു്.

അമ്മ:—(ചൊടിച്ചു്) വല്ല കിട്ടുവും ചംകുവും പറഞ്ഞാൽ വേലുത്തമ്പിയെപ്പററാ എനിക്കങ്ങു പേപിടിച്ചു പോകുമോ? (ശാന്തയായി) കൊച്ചുവേലൂ, അതൊന്നുമല്ല; നമുക്കു് നാലുചുററും ശത്രുക്കളാണു്. എപ്പോൾ

എന്തുണ്ടാകുമെന്ന് ആർക്കറിയാം? അടുത്തു നിൽക്കുന്നവരെപ്പോലും വിശ്വസിക്കാൻ വയ്യ.

തമ്പി:—ശത്രുക്കൾ! പോവാൻ പറയണം. ആരു ശത്രുവായാലും സത്യവും ന്യായവും മുൻനിർത്തി ഞാൻ എന്റെ ജോലി ചെയ്യും. രാജ്യത്തിലെ ദളവയ്ക്കു ശത്രുവുമില്ല, ബന്ധുവുമില്ല.

അമ്മ:—(ബന്ധുവില്ലെന്നു പറഞ്ഞതിലുള്ള നീരസത്തോടെ, ഗൗരവത്തിൽ) പെററതള്ളയേയും ഉടയക്കാരേയും മറന്നു സംസാരിക്കാതെ.

തമ്പി:—(അമ്മയെ തൊട്ടുകൊണ്ടു്) ഇതു കൊച്ചുവേലുവിന്റെ അമ്മ; ദളവയുടേതല്ല. ദളവയ്ക്കു് അമ്മയില്ല, അണ്ണനില്ല, അക്കനില്ല, അമ്മാവനില്ല, അമ്മാവിയില്ല, ആരുമില്ല. നാട്ടുകാരെല്ലാം ഒരു പോലെ. നാട്ടുകാരുടെ ഉപ്പും ചോറും തിന്നുന്നവൻ അങ്ങനെയല്ലാതെ വിചാരിക്കാമോ അമ്മാ?

അമ്മ:—വേലൂ, നീ പറഞ്ഞതൊക്കെ ശരിതന്നെ. ന്യായം നടത്തണം. പക്ഷേ നിന്റെ ശിക്ഷ കുറേ കൂടിപ്പോണു.

തമ്പി:—അമ്മ അങ്ങനേ പറയൂ. ആ കണ്ടെഴുത്തുപിള്ളയുടെ കൈ—

അമ്മ:—വേണ്ട വേണ്ട, അതു കൂടെക്കൂടെ പറഞ്ഞു് എന്നെ നോവിക്കാതെ; പാവം, ആ മല്ലൻ ഉണ്ട ചോറിനു കൂറുകാണിച്ചവനാണു്. അവന്റെ കൈ—

തമ്പി:—(അക്ഷമനായി) ഇനി അവൻ ആ തെററു ചെയ്യരുതു്. ആ കൈകൊണ്ടു് അവൻ കള്ളം

എഴുതരുതു്. ഇതറിയുമ്പോൾ സർക്കാരാളുകൾ കള്ളം ചെയ്യാനറയ്ക്കും. അമ്മാ, ഞാനും ചോറു തരുന്നവരോടു ക്രൂരു കാണിക്കണം. ജനങ്ങളല്ലേ എനിക്കു ചോറുതരുന്നതു്. അങ്ങോട്ടു നോക്കണം (തെങ്ങിൽനോക്കി) ആ തെങ്ങുകളെ അവൻ മൂന്നാംതരത്തിൽ ചേർത്തു കരം കുറച്ചില്ലേ! രാജ്യത്തിനു കിട്ടേണ്ട മുതലല്ലേ അവൻ നശിപ്പിക്കാൻ ഒരുമ്പെട്ടതു്. രാജ്യദ്രോഹമല്ലേ ഇതു്. പണവും പ്രതാപവും ഉള്ളവരുടെയെല്ലാം തെങ്ങുകൾ മൂന്നാം തരമായി കണ്ടെഴുതിയാൽ സർക്കാരിനെത്ര നഷ്ടം വരും!

അമ്മ:—ഞാൻ, നിന്റെ അമ്മ—ദളവയുടെ അമ്മ പറഞ്ഞിട്ടല്ലേ മല്ല അങ്ങനെ ചെയ്തതു്? അതിനു് അവൻ എങ്ങനെ കുററക്കാരനാകും?

തമ്പി:—അമ്മയ്ക്കു പറയാം; എന്നാൽ അവനങ്ങനെ ചെയ്തുകൂടാ. അവൻ സർക്കാർ ജോലിക്കാരനാണു്. അവൻ ചട്ടമനുസരിച്ചു ജോലി ചെയ്യണം. ദളവയ്ക്കൊരു ചട്ടം, സമ്പ്രതിക്കു വേറൊരു ചട്ടം, കൂലിക്കാരനു മറെറാരു ചട്ടം എന്നു വന്നാൽ, എങ്ങനെ ന്യായം നടക്കും.

അമ്മ:—അല്ലേ, എന്നാൽപ്പിന്നെ ആ ചിരുതയുടെ പ്ലാവു മുറിച്ച പിള്ളയെ വേലയിൽ നിന്നും നീക്കിയതെന്തിനു്. അയാൾ ചട്ടംപോലെയല്ലേ ചെയ്തതു്. പ്ലാവു് ആരുടേതായാലും പണ്ടാരവക. സർക്കാർ ആവശ്യത്തിനാണു മുറിച്ചതും.

തമ്പി:—അമ്മ മാത്രമല്ല, പലരുമിതു പറയാറുണ്ട്. സർക്കാരാവശ്യത്തിനെന്നു പറഞ്ഞു് ചിരുതയുടെ പ്ലാവു തന്നെ മുറിക്കണോ? അവളും പിള്ളരും വെള്ളം കുടിച്ചു കിടക്കുന്നതു് അവിടത്തെ അഞ്ചാറു പ്ലാവിലെ ചക്കയുള്ളതുകൊണ്ടല്ലേ. അടുത്തു് പണക്കാരുടെ പുരയിടങ്ങളിൽ എത്ര പ്ലാവുണ്ട്! അവയും സർക്കാരുവകതന്നെല്ലോ. അതിലൊന്നു മുറിക്കാമായിരുന്നല്ലോ.

അമ്മ:—അയാൾ ഒരു കൊച്ചു തെററു ചെയ്തു എന്നു വച്ച് അയാളെ വേലയിൽ നിന്നു നീക്കണോ? അതു കടും കയ്യല്ലേ?

തമ്പി:—കൊച്ചു തെററോ? ചട്ടം ഉണ്ടെന്നും പറഞ്ഞു ജനങ്ങളെ ഉപദ്രവിക്കുന്നതു് ചെറിയ തെററോ? എന്തിനാണു നിയമങ്ങൾ ഉണ്ടാക്കുന്നതു്? ജനങ്ങളെ സഹായിക്കാൻ; അല്ലേ? അക്കാര്യം മനസ്സിലാക്കാതേ പാവങ്ങളെ ഉപദ്രവിക്കുന്നവനെ ജോലിയിൽ വച്ചുകൊണ്ടിരിക്കണമെന്നാണോ, അമ്മ പറയുന്നതു്?

അമ്മ:—(ആലോചിച്ചിട്ട്) അപ്പോൾ നീ ചെയ്തതു ശരിയാണു്, അല്ലേ? പക്ഷേ ഇതൊന്നും ആളുകൾ മനസ്സിലാക്കുന്നില്ലല്ലോ! അവർ പറയുന്നു, നിന്റെ ശിക്ഷ കടുത്തുപോണെന്നു്. ആ വിരോധം മനസ്സിൽവച്ചുകൊണ്ടു് വല്ലവരും വല്ലതും അങ്ങു ചെയ്തുകളഞ്ഞാലോ എന്നാണു് എന്റെ പേടി.

തമ്പി:—എനിക്കങ്ങനെയൊരു പേടിയേ ഇല്ല. ഞാനങ്ങനെ പേടിച്ചാലൊക്കുമോ? രാജ്യത്തിനുവേണ്ടി ന്യായം നടത്തുമ്പോൾ അപകടമുണ്ടാകാം; ചിലപ്പോൾ മരിച്ചുപോയെന്നും വരാം. എന്നായാലും

മരിക്കണം· അതു രാജ്യത്തിനുവേണ്ടിയായാൽ അതിൽക്കൂടുതൽ ഒരു സുകൃതം വരാനുണ്ടോ? എൻെറ ജീവൻ രാജ്യത്തിനു വേണ്ടി ഉഴിഞ്ഞുവച്ചിരിക്കയാണമ്മാ!

[അമ്മയുടെ മുഖം വാടുന്നു. കണ്ണിൽ വെള്ളം നിറയുന്നു. സങ്കടത്തോടുകൂടി മകൻെറ മുഖത്തു നോക്കുന്നു. "മകനേ" എന്നു മാത്രം വിളിക്കുന്നു.]

തമ്പി:—അമ്മോ! ഞാനിന്നു വളരെ പ്രധാനപ്പെട്ട ഒരു കാര്യത്തിനു തിരുവനന്തപുരംവരെ പോകയാണ്. അമ്മയുടെ കണ്ണീരും കണ്ടുകൊണ്ടു് ഞാനെങ്ങനെ പോകും?

അമ്മ:—(പെട്ടെന്നു മേൽമുണ്ടിൻെറ തുമ്പുകൊണ്ടു മുഖം തുടച്ച്, കൈകൂപ്പി) എൻെറ മണ്ടയ്ക്കാട്ടമ്മേ, എൻെറ മോന് യാതൊരപകടവും വരല്ലേ! (കണ്ണടച്ചു പ്രാർത്ഥിക്കുന്നു.)

(കർട്ടൻ)

പാഠം 14

വേട്ടയ്ക്കു പുറപ്പാട്

പാണ്ടൻനായുടെ പല്ലിനുശൗര്യം
പണ്ടേപ്പോലെ ഫലിക്കുന്നില്ല
പണ്ടിവനൊരു കടിയാലൊരുപുലിയെ-
ക്കണ്ടിച്ചതു ഞാൻ കണ്ടറിയുന്നോൻ;
കാളൻനായും കാട്ടിൽവരുമ്പോൾ
കോളല്ലാതൊരു പേടി തുടങ്ങും;

വീട്ടിൽ വരുന്നവരെപ്പലരെക്കടി-
ക്കൂട്ടിയ ചെണ്ടക്കാരനെ ഞാനൊരു
കൂട്ടിലതാക്കിച്ചങ്ങലയിട്ടഥ
പൂട്ടിപ്പിന്നെക്കഞ്ഞികടിക്കും;
വെള്ളു 'വാ വാ' യെന്നു വിളിച്ചാൽ
തൊള്ളതുറന്നു പറന്നു വരും താൻ,
കള്ളനു തുള്ളിക്കഞ്ഞികൊടുപ്പാ-
നുള്ളൊരുപായം കാണുന്നില്ല;
കാററുംകൊണ്ടവനെപ്പോഴുമങ്ങനെ
ക്രൂററൻ പോലിറയത്തു കിടക്കും;
തിന്മാനല്ലാതൊന്നിനുപോലും
നമ്മുടെ വീട്ടിൽ കാണ്മാനില്ല;
വണ്ണൻവാഴ കണക്കെ തടിച്ചൊരു
പൊണ്ണൻനായുണ്ടെന്നുടെ വീട്ടിൽ
അണ്ണനുമാത്രം കൂറുണ്ടവിടവ-
നണ്ണുമ്പോൾ നല്ലതുളുകൊടുക്കും;
പന്നിയിറച്ചികൾ പണ്ടേ വേണ്ടാ
ദുർന്നിലകൊണ്ടൊരു പൊറുതിയുമില്ലാ;
കുററിച്ചെവിയൻ നായെക്കൊണ്ടൊരു
കുററം പറവാൻ കാണ്മാനില്ല
വേട്ടയ്ക്കായി വിളിക്കുന്നേരം
ചേട്ടക്കാരനു ചെവിയും കേളാ;
വേട്ടക്കാർക്കു വിളിച്ചുകൊടുത്താൽ
ചേട്ടൻ കേട്ടാൽ കലശലുകൂട്ടും
ഇത്തരമൊരുവക കാട്ടാളന്മാർ
ചിത്തരസേന പറഞ്ഞു ചിരിച്ചു.

കിരാതം ഓട്ടൻതുള്ളൽ.] കുഞ്ചൻ നമ്പ്യാർ]

പാഠം 15

കുന്തിയുടെ ത്യാഗബുദ്ധി

മഹാഭാരതം കഥ സഹോദരന്മാരായ പാണ്ഡുവി ൻെറയും ധൃതരാഷ്ട്രരുടെയും പുത്രന്മാർ തമ്മിലുള്ള മത്സരത്തിൻെറ ചരിത്രമാണ്. പാണ്ഡുവിൻെറ പുത്രന്മാർ യുധിഷ്ഠിരൻ തുടങ്ങി അഞ്ചുപേരും, ധൃതരാഷ്ട്രൻെറ മക്കൾ സുയോധനൻ തുടങ്ങി നൂറുപേരും ആയിരുന്നു. ഇവരെ സാധാരണ പാണ്ഡവന്മാരെന്നും കൗരവന്മാരെന്നും പറഞ്ഞുപോരുന്നു. പാണ്ഡവന്മാരും കൗരവന്മാരും ഒരുമിച്ച് ബാല്യകാലത്ത് ഹസ്തിനപുരത്തിൽ വസിച്ചിരുന്നു. ശൈശവത്തിൽ തന്നെ പാണ്ഡവന്മാരുടെ പിതാവായ പാണ്ഡു മരിച്ചുപോകയാൽ കൗരവന്മാരുടെ അച്ഛനായ ധൃതരാഷ്ട്രരാണ് ഇരുകൂട്ടരെയും സംരക്ഷിച്ചുപോന്നത്. എന്നാൽ ജാത്യന്ധനായ ധൃതരാഷ്ട്രർ പുത്രനായ ദുര്യോധനൻെറ ദുർന്നയങ്ങൾക്കു സദാ വശംവദനായിരുന്നതുകൊണ്ടു് പാണ്ഡവന്മാർക്കു് ജീവിതം സുഖമായിരുന്നില്ല.

കൗരവന്മാർ പാണ്ഡവരെ ദ്രോഹിക്കുവാൻ പല വിധത്തിൽ ശ്രമിച്ചുവന്നു. ധൃതരാഷ്ട്രരുടെ അനുവാദത്തോടുകൂടി ഹസ്തിനപുരത്തിനു സമീപം വാരണാവതമെന്ന സ്ഥലത്ത് ദുര്യോധനൻ ഒരു കൊട്ടാരം പണികഴിപ്പിച്ചു. കൊഴുപ്പ്, അരക്കു് മുതലായ സാമഗ്രികൾ ചേർത്തു പണിചെയ്തിരുന്ന ഈ കൊട്ടാരം തീവച്ചു നശിപ്പിക്കണമെന്നുള്ള ഉദ്ദേശത്തിൽ തീർത്തതായിരുന്നു. ദുര്യോധനൻെറ അപേക്ഷപ്രകാരം ധൃതരാഷ്ട്രർ പാണ്ഡവ

ന്മാരെയും, അവരുടെ അമ്മയായ കുന്തീദേവിയെയും വാരണാവതത്തിലേയ്ക്കു മാററി പാർപ്പിച്ചു.

പാണ്ഡവന്മാരുടെ പക്ഷപാതിയായിരുന്ന വിദുരൻ അരക്കില്ലത്തിൻെറ രഹസ്യം യുധിഷ്ഠിരനെ ഗ്രഹിപ്പിച്ചു. ആ കൊട്ടാരത്തിൽനിന്നു് അടുത്തുള്ള വനപ്രദേശത്തിൽ ചെന്നെത്തത്തക്കവണ്ണം ഒരു ഗുഹാമാർഗ്ഗവും ഉണ്ടാക്കിച്ചു കൊടുത്തു. ഒരു ദിവസം അർദ്ധരാത്രിയായപ്പോൾ അരക്കില്ലം അഗ്നിക്കിരയായി. കുന്തിയും പുത്രന്മാരും ഗുഹാദ്വാരത്തിൽക്കൂടി നടന്നു് വനപ്രദേശത്തിൽ ചെന്നു രക്ഷപ്രാപിച്ചു. ഭീമസേനൻ ഒഴികെ പാണ്ഡവന്മാരിൽ വേറെ ആർക്കും മുൻപോട്ടു് ഒരടിപോലും വയ്ക്കുവാൻ ശക്തിയുണ്ടായിരുന്നില്ല. ശക്തനായ ഭീമൻ അവരെ എല്ലാവരെയും വഹിച്ചുകൊണ്ടു് വളരെദൂരം ചെന്നപ്പോൾ ഒരു തടാകം കണ്ടു. അവർ അതിൽ ഇറങ്ങി വെള്ളം കുടിച്ചു വിശ്രമിക്കുന്നതിനായി അടുത്തുള്ള ഒരു വടവൃക്ഷത്തിൻെറ ഛായയിൽ ഇരുന്നു. ആ വനത്തിൽ ഹിഡിംബൻ എന്ന ഒരു രാക്ഷസൻ വസിച്ചിരുന്നു. തൻെറ വസതിക്കു സമീപം മനുഷ്യർ വന്നിരിക്കുന്നതായി അറിഞ്ഞു് ഹിഡിംബൻ അവരെ കൊന്നു ഭക്ഷിക്കുന്നതിനായി പാഞ്ഞെത്തി. എന്നാൽ ദ്വന്ദ്വയുദ്ധത്തിൽ ഭീമനോടേററു് അയാൾ യമലോകം പ്രാപിച്ചു.

പാണ്ഡവന്മാർ പിന്നെയും നടന്നു. സന്ധ്യയായപ്പോൾ ഘോരമായ മറെറാരു വനത്തിനു സമീപമുള്ള ഏകചക്രമെന്ന ഗ്രാമത്തിൽ എത്തി. ഈ ഗ്രാമത്തിൽ ശത്രുക്കൾ അറിയാതെ കുറച്ചുകാലം മൈസ്വരവാസം ചെയ്യാമെന്നു കരുതി ബ്രാഹ്മണവേഷം ധരിച്ചു് അവർ

ഒരു ബ്രാഹ്മണന്റെ ഗൃഹത്തിൽ താമസിച്ചു. ഗ്രാമത്തിൽ ഭിക്ഷയെടുത്തു കിട്ടിയ അന്നംകൊണ്ടു് അവർ നിത്യവൃത്തി കഴിച്ചുപോന്നു.

ആ ഗ്രാമത്തിനടുത്തുള്ള വനത്തിൽ ബകൻ എന്നു പേരായ ഒരു രാക്ഷസൻ പാർത്തിരുന്നു. അയാൾ ഗ്രാമത്തിൽ കടന്നു്, കൈയിൽ കിട്ടിയവരെയെല്ലാം കൊന്നു തിന്നുക പതിവായിരുന്നു. ആ ഉപദ്രവം ശമിപ്പിക്കാൻവേണ്ടി ഗ്രാമക്കാർ ബകനുമായി ഒരു കരാർ ചെയ്തിരുന്നു. ദിവസംതോറും ഓരോ ഗൃഹത്തിൽനിന്നു് ഒരു വണ്ടി നിറയെ ചോറും കറികളുമായി ഒരാളെ അയച്ചുകൊടുത്തു പോന്നു. അങ്ങനെ കിട്ടുന്ന അന്നാദി വിഭവങ്ങളെയും ആളിനെയും ഭക്ഷിച്ചു് ബകൻ തൃപ്തിപ്പെട്ടു.

പാണ്ഡവന്മാർ വസിച്ചിരുന്ന ഗൃഹത്തിൽ ഒരു ബ്രാഹ്മണനും അയാളുടെ ഭാര്യയും മകനും മകളും ഉണ്ടായിരുന്നു. ഒരു ദിവസം പുത്രന്മാർ ഭിക്ഷയ്ക്കായി വെളിയിൽ പോയതിനു ശേഷം കുന്തീദേവി തന്റെ കാലക്കേടിനെപ്പററി ചിന്തിച്ചുകൊണ്ടിരുന്നു. അപ്പോൾ അകത്തുനിന്നു് ഒരു വിലാപം കേൾക്കുമാറായി. എന്താപത്താണു സംഭവിച്ചതെന്നു് അറിവാൻ കുന്തിക്കു് ഉൽക്കണ്ഠയുണ്ടായി. അപ്പോൾ ആ മനസ്വിനി ഗദ്ഗദത്തോടുകൂടിയ ഒരു സംഭാഷണം കേട്ടു.

ബ്രാഹ്മണൻ:—ഗൗതമി, എന്റെ ഈ നിശ്ചയത്തിനു് നീ തടസ്സം പറയരുതു്. നമ്മളിൽ ആരെങ്കിലും ഒരാൾ മരിക്കണമെന്നു വന്നിരിക്കുന്നതിനാൽ ഇപ്പോഴത്തെ സ്ഥിതിക്കു ഞാൻതന്നെ മരിക്കുന്നതാണു് യുക്തമായിട്ടുള്ളതു്. കുടുംബത്തിനു സുഖ

മായി കാലക്ഷേപം ചെയ്യാൻ വേണ്ട വക ഞാൻ സമ്പാദിച്ചിട്ടുണ്ടല്ലോ. ഇനി നമ്മുടെ കുട്ടികളുടെ കാര്യമേ നോക്കേണ്ടതുള്ളൂ. നീ മരിച്ചിട്ട് ഞാൻ ഇരുന്നാൽ കന്യകയായ പുത്രിയെയും ശൈശവം കഴിയാത്ത പുത്രനെയും വേണ്ടുംവണ്ണം ശുശ്രൂഷിച്ച് വളർത്താൻ എന്നെക്കൊണ്ട് എങ്ങനെ സാധിക്കും? അതിനാൽ നീ ഈ കുട്ടികളെ ശരിയായി വളർത്തുക. അതിനു വേണ്ട ബുദ്ധിയും വിവേകവും നിനക്കുണ്ട്. നമ്മുടെ സന്താനങ്ങളെ വിചാരിച്ച്; ഞാൻ പറയുന്ന ഈ വാക്ക് നീ അനുസരിക്കണം.

ബ്രാഹ്മണി:—ഭർത്താവേ, ഈ കാര്യത്തിൽ അവിടുന്ന് ഇങ്ങനെ ശാഠ്യം പിടിക്കരുത്. അവിടുത്തെ കൂടാതെ ഈ കുടുംബം സംരക്ഷിക്കുവാൻ ഞാൻ ഒരു വിധത്തിലും ശക്തയല്ല. ക്രൂരനായ ബകനു ഭക്ഷണമായിത്തീരാൻ എന്നെ അവിടുന്ന് അനുവദിക്കണം.

കന്യക:—അച്ഛാ, ഞാൻ ഇന്നല്ലെങ്കിൽ നാളെ നിങ്ങളെ പിരിയേണ്ടവളാണ്. എന്നെ ഉപേക്ഷിക്കുക; എന്റെ അനുജൻ കുടുംബം നിലനിർത്തും. നിങ്ങൾ രണ്ടുപേരും അവനെ വളർത്തുവാൻ ജീവിച്ചുതന്നെ ഇരിക്കണം. ഞാൻ രാക്ഷസന് ഇരയായിക്കൊള്ളാം.

ഇതു കേട്ടപ്പോൾ ആ ബ്രാഹ്മണദമ്പതിമാർ പൊട്ടിക്കരഞ്ഞു. കുന്തീദേവി, ഈ സങ്കടം കണ്ടു മനസ്സലിഞ്ഞ് അവരുടെ അടുക്കൽച്ചെന്ന് സങ്കടത്തിന്റെ കാരണം ചോദിച്ചു. രാക്ഷസന് അന്നു ബലികൊടുക്കേണ്ട ഊഴം

തനിക്കാണെന്നു് ബ്രാഹ്മണൻ കുന്തിയെ ധരിപ്പിച്ചു. "വംശം നിലനിർത്തേണ്ട പുത്രനെയാകട്ടെ പരധനമായ ഈ കന്യകയെയാകട്ടെ, കുടുംബത്തിനു് ഏകാവലംബമായ ഗൃഹിണിയെയാകട്ടെ ത്യജിക്കുവാൻ ഞാൻ ശക്തനല്ല. ഇവരുടെ പ്രാണരക്ഷയ്ക്കായി മരിക്കാൻ ഞാൻ സന്നദ്ധനാണെങ്കിലും, ഇവർ ആരും എന്നെ അതിലേയ്ക്കു് അനുവദിക്കുന്നുമില്ല. ഈ ധർമ്മസങ്കടത്തിൽപ്പെട്ടു ഞങ്ങൾ വലയുകയാണു്" എന്നു് ബ്രാഹ്മണൻ പറഞ്ഞു.

കുന്തി:—നിങ്ങളാരും വ്യസനിക്കേണ്ട. എനിക്കു് അഞ്ചു പുത്രന്മാർ ഉണ്ടു്. നിരാശ്രയരായ ഞങ്ങളെ സംരക്ഷിച്ചുപോരുന്ന നിങ്ങൾക്കുവേണ്ടി അവരിൽ ഒരുത്തനെ ബകൻെറ അടുക്കൽ അയയ്ക്കാൻ എനിക്കു് യാതൊരു മടിയും ഇല്ല. ചോറും കറികളും വേഗത്തിൽ ഒരുക്കുകതന്നെ.

ബ്രാഹ്മ:—ഭദ്രേ, ഇങ്ങനെ പറയരുതേ! സ്വാർത്ഥത്തിനുവേണ്ടി പരദ്രോഹം ചെയ്യുന്നവനെക്കാൾ നിന്ദ്യനായ മഹാപാപി ലോകത്തിൽ ആരാണുള്ളതു്? അങ്ങനെയുള്ള അധർമ്മത്തിലേയ്ക്കു് അവിടുന്നു് എന്നെ പ്രേരിപ്പിക്കേണ്ട.

കുന്തി:— അങ്ങു പറയുന്നതു് ശരിതന്നെ. അനേകം പുത്രന്മാരുണ്ടെന്നുവച്ചു് അമ്മയ്ക്കു് അവരിൽ ആരോടും വാത്സല്യം കുറയുന്നതല്ല. എങ്കിലും അന്യർക്കുവേണ്ടി ആത്മത്യാഗം ചെയ്തിട്ടുള്ള മഹാന്മാരുടെയും മഹതികളുടെയും കഥകൾ എത്രയോ ഞാൻ കേട്ടിരിക്കുന്നു. വിപത്തിൽ

അഭയം നൽകിയിരിക്കുന്ന നിങ്ങൾക്കു വേണ്ടി നിസ്സാരമായ ഈ ഒരു ത്യാഗം അനുഷ്ഠിക്കുവാൻ ഞങ്ങൾക്കു് അവകാശമില്ലേ?

ബ്രാഹ്മ:—ധാരാളം വിസ്താരമുള്ള എന്റെ ഈ ഗൃഹത്തിൽ നാലഞ്ചു വഴിയാത്രക്കാരെ താമസിക്കാൻ അനുവദിച്ചു എന്നല്ലാതെ, എന്തുപകാരമാണു് ഞാൻ ചെയ്തിട്ടുള്ളതു്? അതിനു പ്രത്യുപകാരമായി നിങ്ങളിൽ ഒരാളുടെ ജീവത്യാഗം സ്വീകരിക്കുവാൻ എനിക്കു് അവകാശമില്ല.

കുന്തി:—എന്റെ രണ്ടാമത്തെ പുത്രൻ തുലോം ബലവാനാണു്. രാക്ഷസൻ അവനെ വധിച്ചുകളയുമെന്നു തീർച്ചയാക്കേണ്ട. അവൻ രാക്ഷസനെ വധിച്ചു വെന്നും വരാം. അങ്ങനെ വന്നാൽ നിങ്ങളെ മാത്രമല്ല ഈ ഗ്രാമം മുഴുവൻ രാക്ഷസപീഡയിൽ നിന്നു രക്ഷിച്ചു എന്നുള്ള വലുതായ പുണ്യം ഞങ്ങൾക്കു സിദ്ധിക്കും. മറിച്ചാണു സംഭവിക്കുന്നതെങ്കിൽ ഈ കുടുംബം രക്ഷിക്കുവാൻ വേണ്ടി ഒരു മകൻ നഷ്ടപ്പെട്ടു പോകുന്നതുകൊണ്ടുള്ള ദുഃഖം സഹിക്കുവാൻ വേണ്ട മനക്കരുത്തു് എനിക്കുണ്ടു്.

ഇങ്ങനെയുള്ള അനുനയവാക്കുകൾ കേട്ടു് കുന്തിയുടെ ഇഷ്ടമനുസരിച്ചു പ്രവർത്തിച്ചുകൊള്ളുന്നതിനു് ബ്രാഹ്മണൻ സമ്മതിക്കുകയും, ബകനു വേണ്ട അന്നവും കറികളും തയ്യാറാക്കാൻ ഭാര്യയോടു പറയുകയും ചെയ്തു.

മദ്ധ്യാഹ്നത്തിൽ പുത്രന്മാർ ഭിക്ഷാടനം കഴിഞ്ഞു മടങ്ങി വന്നപ്പോൾ, നടന്ന വൃത്താന്തമെല്ലാം യുധിഷ്ഠിരനോടു് കുന്തി തന്നെ പറഞ്ഞു. അപ്പോൾ യുധിഷ്ഠിരൻ

പറഞ്ഞു:—"അമ്മേ, അമ്മ എന്തു സാഹസമാണു പ്രവർത്തിച്ചതു്? ഭീമന്റെ കരബലം കൊണ്ടല്ലേ നാം ജീവിക്കുന്നതു്? ഇവൻ ഇല്ലായിരുന്നെങ്കിൽ നാം അരക്കില്ലത്തിൽത്തന്നെ നശിക്കുമായിരുന്നു. ഇനി കൗരവന്മാരെ ജയിക്കുന്നതിനു് ഇവനല്ലാതെ നമുക്കു് ആരാണു് ഒരു ആലംബം. ഇവനെ രാക്ഷസൻ കൊന്നാൽ പിന്നെ നമ്മുടെ കഥ എന്തായിരിക്കുമെന്നു് അമ്മ ആലോചിച്ചില്ലല്ലോ."

കുന്തി:—ഉണ്ണീ, നീ ഇങ്ങനെ പറയുമെന്നു് ഞാൻ വിചാരിച്ചിരുന്നില്ല. പൂരുവംശരാജാക്കന്മാരുടെ ജീവിതം ആർത്തത്രാണമാണെന്നു് നീ ഓർക്കണം. ഭീമന്റെ അദ്ഭുതപരാക്രമങ്ങൾ പലതും നാം കണ്ടറിഞ്ഞിട്ടുണ്ടല്ലോ. ഒരു ബകനെ വധിക്കാൻ ശക്തനല്ലെങ്കിൽ ഭീഷ്മർ, ദ്രോണർ തുടങ്ങിയ മഹാരഥന്മാരുടെ സാഹായ്യമുള്ള കൗരവന്മാരെ അവൻ ജയിക്കുമെന്നു് എങ്ങനെ വിശ്വസിക്കും?

അബദ്ധമാണു താൻ പറഞ്ഞു പോയതു് എന്നു യുധിഷ്ഠിരൻ സമ്മതിച്ചു. ബ്രാഹ്മണനും ഭാര്യയും കൂടി ചോറും കറികളും ഒരുക്കി വണ്ടിയിൽ കയററി. മാതാവിന്റെയും സോദരന്മാരുടെയും അനുമതി വാങ്ങി ഭീമൻ വണ്ടിയിൽ കയറി യാത്രയായി. ഏകചക്രയിൽ നിന്നു കുറേ ദൂരം ചെന്നപ്പോൾ വണ്ടി ഒരു മഹാവനത്തിന്റെ സമീപത്തു് എത്തി. ആ വനമായിരുന്നു ബകന്റെ വാസസ്ഥലം. അവിടെ എത്തിയപ്പോഴേയ്ക്കു് ഭീമൻ, വണ്ടിയിൽ വച്ചിരുന്ന ചോറും കറികളും സാവധാനമായി കുഴച്ചു് ഉരുട്ടി വിഴുങ്ങിത്തുടങ്ങി. ഇതു കണ്ടു് കോപാന്ധനായി ബകൻ

പാഞ്ഞെത്തി. ഭീമൻ കൂട്ടാക്കാതെ ഭക്ഷണം തുടർന്നു. "എടാ, മനുഷ്യാധമാ! തിന്നു്, തിന്നു്; ആ ആഹാരം മുഴുവൻ തിന്നാലും എനിക്കു നഷ്ടമില്ല; നിന്നെത്തന്നെയല്ലേ ഞാൻ ഒടുവിൽ ഭക്ഷിക്കാൻ പോകുന്നതു", എന്നായി ബകൻ. അതു മുഴുവൻ ഭക്ഷിച്ചശേഷം ഭീമൻ ബകനോട് മല്ലിടാൻ അടുത്തു. മുഷ്ടികൾ ചുരുട്ടി ഇടിച്ചും വൃക്ഷങ്ങൾ പറിച്ചു് അടിച്ചും അവർ തമ്മിൽ പ്രചണ്ഡമായ ഒരു യുദ്ധം നടന്നു. ഒടുവിൽ ഭീമൻ ബകനെ കാലും തലയും കൂട്ടിപ്പിടിച്ചു് എല്ലു ഞെരിച്ചു് ദൂരെ എറിഞ്ഞു.

ബകനെ കൊന്ന വർത്തമാനം അറിഞ്ഞപ്പോൾ ഏകചക്രനിവാസികൾ ആബാലവൃദ്ധം ആ വനത്തിൽ ഓടിയെത്തി. രാക്ഷസപീഡയിൽ നിന്നു തങ്ങളെ മോചിപ്പിച്ച മഹാന്റെ ചുററും അവർ ആനന്ദനൃത്തം ചെയ്തു. ആഘോഷപൂർവം അദ്ദേഹത്തെ ഏകചക്രയിൽ കൊണ്ടുവന്നു സൽക്കരിച്ചു. പരദുഃഖത്തിൽ ഉള്ളഴിഞ്ഞു് മകനെ ബലികഴിക്കുവാൻ സന്നദ്ധനായ കുന്തീദേവിയെ ഏകചക്രയിലെ ജനങ്ങൾ പെററമ്മയെപ്പോലെ വാഴ്ത്തി. അവരുടെ അന്യാദൃശമായ ബഹുമാനത്തിനും സ്നേഹത്തിനും പാത്രമായി കുറേദിവസംകൂടി വേഷപ്രച്ഛന്നരായി കുന്തിയും പുത്രന്മാരും ആ ഗ്രാമത്തിൽത്തന്നെ കഴിച്ചുകൂട്ടി.

പാഠം 16

എൻെറ ജീവിതത്തിലെ പ്രധാന സംഭവം

ആരാണു ഞാൻ എന്നറിയാൻ നിങ്ങൾക്കു കൗതുകം തോന്നാം. ഞാൻ ഒരു മഹാനല്ല, സാഹിത്യകാരനല്ല, രാഷ്ട്രീയനേതാവുമല്ല. അവരുടെയൊക്കെ ജീവിതസംഭവങ്ങളാണല്ലോ നാം പത്രങ്ങളിലും മാസികകളിലും വായിക്കാറുള്ളത്. അതുകൊണ്ട് തെററിദ്ധരിക്കാതിരിക്കാൻ മുൻകൂട്ടി പറയുകയാണ്. ഒരു മൂന്നാം ഫാറം വിദ്യാർത്ഥിയാണു ഞാൻ. സുകുമാരനെന്നാണു പേര്. പതിമൂന്നു വയസ്സേ എനിക്കു പ്രായമുള്ളൂ. ഈ കൊച്ചു ജീവിതത്തിലെ അനുഭവങ്ങൾ അറിയാനെന്തിരിക്കുന്നു എന്നു നിങ്ങൾ വിചാരിച്ചേയ്ക്കാം. എന്നാൽ എൻെറ കൊച്ചനുജന്മാർ അറിഞ്ഞിരിക്കേണ്ട ഒരു വലിയ സംഭവം എൻെറ ജീവിതത്തിലുണ്ടായിട്ടുണ്ട്. എനിക്കും എൻെറ സഹപാഠികൾക്കും മാത്രമല്ല, എൻെറ ഗ്രാമത്തിനുംകൂടി പ്രയോജനകരമായിത്തീർന്ന ഒരു മഹാസംഭവമാണത്. അത് ഗ്രാമീണരെ ബുദ്ധിപൂർവം ജീവിക്കാൻ പഠിപ്പിച്ചു എന്ന് അഭിമാനപൂർവം തന്നെ എനിക്കു പ്രസ്താവിക്കാം.

സാമാന്യം ജനബാഹുല്യമുള്ള ഒരു പട്ടണത്തിൽ നിന്നും ഇരുപത്തഞ്ചോളം മൈൽ അകലെയുള്ള ഒരു കുഗ്രാമത്തിലാണ് എൻെറ വീടും വിദ്യാലയവും.

വിദ്യാലയത്തിനടുത്തു്, രണ്ടുമൂന്നു് ഓടിട്ട കെട്ടിടങ്ങളും, ഒരു ചെറിയ ഫോമിയോ ആസ്പത്രിയും രണ്ടു ചായപ്പീടികകളും ഒരു പലചരക്കു പീടികയും മാത്രമേയുള്ളു. വിദ്യാർത്ഥികൾക്കാവശ്യമുള്ള പുസ്തകം, നോട്ടുബുക്കു്, മഷി, പേന, പെൻസിൽ മുതലായവ വിൽക്കുന്നതു് ആ പീടികയിലാണു്. അതിൻെറ ഉടമസ്ഥൻ കറുത്തു തടിച്ച ഒരു കുടവയറനാണു്. അയാളുടെ ചുവന്ന വട്ടക്കണ്ണും നീണ്ട മേൽമീശയും കണ്ടാൽ ആരും പേടിച്ചു പോകും. വിദ്യാർത്ഥികൾ അയാൾക്കിട്ടിട്ടുള്ള പട്ടപ്പേരു് 'മീശ' എന്നാണു്. ആ നാട്ടിലെ ഏററവും വലിയ ധനികനും ദുരാഗ്രഹിയുമാണു് അയാൾ. ഞാൻ ഒന്നാം ഫാറത്തിൽ പഠിക്കുന്ന കാലത്തു് ഞാനും എൻെറ സഹപാഠികളുംകൂടി ആ വട്ടക്കണ്ണൻ 'മീശ'യെ ഒരു നല്ല പാഠം പഠിപ്പിച്ചു. അതെന്താണെന്നല്ലേ? പറയാം.

സ്കൂൾ വർഷാരംഭത്തിൽ നമ്മുടെ മീശയുടെ പീടികയിൽ വലിയ തിക്കും തിരക്കുമാണു്. ഓരോ പുസ്തകത്തിൻെറയും കുറേ പ്രതികൾ മാത്രമേ അയാൾ ആദ്യം വരുത്തുകയുള്ളുവെന്നും, അതുകൊണ്ടു് നേരത്തേ വാങ്ങിയില്ലെങ്കിൽ പിന്നീടു കൂടുതൽ വില കൊടുക്കേണ്ടിവരുമെന്നും ഞങ്ങൾക്കെല്ലാം അറിയാമായിരുന്നു. അതാണു് ഈ ബഹളത്തിനു കാരണം. രണ്ടാമത്തെത്തവണ പുസ്തകം വരുത്തുമ്പോൾ ഒരു രൂപ വിലയുള്ള പുസ്തകത്തിനു് രണ്ടണ കൂടുതൽ കൊടുക്കണം. ഇരുപത്തഞ്ചു മൈൽ അകലെയുള്ള പട്ടണത്തിൽ പോയി പുസ്തകം വാങ്ങിക്കാനുള്ള ബുദ്ധിമുട്ടും പണച്ചെലവും ഓർത്തു്, മനസ്സില്ലാമനസ്സോടെയാണെങ്കിലും ആളുകൾ കൂടുതൽ വില

കൊടുത്തു് മീശയുടെ പീടികയിൽനിന്നു തന്നെ പുസ്തകം വാങ്ങിക്കും. ഞാനും അങ്ങനെതന്നെയാണു ചെയ്തു കൊണ്ടിരുന്നതു്.

എന്നാൽ ഒരുതവണ എനിക്കൊരു പററു പററി. പീടികയിൽ പുസ്തകങ്ങൾ വന്നദിവസം വീട്ടിൽ പണമില്ലായിരുന്നു. പിറോറ ദിവസം പണവും കൊണ്ടു ചെന്നപ്പോൾ തീർന്നുപോയെന്നും പറഞ്ഞു. പറഞ്ഞതു് "മീശ"യാണു്. ഞാൻ വളരെ ദുഃഖിച്ചു. ഒന്നു രണ്ടു ദിവസം കഴിഞ്ഞു് പ്രഭാതത്തിൽ പീടികയിലെ പുതിയ വിൽപ്പനക്കാരനെ യദൃച്ഛയാ കാണുന്നതിനിടയായി. മുതലാളിയുടെ കച്ചവടസംബന്ധമായ അടവുകളെപ്പററി അജ്ഞനായിരുന്നു അയാൾ. ഒന്നാം ഫാറത്തിലെ ടെക്സ്റ്റ് ആ പീടികയിൽ ധാരാളം ഇരിപ്പുണ്ടെന്നു് അയാളിൽനിന്നും ഞാൻ മനസ്സിലാക്കി. കുതിച്ചോടി വീട്ടിലെത്തി രൂപയും വാങ്ങിക്കൊണ്ടു പീടികയിൽ ചെന്നപ്പോൾ ഞാൻ കണ്ടതു്, മീശ കുടവയറും തുള്ളിച്ചു കൊണ്ടിരിക്കുന്നതാണു്. എന്റെ ആവശ്യം അറിയിച്ചപ്പോൾ "പുസ്തകം നിശ്ശേഷം തീർന്നുപോയി. എന്തു ചെയ്യാം!!" എന്നു് അയാൾ ദുഃഖിക്കയാണുണ്ടായതു്. എനിക്കു് എന്തെന്നില്ലാത്ത സങ്കടം തോന്നി. കൂടുതൽ വില ഈടാക്കുവാൻ എടുത്ത അടവുകണ്ടു് എന്റെ കോപം ജ്വലിച്ചു. ഞാൻ ഒരക്ഷരം ഉരിയാടിയില്ല. ആ ദുരാഗ്രഹിയെ ഒരു നല്ല പാഠം പഠിപ്പിക്കുന്നുണ്ടെന്നു് ഞാൻ മനസാ പ്രതിജ്ഞ ചെയ്തു.

അപ്പോൾ അവിടെ എന്നെപ്പോലെ നിരാശരായ മററു ചില വിദ്യാർത്ഥികളുമുണ്ടായിരുന്നു അവരെയെല്ലാം വിളിച്ചുകൊണ്ടു് ഞാൻ നേരെ

പള്ളിക്കൂടത്തിന്റെ മുൻ വശത്തുള്ള മാവിൻ ചുവട്ടിലേയ്ക്കു പോയി. മീശയുടെ കൊള്ളരുതായ്മയെപ്പററി പലരും സംസാരിച്ചു. ഞങ്ങൾ അങ്ങനെയിരുന്നു സംസാരിക്കുന്നതു കണ്ടു് പല വിദ്യാർത്ഥികളും അവിടെ വന്നു് സംഭാഷണത്തിൽ പങ്കുകൊണ്ടു. ഒടുവിൽ എല്ലാവരും കൂടി തീർച്ചപ്പെടുത്തി, ആ ദുരാഗ്രഹിയുടെ പീടികയിൽ നിന്നു് യാതൊരു സാധനവും വാങ്ങിക്കരുതെന്നു്. പുസ്തകങ്ങളുടെ വില ആവശ്യക്കാരിൽ നിന്നു പിരിച്ചെടുത്തു് ആരെയെങ്കിലും ഏല്പിച്ചു് പട്ടണത്തിലേയ്ക്കയയ്ക്കുവാനും ഞങ്ങൾ തീരുമാനിച്ചു.

അന്നുച്ചയോടുകൂടി മുന്നൂറുരൂപ ഞങ്ങൾ പിരിച്ചു. പുസ്തകം വാങ്ങിച്ചുകൊണ്ടു വരുവാൻ കൂട്ടുകാർ ചുമതലപ്പെടുത്തിയതു് പള്ളിക്കൂടത്തിലെ സ്കൗട്ടുമാസ്റ്ററെയായിരുന്നു.

പിറേറ ദിവസം കാലത്തു് അദ്ദേഹത്തെ പ്രതീക്ഷിച്ചു് പള്ളിക്കൂടത്തിൽ നിൽക്കുമ്പോൾ പുസ്തകക്കെട്ടുമായി അദ്ദേഹം വന്നുചേർന്നു. അപ്പോൾ ഞങ്ങൾക്കുണ്ടായ ആഹ്ളാദം അവർണ്ണ്യമാണു്. സ്കൗട്ടുമാസ്റ്റർ ഒന്നും മിണ്ടാതെ ബിൽ എന്റെ കൈയിൽതന്നു. എനിക്കു് എന്റെ കണ്ണുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല. മുന്നൂറു രൂപയുടെ പുസ്തകങ്ങൾക്കു് 225 രൂപ! മീശയ്ക്കാണെങ്കിൽ മുന്നൂറു രൂപ കൊടുത്താൽ പോലും പോരാ. എനിക്കും കൂട്ടുകാർക്കും അദ്ഭുതവും സന്തോഷവും തോന്നി. അടുത്ത നിമിഷത്തിൽ ആ കച്ചവടക്കാരനോടുള്ള കോപം അതിയായി ജ്വലിച്ചു. "ഭയങ്കരൻ പാവങ്ങളെ ഞെക്കിപ്പിഴിഞ്ഞു് എന്തു കൊള്ളലാഭമാണെടുക്കുന്നതു്'' എന്നു് ഞാൻ അറിയാതെ പറഞ്ഞുപോയി. ഇത്രയുമായപ്പോൾ

ഹെഡ്മാസ്റ്റർ അവിടെ വന്നുചേർന്നു. സ്കൗട്ടുമാസ്റ്റർ, അദ്ദേഹത്തെ വിവരങ്ങളെല്ലാം അറിയിച്ചു. അദ്ദേഹത്തിനു വലിയ സന്തോഷം തോന്നി. വിദ്യാർത്ഥികളുടെ ഐകമത്യത്തെയും സഹകരണബുദ്ധിയേയും അദ്ദേഹം പ്രശംസിച്ചു. ഒടുവിൽ അദ്ദേഹം ഇങ്ങനെ പറഞ്ഞു. "ആകട്ടെ, ഇന്നൊരു നല്ല പാഠം ഞാൻ നിങ്ങളിൽനിന്നു പഠിച്ചു. നിങ്ങളും പഠിച്ചു. നമുക്കിനി ഈ പള്ളിക്കൂടത്തിലേയ്ക്കാവശ്യമുള്ള പുസ്തകങ്ങളും നോട്ടുബുക്ക്, പെൻസിൽ മുതലായ സാമാനങ്ങളും ഒന്നിച്ചുതന്നെ വാങ്ങിക്കണം. അതിന് നാം ഒരു വിദ്യാലയസഹകരണസംഘം സ്ഥാപിക്കണം."

പിറ്റേ ദിവസം വൈകുന്നേരം വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും ഒരു യോഗംകൂടി. അതിൽ സഹകരണസംഘം ഇൻസ്പെക്ടരും സന്നിഹിതനായിരുന്നു. ഞാൻ നടത്തിയ സ്വാഗതപ്രസംഗത്തിൽ തലേദിവസം നടന്ന സംഗതികൾ വിവരിക്കുകയുണ്ടായി. അടുത്തതായി സഹകരണസംഘം ഇൻസ്പെക്ടർ വിദ്യാലയ സഹകരണ സംഘങ്ങളുടെ ലക്ഷ്യം, അവ നടത്തേണ്ട വിധം, എന്നിവയെപ്പറ്റി സംസാരിച്ചു. അതിനുശേഷം അദ്ധ്യക്ഷനുൾപ്പടെ ഏഴുപേരടങ്ങിയ ഒരു പ്രവർത്തക സമിതിയെ തിരഞ്ഞെടുത്തു. ഹെഡ്മാസ്റ്ററായിരുന്നു അദ്ധ്യക്ഷൻ. പ്രവർത്തകസമിതിയംഗങ്ങളിൽ മൂന്നുപേർ വിദ്യാർത്ഥികളും മൂന്നുപേർ അദ്ധ്യാപകരുമായിരുന്നു. 50 പേർ സംഘാംഗങ്ങളായിച്ചേർന്നു. ഓരോരുത്തരും 5 രൂപ വീതം കൊടുത്ത് ഓരോ ഓഹരി എടുത്തു. അങ്ങനെ 250 രൂപ സംഘത്തിന് മൂലധനമായി കിട്ടി. സ്കൗട്ടുമാസ്റ്റർ പുസ്തകം വാങ്ങിക്കൊണ്ടു വന്നപ്പോൾ ലാഭം

കിട്ടിയ 75 രൂപ വിദ്യാർത്ഥികളുടെ വകയായി സംഘത്തിനു സംഭാവന ചെയ്തു. ഇങ്ങനെ മൂലധനം 325 രൂപയായിത്തീർന്നു. ഈ സഹകരണസംഘമാണു് ഇപ്പോൾ എന്റെ സ്കൂളിലെ വിദ്യാർത്ഥികൾക്കു് ആവശ്യമുള്ള സകല സാധനങ്ങളും വാങ്ങിച്ചു വിതരണം ചെയ്യുന്നതു്. ഒരു രൂപ വിലയുള്ള പുസ്തകം ഞങ്ങളുടെ സംഘത്തിൽ നിന്നും പതിനഞ്ചണയ്ക്കു കിട്ടും. ഇങ്ങനെ വിററാൽ സംഘത്തിനു് ഒരു രൂപായ്ക്കു് ഒരു അണ ലാഭവും കിട്ടും. ലാഭം ഓഹരിക്കാർക്കായി വീതിച്ചുകൊടുക്കുന്നു. ഈ സംഘം സ്ഥാപിച്ചതോടുകൂടി നമ്മുടെ ദുരാഗ്രഹിയായ മുതലാളിയുടെ പുസ്തകക്കച്ചവടവും നിലച്ചു. എന്താ, ശരിയായ ഒരു പാഠമല്ലേ അയാളെ പഠിപ്പിച്ചതു്?

ഈ സംഘം സ്ഥാപിച്ചതോടുകൂടി ഇതിനോടനുബന്ധിച്ചു് ഒരു സഹകരണസ്റ്റോറും നാട്ടുകാർ ചേർന്നു രൂപവൽക്കരിച്ചു. മുതലാളിയുടെ കടയിൽനിന്നും പത്തു രൂപ കൊടുത്തു വാങ്ങിച്ചുകൊണ്ടിരുന്ന സാധനങ്ങൾ സഹകരണസംഘം വക ഡിപ്പോയിൽ നിന്നു വാങ്ങാൻ ഒൻപതു രൂപയിലധികം വില കൊടുക്കേണ്ട.

അതുപോലെതന്നെ മറെറാരു സഹകരണസംഘവും നാട്ടുകാർ ചേർന്നു സ്ഥാപിച്ചിട്ടുണ്ടു്. ആ സംഘത്തിലെ അംഗങ്ങൾക്കു് അവരെടുത്തിട്ടുള്ള ഓഹരികളുടെ വിലയെ അടിസ്ഥാനമാക്കിയും, ററവുള്ള ഒന്നോ രണ്ടോ അംഗങ്ങളുടെ ജാമ്യത്തിന്മേലും പണം കടം കിട്ടുന്നതാണു്. അങ്ങനെ വാങ്ങിക്കുന്ന കടം രണ്ടോ മൂന്നോ കൊല്ലംകൊണ്ടു് പല തവണകളിലായി അടച്ചു തീർത്താൽ മതിയാകും.

സംഘത്തിലെ പലിശ നിരക്കും വളരെക്കുറവാണ്. വ്യക്തികളിൽനിന്നും കടം വാങ്ങിക്കയാണെങ്കിൽ വസ്തു ജാമ്യം കൊടുക്കേണ്ടിവരും എന്നു മാത്രമല്ല, പണവും പലിശയും ഒന്നിച്ചുകൊടുത്തു് കടം തീർക്കേണ്ടതായി വരുകയും ചെയ്യും. പലിശനിരക്കും സാധാരണമായി കൂടുതലായിരിക്കും. അതിനാൽ സാധാരണക്കാരനു്, കിട്ടുന്ന ആദായംകൊണ്ടു് കടംതീർക്കാൻ സാധ്യമല്ലാതെ വരുകയും ജാമ്യവസ്തു കടം കൊടുത്ത ആളിന്റെ വക യായിത്തീരുകയും ചെയ്യും. ഇങ്ങനെ വ്യക്തികളിൽ നിന്നും കടംവാങ്ങി നശിച്ചിട്ടുള്ള ആളുകൾ അനവധി ഉണ്ടു്. ഈ വിഷമം ഉണ്ടാകാതെ പൗരന്മാരുടെ ധനപര മായ ആവശ്യങ്ങൾ സാധിക്കാമെന്നുള്ളതാണു് ധന വിതരണ സംഘങ്ങൾ കൊണ്ടുള്ള പ്രയോജനം. ഞങ്ങളുടെ നാട്ടിലെ ചെറുതരം കൃഷിക്കാർക്കു് ഈ സംഘം ഒരു വലിയ അനുഗ്രമായിത്തീർന്നിട്ടുണ്ടു്.

ഇപ്പോൾ നിങ്ങൾ എന്തു പറയുന്നു? അമിതലാഭം എടുത്തു് നാട്ടുകാരെ ഉപദ്രവിച്ചുകൊണ്ടിരുന്ന മുതലാളി യെ ഞാൻ തോല്പിച്ചു. നാട്ടുകാർക്കു് അതു് ഒരനുഗ്രഹ മായിത്തീർന്നു. ഇക്കാര്യത്തിൽ എനിക്കു് ന്യായമായി അഭിമാനിക്കാൻ അവകാശമില്ലേ?

ഒരു കാര്യം കൂടി നിങ്ങളെ അറിയിക്കാനുണ്ടു്. വിദ്യാലയസഹകരണസംഘം സ്ഥാപിച്ച ദിവസം ഞാൻ ഒരു പ്രതിജ്ഞ ചെയ്തിരുന്നു, എന്റെ വിദ്യാഭ്യാസം കഴിഞ്ഞാൽ ജീവിതം സഹകരണ പ്രസ്ഥാനത്തിന്നു വേണ്ടി സമർപ്പിക്കാമെന്നു്. ആ പ്രതിജ്ഞ നിറവേ റ്റാൻ കഴിയുമെന്നു് എനിക്കു വിശ്വാസമുണ്ടു്.

പാഠം 17

അവരെത്തടയരുതേതുനാളും

[ഭക്തിമതികളായ ചില സ്ത്രീകൾ യേശുഭഗവാന്റെ സന്നിധിയിൽ തങ്ങളുടെ കുട്ടികളെക്കൊണ്ടുചെന്നു് ആശീർവാദത്തിനപേക്ഷിച്ചപ്പോൾ ശിഷ്യന്മാർ അവരെ തടഞ്ഞുനിർത്തി. അപ്പോൾ കരുണാനിധിയായ യേശുക്രിസ്തു ശിഷ്യന്മാരെ വിലക്കുകയും കുട്ടികളെ തന്റെ സമീപത്തിലേക്കു വിടാൻ നിർദ്ദേശിക്കുകയും ചെയ്തു. ശിശുഹൃദയത്തിന്റെ നൈർമ്മല്യമാണു് യേശുഭഗവാന്റെ പ്രവൃത്തിയിൽനിന്നും ഗ്രഹിക്കേണ്ടതു്.]

ഒരു നാളിൽ യേശുഭഗവാൻ തന്റെ
തിരുമുമ്പിൽ വന്നുജനങ്ങൾ തിങ്ങി,

അരുമയായോരെന്നിളം കിടാവെ-
ത്തിരുമേനിയൊന്നു തൊടേണമെന്നും

ഭഗവാനനുഗ്രഹിക്കേണമെന്നും
അവരിലോരോരുവർ തിങ്ങിക്കൂടി.

ഭഗവാന്റെ ശിഷ്യരവരെയപ്പോ-
ളകലത്തു മാറാനനുശാസിച്ചു.

അതുകണ്ടു യേശുഭഗവാൻ താനു-
മതുലദയാർദ്രനായേവമോതി:—

"അരുമക്കിടാങ്ങളെയെന്നരികിൽ
വരുവാനനുവദിക്കേണം നിങ്ങൾ.

ഇവരെപ്പോലുള്ളോരമലന്മാർതാ-
നമരത്വമാളുന്ന പുണ്യവാന്മാർ.



ശിശുതുല്യനൈർമ്മല്യമേശിടാത്തോ-
നൊരുനാളും പൂകിടാ സ്വർഗ്ഗരാജ്യം.
പരമാർത്ഥസാരമിതോർത്തുനിങ്ങ-
ളവരെത്തടയരുതേതുനാളും"

[എൻ. ഗോപാലപിള്ള.

പാഠം 18

സമയനിഷ്ഠ

പന്ത്രണ്ടു സ്ത്രീകൾ അടങ്ങിയ ഒരു കമ്മിററി കൂടുന്നതിനു് ഒരു അംഗം വന്നുചേരുവാനുള്ള താമസം കൊണ്ടു് കാൽമണിക്കൂർ മററുള്ളവർ കാത്തിരിക്കേണ്ടിവന്നു. "ആകപ്പാടെ പതിനഞ്ചുമിനിട്ടേ താമസിച്ചുള്ളുവല്ലോ" എന്നു് സമയം കഴിഞ്ഞുവന്ന സ്ത്രീ ആശ്വാസകരമായി പറഞ്ഞു. ഇതുകേട്ടു് കമ്മിററിയുടെ അദ്ധ്യക്ഷ ഇങ്ങനെ പ്രസ്താവിച്ചു:-"പ്രിയസഖി, നിങ്ങൾക്കു് സ്വന്തം സമയത്തിൽ കാൽ മണിക്കൂർ മാത്രമേ നഷ്ടപ്പെട്ടിട്ടുള്ളു. എന്നാൽ ജോലിത്തിരക്കുള്ള പതിനൊന്നുപേർ മിനക്കെട്ടു് നിങ്ങളെ കാത്തിരിക്കേണ്ടിവന്നു. അതുകൊണ്ടു് ആകപ്പാടെ മൂന്നുമണിക്കൂർ സമയമാണു് നിങ്ങൾ പാഴാക്കീട്ടുള്ളതു്."

നേരനീക്കംപോലെ മുഷിച്ചിലുണ്ടാക്കുന്ന ദുശ്ശീലങ്ങൾ മററു് അധികമില്ല. നിശ്ചിതസമയത്തെ അഗണ്യമാക്കുന്ന സ്ത്രീകളും പുരുഷന്മാരും അന്യരുടെ സ്വഭാ-

വപാകത്തെ ധ്വംസിക്കുന്നു. സൗമ്യശീലം വെടിയുന്നതു് ആർക്കും ശോഭനമല്ലെങ്കിലും ആരുടെയും ക്ഷമാബലം നേരനീക്കം വരുത്തി കഠിനമായി പരീക്ഷിക്കാതിരിക്കുകയാണു് ഉത്തമം. കൃത്യമായി പ്രവർത്തിക്കാത്ത പല സാധുശീലന്മാരുമുണ്ടു്. അവരോടു് അതു് സ്വാർത്ഥതാൽപര്യംകൊണ്ടാണെന്നു പറഞ്ഞാൽ അവർ വിസ്മയിക്കുമായിരിക്കും. എന്നാൽ നേരനീക്കത്തിനു കാരണം സ്വാർത്ഥപ്രതിപത്തി തന്നെയാണു്. എന്തുകൊണ്ടെന്നാൽ അവരുടെ വീഴ്ചകൾകൊണ്ടു് അന്യർക്കുണ്ടാകുന്ന മുഷിച്ചിലും നീരസവും അവർ ഗൗനിക്കുന്നില്ലല്ലോ.

'സമയനിഷ്ഠ രാജാക്കന്മാരുടെ മര്യാദയാണു്' എന്നൊരു പഴഞ്ചൊല്ലുണ്ടു്. ബ്രിട്ടീഷ് സാമ്രാജ്യം ഭരിച്ചിരുന്ന വിക്ടോറിയാരാജ്ഞി അവരുടെ ദീർഘമായ രാജ്യഭാരകാലത്തു് മററു് എത്രയോ ആളുകളെക്കാൾ കൃത്യപരതന്ത്രയായിരുന്നെങ്കിലും സ്വപ്രതിജ്ഞകളെ കണിശമായും ഭദ്രമായും പരിപാലിച്ചിരുന്നു. നെപ്പോളിയൻെറ സഹോദരി ഒരു രാജകുമാരിയായതിനുശേഷം നടന്ന ഒരു കഥ ഇവിടെ പ്രസ്താവയോഗ്യമാണു്. അവരുടെ ചിത്രമെഴുതുന്നതിനു് ഒരു ചിത്രകാരനെ ഒരിക്കൽ ഏർപ്പാടുചെയ്തു. എന്നാൽ അവരുടെ സന്നിധാനം ലഭിക്കുവാനുള്ള താമസംകൊണ്ടു് ചിത്രകാരൻ പലപ്പോഴും മിനക്കെട്ടു കാത്തിരിക്കേണ്ടിവന്നു. ഒടുവിൽ ക്ഷമകെട്ടു് അയാൾ അവരോടു് ഇങ്ങനെ പറഞ്ഞു:—"സാക്ഷാൽ രാജകുമാരികളായ പലരുടേയും പടം ഞാൻ എഴുതിയിട്ടുണ്ടു്. അവർക്കാർക്കും വേണ്ടി കാത്തിരിക്കേണ്ട ആവശ്യം എനിക്കു് ഉണ്ടായിട്ടില്ല." രാജ്യകുമാരി അതുകേട്ടു് വളരെ ലജ്ജിച്ചു.

നേരനീക്കം കാര്യത്തിരക്കുള്ളവർക്കു സാധാരണമായി സംഭവിക്കുന്ന വീഴ്ചയല്ല. അങ്ങനെയുള്ളവർ അവരുടെ കാര്യങ്ങൾ വേണ്ടവിധത്തിൽ വ്യവസ്ഥപ്പെടുത്തി നിർവഹിച്ചുകൊണ്ടിരിക്കുന്നു. അവർ സ്വന്തസമയവും അന്യരുടെ സമയവും വൃഥാ വ്യയം ചെയ്യുന്നതിൽ വിമുഖരാകുന്നു.

സമയത്തെപ്പററി ശ്രദ്ധയില്ലാത്തവർ യാത്രചെയ്യുമ്പോൾ പല വൈഷമ്യങ്ങളിലും അകപ്പെട്ടുന്നു. അവർ ഓടിക്കിതച്ച് തീവണ്ടിയിൽ കയറാൻ ശ്രമിക്കുന്നു. വണ്ടിവിടാൻ ഒന്നോ രണ്ടോ നിമിഷം മാത്രമുള്ളപ്പോൾ അവർ വണ്ടിമുറിയിൽ വലിഞ്ഞു കയറുന്നു. കയറുന്ന മുറി നിറച്ച് ആളുകൾ ഉണ്ടായിരുന്നാൽ അവരുടെ കൂട്ടത്തിൽ കടന്ന് തിക്കും തിരക്കും ഉണ്ടാക്കുന്നു. അതിന്നിടയിൽ അവരുടെ സാമാനങ്ങളുടെ കാര്യം വിട്ടുപോകയും ചെയ്യുന്നു. ചിലപ്പോൾ കണിശമില്ലാത്തവർ ബദ്ധപ്പെട്ട് ഓടിച്ചെല്ലുമ്പോഴേയ്ക്കു് തീവണ്ടി, ബോട്ടു മുതലായ വാഹനങ്ങൾ കിട്ടാതെ വിഷമിക്കയും അന്യദിക്കിൽ ചെയ്തിട്ടുള്ള മുന്നേർപ്പാടുകൾക്കു ഭംഗം സംഭവിക്കയും ചെയ്യുന്നു. അശ്രദ്ധ നിമിത്തം ഇത്തരം യാത്രക്കാർക്ക് വഴിക്ക് വിജനപ്രായമായ വല്ല റയിൽവേസ്റ്റേഷനിലും കിടക്കേണ്ടതായും കണ്ടിത്തതോടുകൂടി മണിക്കൂറെണ്ണിക്കൊണ്ടിരിക്കേണ്ടതായും വരുന്നു. ഇതെല്ലാം സമയത്തെ അഗണ്യമാക്കുകകൊണ്ടുള്ള ഫലമാണ്.

പ്രസംഗങ്ങൾ, നാടകങ്ങൾ മുതലായവയ്ക്കു് സമയത്തു ചെന്നുചേരാത്തവരും ഉണ്ടു്. ഇവർ പിന്നണിയിൽ വല്ലയിടത്തും ചെന്നിരിക്കയും വ്യക്തമായി കേൾക്കാനും കാണാനും വഹിയാതെ വരുമ്പോൾ

മുന്നോട്ട കടന്നിരിക്കാൻ ശ്രമിക്കയും മററുള്ളവരെ അസഹ്യപ്പെടുത്തുകയും ചെയ്യുന്നു. ഭക്ഷണത്തിനു ക്ഷണിച്ചാൽ മററുള്ളവർ ഊണിനിരുന്നു കുറേക്കഴിഞ്ഞു് ചിലർ ചെന്നുകൂടാറുണ്ട്. അവർക്കു വല്ല കോണിലോ മൂലയിലോ ഇല ഇട്ടുകൊടുക്കുകയും വിളമ്പുന്നവർ നിശ്ശബ്ദമായി ശപിച്ചുകൊണ്ടു വിളമ്പിക്കൊടുക്കുകയുംചെയ്യുന്നു. നിവൃത്തിയില്ലാതെ വന്നാൽ അടുത്ത പന്തിവരെ തക്കംതെററുന്നവർ മററുള്ളവരുടെ ഉരുള എണ്ണിക്കൊണ്ടിരിക്കുന്നതും കണ്ടിട്ടുണ്ട്.

സമയനിഷ്ഠ ഇല്ലാത്തവർക്കു പററുന്ന വൈഷമ്യങ്ങൾക്കു് വേറെയും ദൃഷ്ടാന്തങ്ങൾ സുലഭങ്ങളാണു്. ക്ലിപ്തസമയത്തു വിവാഹത്തിനു വന്നു ചേരായ്കയാൽ മുഹൂർത്തം തെററി വിവാഹം കഴിച്ച വരന്മാർ ഉണ്ടെന്നു പറഞ്ഞാൽ ഈ ദോഷം എത്ര ഗാഢമായി ചിലരെ ബാധിക്കുമെന്നു് ഊഹിക്കാവുന്നതാണല്ലോ. അലസമായും സമയം വ്യർത്ഥമാക്കിയും കാര്യങ്ങൾ നിർവഹിക്കാമെന്നു വയ്ക്കുന്നവർക്കാണു് ഈ വക ഏടാകൂടങ്ങൾ പററുന്നതു്. ചെറുപ്പം മുതല്ക്കേ സമയനിഷ്ഠ ശ്രദ്ധിച്ചു ശീലിക്കേണ്ടതാകുന്നു.

പള്ളിക്കൂടത്തിലേയ്ക്കു പുറപ്പെടാൻ സമയമാകുന്നതുവരെ അതും ഇതും നോക്കിക്കൊണ്ടിരുന്നു് ഒടുവിൽ ബദ്ധപ്പെട്ടു് ഉടുപ്പിടുകയും പുസ്തകം തപ്പിനടക്കയും ചെയ്യുന്ന ചില കുട്ടികൾ ഉണ്ടു്. അവർ സമയത്തിനു് ക്ലാസ്സിൽ എത്താറില്ല. മററു ചിലർ

അന്നന്നു പഠിക്കാനുള്ള പാഠം പഠിക്കാതെ പിന്നെയാകാമെന്നു നീക്കിവയ്ക്കുന്നു. അങ്ങനെയുള്ളവർ പരീക്ഷ അടുക്കുമ്പോൾ വളരെ പാട്ടുപെട്ടു പഠിച്ചാലും പരീക്ഷയിൽ പ്രായേണ പരാജയപ്പെടുന്നു. അവരവരാൽ കഴിയുന്നതിൽ കൂടുതലായിട്ട് ഒന്നും ഒരു ദിവസത്തേയ്ക്കുള്ള കൃത്യമായി സ്വീകരിക്കരുത്. വളരെയൊക്കെ ഏൽക്കയും ഒടുവിൽ തോൽക്കയും ചെയ്യുന്നതിനെക്കാൾ എത്രയോ ഭേദം കയ്യേൽക്കുന്നതു കുറച്ചായാലും അതു കണിശമായി സമയത്തു ചെയ്തുതീർക്കയാകുന്നു.

പറഞ്ഞാൽ പറഞ്ഞതുപോലെ പ്രവർത്തിക്കയും സമയനിഷ്ഠയെ ആദരിക്കയും ചെയ്യുന്നവരോട് ഏർപ്പെടുന്നതുപോലെ സന്തോഷം മറ്റൊന്നുമില്ല. നിർദ്ദിഷ്ട സമയത്തു സാമാനങ്ങൾ കൊണ്ടുവന്നുതരുന്ന വ്യാപാരിയും, യഥാകാലം പള്ളിക്കൂടത്തിൽ ഹാജരാകുന്ന ഉപാധ്യായനും, വിദ്യാർത്ഥിയും, കോടതി കൂടേണ്ട സമയത്തുതന്നെ ഹാജരായിരിക്കുന്ന ജഡ്ജിയും വക്കീലന്മാരും, കാണാമെന്നു പറയുന്ന സമയത്തു വന്നുചേരുന്ന സ്നേഹിതന്മാരും മററുള്ളവരുടെ സൗകര്യത്തെ പുരസ്കരിക്കുന്നവരാകയാൽ ആദരണീയന്മാരാകുന്നു. അങ്ങനെയുള്ള യോഗ്യന്മാർ ഇച്ഛാഭംഗങ്ങൾക്കു ഇട കൊടുക്കാതെയും സമയത്തെ സഫലമാക്കിയും കാര്യങ്ങൾ നിർവഹിക്കുന്നു. സമുദായജീവിതത്തിനു വേണ്ട ഗുണങ്ങളിൽ ഉത്തമമത്രേ സമയനിഷ്ഠ.

പാഠം 19

ഗുണവതിയായ പെൺകുട്ടി

ഒരിക്കൽ ശ്രാവസ്തി എന്ന നഗരത്തെ ക്ഷാമം അതികഠിനമായി ബാധിച്ചു. ഊണിനു വകയില്ലാതെ ഒട്ടധികം പാവപ്പെട്ടവർ ചത്തൊടുങ്ങി. കുളങ്ങളിലും കിണറുകളിലും വെള്ളം കുറഞ്ഞിരുന്നതിനാൽ ജലപാനത്തിനുപോലും ജനങ്ങൾ ബുദ്ധിമുട്ടി. ബുദ്ധഭഗവാൻ തന്റെ അവതാരംകൊണ്ട് ഭാരതവർഷത്തെ അനുഗ്രഹിച്ച കാലഘട്ടമായിരുന്നു അത്. ആ അവസരത്തിൽ അദ്ദേഹം അവിടെ എത്തി നഗരവാസികളിൽ പ്രമാണികളായുള്ളവരെ വിളിച്ചുവരുത്തി ഇങ്ങനെ ചോദിച്ചു.

ബുദ്ധൻ:—രത്നാകരാ, നീയല്ലേ ഈ നഗരത്തിലെ ഒന്നാമത്തെ ഉണ്ടികവ്യാപാരി?

രത്നാ:—സ്വാമിൻ, ഞാൻ തന്നെ.

ബുദ്ധൻ:—ആരെങ്കിലും ഒരാൾ സാധുക്കളെ ഈ ക്ഷാമകാലത്ത് രക്ഷിക്കുവാൻ യത്നിക്കേണ്ടയോ? അതു നീ ആയാലെന്ത്?

രത്നാ:—ഭഗവാനേ, എന്നെക്കൊണ്ട് ഈ കാണുന്ന സാധുക്കളെയെല്ലാം ഒററയ്ക്കു പോററിപ്പുലർത്തുവാൻ കഴിയുമോ? അത്തരത്തിൽ ഒരു കുബേരനാണോ ഞാൻ? എന്റെ കൈയിൽ അക്ഷയപാത്രമുണ്ടോ ? കുറേ കാശുണ്ട്; കഷ്ടപ്പെട്ടു സമ്പാദിച്ച കാശ്. ഊരടച്ച് തീററുവാൻ പുറപ്പെട്ടാൽ അതു് എത്ര നാളത്തേയ്ക്കു നിൽക്കും?

എനിക്ക് ഏഴെട്ടു കുട്ടികൾ ഉണ്ടു്. ആ കിടാങ്ങൾക്കു് ഞാനല്ലാതെ ആരുണ്ടു ? അവററയ്ക്കു വല്ലതും നേടിവച്ചിട്ടു വേണ്ടേ മരിക്കാൻ?

ബുദ്ധൻ:—ശരി. എന്നാൽ നീ മാറിനിൽക്കു്. ജയസേനാ, നീ വിചാരിച്ചാൽ കുറേ ദരിദ്രരെയെങ്കിലും ക്ഷാമബാധയിൽനിന്നും രക്ഷിക്കരുതോ? ഒന്നു പരീക്ഷിച്ചുനോക്കൂ!

ജയ:—ഞാൻ എന്തു പരീക്ഷിക്കാനാണു്? എനിക്കു ദേഹബലമുണ്ടു്, മനഃസ്ഥൈര്യമുണ്ടു്; ഏതു ശത്രു എതിരിട്ടാലും ഒരു കൈ നോക്കാം. പക്ഷേ ക്ഷാമ

ദേവതയോട്ട് ഞാൻ എന്തെടുക്കം? അതിനെ ആട്ടിപ്പായിക്കുവാനുള്ള വിദ്യ ഞാൻ പഠിച്ചിട്ടില്ലല്ലോ.

ബുദ്ധൻ:—എന്നാൽ പോകട്ടെ, നീയും വേണ്ട. ഇനി ധർമ്മപാലൻ നിൽക്കുന്നു. ഇത്ര സമ്പത്തുള്ള ഒരു ധനികൻ ഈ നഗരത്തിലില്ലല്ലോ. എന്തു്, ധർമ്മപാലാ, ഞാൻ പറയുന്നതു സത്യമല്ലേ?

ധർമ്മ:—സ്വാമിൻ, ജനങ്ങൾ അങ്ങനെ പറയുന്നു അതു് തീരെ അസത്യമാണെന്നു ഞാൻ വാദിക്കുന്നുമില്ല.

ബുദ്ധൻ:—എന്നാൽ ഞാൻ ഉദ്ദേശിക്കുന്ന കാര്യത്തിനു് വേറെ ആളുകളെ അന്വേഷിക്കണമെന്നില്ലല്ലോ. നിനക്കുതന്നെ ഈ ധർമ്മം ചെയ്യരുതോ?

ധർമ്മ:—അയ്യോ! എന്റെ ഭഗവാനേ, അങ്ങനെ തീർച്ചപ്പെടുത്തിയാൽ ഞാൻ ചുററിപ്പോമേ! കഴിഞ്ഞ കൊല്ലത്തിൽ എന്റെ നിലങ്ങളിലെ വിളവു് അപ്പടി നശിച്ചുപോയി. ഇക്കൊല്ലത്തെക്കാര്യം പറയാനുമില്ലല്ലോ. കരംകൊടുത്തു നിന്നു കൊള്ളുവാൻ വഴി കാണാതെ കഷ്ടണിക്കുന്ന കാലമാണേ! ഇപ്പോൾ ദാനധർമ്മത്തെപ്പററി ചിന്തിക്കുവാൻ പോലും എന്നെക്കൊണ്ടു നിവൃത്തിയില്ല. വീടു നന്നാക്കിയിട്ടുവേണ്ടേ നാടുനന്നാക്കാൻ?

ഇത്തരത്തിൽ ഓരോ പ്രമാണിയും ഓരോ ഒഴികഴിവു പറഞ്ഞു് പിൻമാറി. പരോപകാരത്തിൽ അഭിരുചി അവരിൽ ആർക്കുംതന്നെ ഇല്ലായിരുന്നു.

കുറഞ്ഞ വിലയ്ക്കു വസ്തു വാങ്ങുക, കൂടുതൽ പലിശയ്ക്കു കടം കൊടുക്കുക, ഇങ്ങനെയുള്ള വ്യവസായങ്ങളിലാണ് അന്നു ധനവാന്മാർ ഏർപ്പെട്ടിരുന്നതു്.

ബുദ്ധൻ ഒട്ടൊന്ന് അമ്പരന്ന് നൈരാശ്യത്തോടുകൂടി നാലുവശത്തേയ്ക്കും നോക്കി. ഇതെല്ലാം കണ്ടുകൊണ്ട് കുറേപ്പേർ ആ കൂട്ടത്തിൽ നിന്നിരുന്നു. അവരിൽ പതിന്നാലു വയസ്സുമാത്രം പ്രായമുള്ള സുപ്രിയ എന്നൊരു ബാലിക ഭഗവാന്റെ സമീപത്തു് എത്തി. അവൾ അതിദരിദ്രനായ ഒരു യാചകന്റെ മകളായിരുന്നു. ആ കുമാരി അവിടെ കൂടിനിന്നവരെയെല്ലാം വിനയത്തോടുകൂടി വണങ്ങി യതീശ്വരനോട്, "സ്വാമിൻ, അവിടത്തെ തിരുവുള്ളമുണ്ടെങ്കിൽ അടിയൻ വിശപ്പുള്ളവരെയെല്ലാം ഊട്ടാം" എന്ന് ഉണർത്തിച്ചു.

ബുദ്ധൻ കരുണയോടും വാത്സല്യത്തോടുംകൂടി ആ പെൺകുട്ടിയെ അനുഗ്രഹിച്ചു.

ബുദ്ധൻ:—എന്തു് സുപ്രിയേ, നീ എന്തു പറഞ്ഞു? നിനക്ക് ഭ്രാന്തുണ്ടോ? നീയാര്? നിന്റെ കുടുംബത്തിന്റെ നിലയെന്തു്? നിനക്ക് എന്തു സമ്പത്തുണ്ട്? നീ എന്തൊരു പ്രതിജ്ഞയാണ് ഇവിടെ ചെയ്തതു്? അതു് നിറവേററുവാൻ നിനക്ക ശക്തിയുണ്ടോ? എന്തു ചാപല്യമാണ് നീ ഇപ്പോൾ കാണിച്ചതു്?

സുപ്രി:—ഭഗവാനേ, ഇവിടെ കൂടിയിരിക്കുന്നവരിൽ ഏററവും പാവപ്പെട്ടവൾ അടിയനാണെന്ന് അടിയനറിയാം. അതുതന്നെയാണ് അടിയന്റെ ശക്തി. അടിയനോ അടിയന്റെ കുടുംബത്തിനോ

വല്ല വസ്തുവകകളും ഉണ്ടായിരുന്നു എങ്കിൽ അതെല്ലാം പരിപാലിക്കുന്നതിനായിരിക്കും അടിയന്നു് ആഗ്രഹം. അതു് വർദ്ധിപ്പിക്കുന്നതിനായിരിക്കും അടിയന്റെ പ്രയത്നം. സ്വാർത്ഥത്തിനു് അടിമപ്പെടേണ്ട ആവശ്യം അടിയന്നു് ഇപ്പോൾ ഇല്ല. സ്വാതന്ത്ര്യത്തിന്റെ സ്വാദു് അടിയൻ പൂർണ്ണമായി അനുഭവിക്കുന്നു. രത്നാകരന്റെയും ജയസേനന്റെയും ധർമ്മപാലന്റെയും ഇവിടെ കൂടി നിൽക്കുന്ന മററു സകല ജനങ്ങളുടെയും ധാന്യവും നാണയവും അടിയന്റെ ധാന്യവും നാണയവും അല്ലേ ? അടിയന്നു് അവരിൽ ഓരോരുത്തരുടേയും പടിവാതിൽക്കൽ ചെന്നുനിന്നു വേണ്ടതു ചോദിച്ചു വാങ്ങാമല്ലൊ. അതിനു ദൈവം കാലും നാക്കും തന്നു് അടിയനെ അനുഗ്രഹിച്ചിട്ടുണ്ടു്; അതു മതി. പ്രഭോ, അടിയൻ ഉററു ശ്രമിക്കാം. അടിയന്റെ ഉദ്ദേശ്യം നല്ലതാണെങ്കിൽ സർവേശ്വരൻ അടിയനെ നിശ്ചയമായും സഹായിക്കും. അടിയനോടു സഹകരിക്കുന്നതിനുള്ള സദ്ബുദ്ധി രത്നാകരൻ മുതലായവർക്കു് നല്കുകയും ചെയ്യും.

ഇങ്ങനെ തന്റെ പ്രതിജ്ഞയെ വീണ്ടും ഉറപ്പിച്ചു് ഗുണവതിയായ ആ പെൺകുട്ടി ബുദ്ധന്റെ മുഖത്തേയ്ക്കു നോക്കി. "ഭഗവാനേ! അടിയൻ വിടകൊണ്ടതു പരമാർത്ഥമല്ലേ" എന്നു് ഭക്തിപാരവശയായി ചോദിച്ചു.

"അതേ ഓമനേ! ഈ നഗരത്തിന്റെ സുകൃതം മുഴുവൻ ക്ഷയിച്ചിട്ടില്ല. പാററയിട്ടക്കിലും ഉണ്ടു് ഒരു

നീരുറവ്; മരുഭൂമിയിലും ഉണ്ട് ഒരു മലർവാടി" എന്നു് ഭഗവാൻ മറുപടി പറഞ്ഞു. അദ്ദേഹത്തിന്റെ കണ്ണുകളിൽ നിന്നു് ആനന്ദബാഷ്പം ഒഴുകി.

ശ്രാവസ്തിയിലെ ധനവാന്മാർ ലജ്ജിച്ചു മുഖംതാഴ്ത്തി, ആ നിമിഷത്തിൽ തന്നെ ക്ഷാമനിവാരണത്തിനുവേണ്ട ഏർപ്പാടുകൾ ചെയ്തു. "സുപ്രിയ നമ്മുടെ മാനം രക്ഷിച്ചു. ബുദ്ധഭഗവാൻ നമ്മെ ശപിക്കാത്തതു് ആ പെൺകിടാവിന്റെ ഗുണം കൊണ്ടാണു്" എന്നു് അവർ എല്ലാവരും സമ്മതിച്ചു. ആ കുമാരിയെ ഒരു ദേവതയെപ്പോലെ ബഹുമാനിച്ചു.

പാഠം 20

പുത്രവാത്സല്യം

[ശ്രീകൃഷ്ണൻ പതിനൊന്നു വയസ്സുവരെ അമ്പാടിയിൽ പാർത്തതിനുശേഷം കംസൻ വാണിരുന്ന മഥുരയിലേക്കു പോയി. കംസൻ ജനങ്ങളെ പലതരത്തിൽ പീഡിപ്പിച്ചുകൊണ്ടിരുന്നതിനാൽ കൃഷ്ണൻ ആ ദുഷ്ടനെ വധിച്ചു് ഉഗ്രസേനനെ രാജാവാക്കി വാഴിച്ചതിന്റെ ശേഷം മഥുരയിൽത്തന്നെ വാസം ഉറപ്പിച്ചു. ഒരിക്കൽ അദ്ദേഹവും മഥുരാവാസികളിൽ പലരും ഒരു തീർത്ഥസ്നാനത്തിനു പോകയുണ്ടായി. അവിടെ തന്റെ വളർത്തമ്മയും വളർത്തച്ഛനുമായ യശോദയേയും നന്ദഗോപനേയും കാണ്മാൻ കൃഷ്ണനു് ഇടവന്നു. അവർ പുത്രവാത്സല്യം നിമിത്തം കൃഷ്ണനെ ലാളിക്കുന്നതും കൃഷ്ണൻ ലാളനകൾക്കു് വഴങ്ങുന്നതും മററും ഈ

പാഠത്തിൽ ഭംഗിയായി വിവരിച്ചിരിക്കുന്നു. ചെറുശ്ശേരി നമ്പൂരിയുടെ കൃഷ്ണഗാഥയിൽ നിന്നാണ്‌ ഈ പദ്യഭാഗം എടുത്തിട്ടുള്ളതു്.]

കോപിച്ചു പണ്ടുതാൻ കോല്യമായ്‌ ചെല്ലുമ്പോൾ
വേപിച്ചു മേവുന്ന മേനിതന്നെ
ചാലേപിടിച്ചങ്ങു പൂണ്ടുനിന്നീടിനാൾ
ബാലനായുള്ള നാളെന്നപോലെ. 4

പാരിച്ചു നിന്നുള്ള പാഴായ്മ ചെയ്കയാൽ
പാശത്തെക്കൊണ്ടു പിടിച്ചു കെട്ടി,
തിണ്ണം വലിച്ചു മുറുക്കി ഞാൻ നിൽക്കയാ-
ലുണ്ണിപ്പൂമേനിയിൽ പുണ്ണില്ലല്ലീ ?
എന്നങ്ങു ചൊല്ലിത്തലോടിത്തുടങ്ങിനാൾ
നന്ദനൻ തന്നുടെ മേനിതന്നെ. 10

എന്മടിതന്നിൽ ഞാൻ നന്നായിവച്ചുകൊ-
ണ്ടെന്മകൻ വാഴ്കെന്നു ചൊല്ലുന്നേരം,
എന്മുഖം നോക്കീട്ടു പുഞ്ചിരിതൂകുന്ന
നന്മുഖം കാണട്ടേയെന്നു ചൊല്ലി,
അമ്മുഖം തന്നെ മുകർന്നുതുടങ്ങിനാ-
ളമ്മയായുള്ള യശോദയപ്പോൾ. 16

നന്മധു തൂകിവന്നെന്മടി തന്നിലായ്‌
നന്മുലയുണ്ടു ചിരിക്കുന്നേരം,
തിണ്ണമെന്മാറിലടിച്ചു നിന്നീടുന്നോ-
രുണ്ണിക്കൈ കാണട്ടേ എന്നു ചൊല്ലി
മെല്ലെന്നെടുത്തു പുണർന്നു നിന്നീടിനാൾ
പല്ലവം വെല്ലുന്ന പാണിതന്നെ. 22

എന്നുടെ ചേലയിൽ ചേറു തേച്ചീടിനോ-
രുണ്ണിക്കാൽ കാണട്ടേ എന്നു ചൊല്ലി
സമ്മോദം പൂണ്ടു മുകർന്നു നിന്നീടിനാൾ
തന്മകൻ തന്നുടെ പാദങ്ങളെ.
ഇങ്ങനെയോരോരോ വേലകൾ കാട്ടിനാൾ
പൊങ്ങിനിന്നീടിന മോദത്താലേ. 28

എന്നതു കണ്ടൊരു നന്ദനമന്നേരം
ചെന്നങ്ങു പൂണ്ടുനിന്നായവണ്ണം
ചിത്തം തെളിഞ്ഞു പറഞ്ഞുതുടങ്ങിനാൻ
പുത്രനെക്കണ്ടുള്ള സന്തോഷത്താൽ. 32

നിത്യവും കണ്ട കിനാവുകളെല്ലാമേ
സത്യമെന്നിങ്ങനെ ചൊല്ലാമിപ്പോൾ
മുന്നമെപ്പോലെ വന്നിന്നു ഞാനെന്നുടെ
പൊന്നാരപ്പൈതലെപ്പൂണ്ടേനല്ലോ. 39

എൻ മുതുകേറിനിന്നാനകളിപ്പതി-
നിന്നിനിയാമോ ചൊല്ലുണ്ണിക്കണ്ണാ!
തിങ്കളെച്ചെന്നു പിടിപ്പതിനായിട്ടി-
ന്നെൻ കഴുത്തേറുകവേണ്ടയോ ചൊൽ?
ഓടി വന്നിട്ടുടനെന്മടി തന്നിലായ്
താടിപിടിച്ചു വലിക്കേണ്ടയോ? 42

പ്രേമം പൊഴിഞ്ഞു നിന്നിങ്ങനെയോരോരോ
ഓമനവാർത്തകളോതിയോതി
പിന്നെയും പിന്നെയും പൂണ്ടുനിന്നീടിനാൻ
നന്ദനൻ തന്നെയും നന്ദനപ്പോൾ. 48

പാഠം 21

ഒരു എഴുത്ത്

തിരുവനന്തപുരം,
10-1-1956.

പ്രിയപ്പെട്ട അനുജാ,

നിന്റെ എഴുത്തു കിട്ടി. അതു വായിച്ചപ്പോൾ എനിക്ക് എന്തു സന്തോഷം തോന്നിയെന്നോ! നല്ല ഭാഷ. അക്ഷരത്തെറ്റ് വളരെക്കുറവ്. കൈപ്പടയും നന്നായിട്ടുണ്ട്. നീ എഴുത്തെഴുതാൻ പഠിച്ചുപോയി. മിടുക്കൻ.

നിനക്ക് എന്റെ പള്ളിക്കൂടത്തിലെ വിശേഷങ്ങൾ അറിയണം; അല്ലേ? ഇന്നലെ ആയിരുന്നു ഞങ്ങളുടെ വിദ്യാലയത്തിന്റെ വാർഷികം. ഞങ്ങൾ അതു് എത്ര കേമമായി കൊണ്ടാടിയെന്നോ! പള്ളിക്കൂടം മുഴുവൻ മോടിയായി അലങ്കരിച്ചിരുന്നു. കാണികളെ കൂടുതൽ ആകർഷിച്ച അലങ്കാരം രണ്ടു വലിയ കുലവാഴകൾ ആയിരുന്നു. എന്റെ ഒരു സഹപാഠി കൃഷി ചെയ്തുണ്ടാക്കിയതാണവ. നല്ല ഒരു കൃഷിക്കാരനാണ് അയാൾ. തനിയെ കൃഷിചെയ്തുണ്ടാക്കുന്ന പണം കൊണ്ടാണ് അയാൾ ആവശ്യമുള്ള പുസ്തകങ്ങളും വസ്ത്രങ്ങളും വാങ്ങുന്നതു്. ഒരാണ്ടിൽ അയാൾ അമ്പതു കുലയെങ്കിലും വിൽക്കും. നമുക്കും അയാളെപ്പോലെ കൃഷി ചെയ്യണം. അനുജൻ എന്തു പറയുന്നു?

വൈകുന്നേരം നാലരമണിക്കായിരുന്നു പൊതുയോഗം. പന്തൽ നിറയെ ആൾ ഉണ്ടായിരുന്നു. ആ യോഗത്തിൽ പലരും പ്രസംഗിച്ചു. എങ്കിലും എന്നെ ഏറ്റവും

ആകർഷിച്ചിതു് അധ്യക്ഷപ്രസംഗമായിരുന്നു. വിദ്യാർത്ഥികൾ എപ്പോഴും ഓർത്തിരിക്കേണ്ട ചില കാര്യങ്ങളെപ്പററിയാണു് അദ്ദേഹം പ്രസംഗിച്ചതു്. നമുക്കെല്ലാം അറിയാവുന്ന കാര്യങ്ങളാണവ. എങ്കിലും നാം അവയെ അവഗണിക്കുകയാണു പതിവു്. അതുകൊണ്ടു് എന്തെല്ലാം ദോഷങ്ങളാണുണ്ടാകുന്നതു് എന്നു് അപ്പോഴാണു് എനിക്കു മനസ്സിലായതു്!

വിദ്യാർത്ഥികൾ നിത്യവും ഉപയോഗിക്കേണ്ട സാധനങ്ങൾ വൃത്തിയായി യഥാസ്ഥാനം സൂക്ഷിക്കേണ്ടതിനെക്കുറിച്ചാണു് അദ്ദേഹം ആദ്യാ പറഞ്ഞതു്. പുസ്തകം, നോട്ടുബുക്കു്, പെൻസിൽ, പേന, റബ്ബർ മുതലായവ നമുക്കു് എല്ലായ്പോഴും ആവശ്യമുള്ളവയാണെങ്കിലും വേണ്ടപോലെ സൂക്ഷിക്കാൻ നാം ശ്രദ്ധിക്കാറുണ്ടോ? നീ വൈകീട്ടു പള്ളിക്കൂടം വിട്ടു വന്നു് പുസ്തകവും പെൻസിലുമൊക്കെ വലിച്ചെറിഞ്ഞിട്ടു് കളിക്കാൻ പോകും. കാലത്തു് പള്ളിക്കൂടത്തിൽ പോകാൻ സമയമാകുമ്പോൾ പുസ്തകവും പെൻസിലും തേടി നടക്കുകയായി. അതൊന്നും കണ്ടില്ലെങ്കിൽ കൊച്ചനുജത്തിക്കായി കുററം മുഴുവൻ. നീ അവളോടു കോപിക്കും; അമ്മ നിന്നെ ശാസിക്കും; നീ കരയും. ഇങ്ങനെ എത്ര ദിവസമാണു് നീ കരഞ്ഞുകൊണ്ടു് പള്ളിക്കൂടത്തിൽ പോയിട്ടുള്ളതു്! ഇതെല്ലാം ആ പ്രസംഗം കേട്ടപ്പോൾ ഞാൻ ഓർത്തുപോയി. അല്പം സൂക്ഷിച്ചാൽ നമുക്കു് എന്തെല്ലാം വിഷമങ്ങൾ ഒഴിവാക്കാം!

ഇനിമേൽ നിൻെറ മേശപ്പുറം ഒന്നു വൃത്തിയാക്കണം. നോട്ടുബുക്കുകളും പുസ്തകങ്ങളും എല്ലാം ചിട്ടയായി അടുക്കിവയ്ക്കണം. ഓരോ സാധനവും

അതതിനുള്ള സ്ഥലത്തേ വയ്ക്കൂ എന്നു് ഒരു നിർബന്ധം വേണം. അപ്പോൾ ആ മേശപ്പുറം കാണാൻ എന്തു കൗതുകമായിരിക്കും!

ഇനി മറെറാരു കാര്യം. നാം പലപ്പോഴും ഗൃഹപാഠങ്ങളുടെ കാര്യം മറക്കാറില്ലേ? അതുമൂലം ഉള്ള നാണക്കേടുകൾ സഹിക്കാറില്ലേ? എന്താണു് അങ്ങനെ മറക്കാതിരിക്കാനുള്ള മാർഗ്ഗം? അതു് അദ്ദേഹം പറഞ്ഞുതന്നു. ഓരോ ദിവസവും ചെയ്യേണ്ട കാര്യങ്ങൾ ഒരു ചെറിയ ബുക്കിൽ കുറിച്ചുവയ്ക്കുക; ഓരോ ദിവസത്തെയും പ്രവൃത്തികൾ ആ കുറിപ്പനുസരിച്ചു നടത്തുക. ഇതൊരു നല്ല ഉപദേശമല്ലേ?

നമ്മുടെ പെരുമാററത്തിൽ ശ്രദ്ധിക്കേണ്ട ചില സംഗതികളെപ്പററിയും അദ്ദേഹം പ്രസംഗിച്ചു. നാം മററുള്ളവരുടെ ഇഷ്ടാനിഷ്ടങ്ങൾ കൂടി പരിഗണിച്ചിട്ടു വേണം പെരുമാറുവാൻ. ചിലരുണ്ടു്, ആളുകളുടെ ഇടയിൽ വച്ചുതന്നെ യാതൊരു കൂസലും കൂടാതെ മൂക്കു പിഴിഞ്ഞു് എറിയുവാനും, തുമ്മിയും ചീററിയും ചുററും നിൽക്കുന്നവരുടെ മുഖവും ഉടുപ്പും വൃത്തികേടാക്കുവാനും മടിക്കാത്തവർ. എന്തു ചീത്ത നടപടിയാണിതു്! അടുത്തു നിൽക്കുന്നവർക്കു് എന്തു വെറുപ്പുതോന്നും! ഇക്കൂട്ടർ ഇതറിയുന്നേ ഇല്ലെന്നു തോന്നുന്നു!

ആളുകൾ വഴിനടക്കുന്നിടത്തു് യാതൊരു സങ്കോചവും കൂടാതെ തുപ്പുന്നവരെയും, മലമൂത്രവിസർജ്ജനം ചെയ്യുന്നവരെയും പററി വളരെ അവജ്ഞയോടുകൂടിയാണു് അധ്യക്ഷൻ സംസാരിച്ചതു്. ഇക്കൂട്ടർ മനുഷ്യസമുദായത്തിലെ ക്ഷുദ്രജീവികൾ ആണത്രെ! "രോഗങ്ങൾ പരത്തുന്ന കൊതുകിനെയും ഈച്ചയെയും നമുക്കു നശിപ്പിക്കാൻ കഴിയും. എന്നാൽ അതുപോലെ

രോഗം പരത്തുന്ന ഇക്കൂട്ടരെ എന്താണു ചെയ്ക!" അദ്ദേഹം ഇത്രയും പറഞ്ഞുതീരുന്നതിനു മുമ്പ്, "നല്ല ചുട്ട അടി കൊടുക്കണം" എന്നൊരുത്തരം സദസ്സിൽ നിന്നു പൊങ്ങി. സകലരും പൊട്ടിച്ചിരിച്ചു. അധ്യക്ഷനും ചിരിച്ചു. ആകപ്പാടെ നല്ല രസമായിരുന്നു.

സംഭാഷണം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെപ്പററിയും അദ്ദേഹം ചിലതു പറയുകയുണ്ടായി. മററുള്ളവർക്ക് അസുഖം തോന്നത്തക്കവണ്ണം സംസാരിക്കരുത്. വിരോധിയോടായാലും അപരാധിയോടായാലും മര്യാദയായിമാത്രമേ സംസാരിക്കാവൂ. പലരും വീട്ടിലെ വേലക്കാരെ അതികഠിനമായി ശാസിക്കുന്നത് നീ കേട്ടിരിക്കും. അപ്പോൾ ആ പാവങ്ങൾ എന്തു ദുഃഖമാണ് അനുഭവിക്കുക! അവർ തെററുകൾ ചെയ്തിരിക്കും. ആ തെററുകൾ കണ്ട് നാം ക്ഷോഭിക്കുകയല്ല, ശാന്തമായി പറഞ്ഞ് തെററു ബോധ്യപ്പെടുത്തുകയാണു വേണ്ടത്. അപ്പോൾ അവർക്ക് പശ്ചാത്താപം തോന്നും; തെററ് ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുകയും ചെയ്യും.

എൻെറ അനുജാ, ആൾത്തിരക്കുള്ള സ്ഥലങ്ങളിൽ നമ്മുടെ ആളുകൾ പെരുമാറുന്ന രീതിയെപ്പററി അദ്ദേഹം ആക്ഷേപിച്ചപ്പോൾ ഞാൻ ലജ്ജിച്ചുപോയി. ഇന്നാളൊരു ദിവസം ട്രാൻസ്പോർട്ട ബസ്സിൽ തള്ളിക്കയറിയപ്പോൾ എൻെറ ഷർട്ടും മുണ്ടും കീറിയ കഥ അറിഞ്ഞിട്ടു പറഞ്ഞതാണോ എന്നുപോലും ഞാൻ സംശയിച്ചു. സിനിമാശാലയിലും റെയിൽവേ സ്റ്റേഷനിലും ടിക്കററു വാങ്ങുന്നിടത്തെ ബഹളം നീ കണ്ടിട്ടില്ലേ? ഞെരുക്കം,

തള്ളും, ഉന്തും ചിലപ്പോൾ അടികലശല്യം. ബഹളത്തിനിടയ്ക്കു് മുണ്ടും നേരിയതും ഉടുപ്പുമെല്ലാം കീറിയെന്നും വരും. ചിലപ്പോൾ പാക്കററടിയും നടക്കും. മുമ്പേ വരുന്നവർക്കു് മുമ്പേ വാങ്ങാൻ ഒക്കുന്ന വിധത്തിൽ ഒന്നിനു പിറകിൽ ഒന്നായി വരിയായിട്ടു നിന്നാൽ എന്തെല്ലാം വിഷമങ്ങൾ ഒഴിവാക്കാം. പരിഷ്കൃതരാജ്യങ്ങളിലെല്ലാം ഇതാണു പതിവു്. നാം ഇനിയും ഇതു പഠിച്ചിട്ടില്ല; കുറച്ചിലുതന്നെ!

ഇങ്ങനെ നാം ഓർമ്മിച്ചിരിക്കേണ്ടു പലതും അദ്ദേഹം ഉപദേശിച്ചു. എന്താ, ഇതൊക്കെ ശരിയാണെന്നു തോന്നുന്നില്ലേ? ഇക്കാര്യങ്ങൾ നാം മനഃപൂർവം ശ്രദ്ധിക്കേണ്ടതല്ലേ? ഏതായാലും ഞാൻ ഉറച്ചു കഴിഞ്ഞു, എൻെറ പെരുമാററം പരിഷ്കരിക്കാൻ. അനുജനും അങ്ങനെ ചെയ്യുമെന്നാണു് എൻെറ വിശ്വാസം. അപ്പോൾ കൂട്ടുകാരും നമ്മെ അനുകരിക്കും. അതിനു് അവരെ പ്രേരിപ്പിക്കുകകൂടി വേണമെന്നാണു് അദ്ധ്യക്ഷൻെറ അഭിപ്രായം. എന്തായാലും അനുജൻ ഒന്നു ശ്രമിച്ചേ മതിയാവൂ. ശ്രമം എത്രത്തോളം ഫലിച്ചു എന്നു് എഴുതി അറിയിക്കുകയും വേണം.

'അനുജൻ കൂടി അടുത്തുണ്ടായിരുന്നുവെങ്കിൽ' എന്നു് ഇന്നലെ എത്ര തവണ ഞാൻ ആഗ്രഹിച്ചുവെന്നോ? വാർഷികം അത്രയ്ക്കു പൊടിപൊടിച്ചു. നാടകാഭിനയവും മററും ഒന്നാന്തരമായി. അടുത്ത വാർഷികത്തിനു് നിന്നെ ഇങ്ങോട്ടു കൂട്ടിക്കൊണ്ടു വരാമെന്നു് അമ്മാവൻ ഏററിരിക്കുകയാണു്.

ആകപ്പാടെ എഴുത്തങ്ങു നീണ്ടുപോയി. അതുകൊണ്ടു് ഞങ്ങളുടെ നാടകത്തെപ്പററിയെല്ലാം അടുത്ത കത്തിൽ പറഞ്ഞുകൊള്ളാം.

മറുപടി അയയ്ക്കണേ.

വാത്സല്യപൂർവം,

നിൻെറ ഭാസിച്ചേട്ടൻ.

മേൽവിലാസം.

ശ്രീ. എം. രവികുമാർ, ആനന്ദഭവനം, ഒളശ്ശ, കോട്ടയം.

പാഠം 22

വെനീസ്സിലെ വ്യാപാരി

ഇററലിയിലെ ഒരു പ്രസിദ്ധ നഗരമാണു് വെനീസ്സ്. അതു് നാനൂറോളം വർഷങ്ങൾക്കു മുൻപു് ധനസമൃദ്ധവും പ്രബലവുമായ ഒരു സ്വതന്ത്ര സംസ്ഥാനമായിരുന്നു. അന്നു് അവിടത്തെ ധനികന്മാരുടെ കൂട്ടത്തിൽ ഷൈലാക്കു് എന്ന ഒരു യഹൂദനായിരുന്നു പ്രഥമഗണനീയൻ. അമിതമായ പലിശയ്ക്കു് പണം കടംകൊടുക്കുകയായിരുന്നു ഷൈലാക്കിൻെറ മുഖ്യമായ തൊഴിൽ. കടം കൊടുക്കുമ്പോൾ കരാറുകൾ എഴുതി കോടതി മുമ്പാകെ

സാക്ഷ്യപ്പെടുത്തണമെന്നു് അയാൾക്കു് നിർബന്ധവും ഉണ്ടായിരുന്നു. പണം തിരിച്ചു കിട്ടുന്നതിൽ വരാവുന്ന ഒരൊററ ദിവസത്തെ അമാന്തംപോലും അയാൾ ക്ഷമിച്ചിരുന്നില്ല. അയാൾ പണത്തിനെപ്പോലെ മറെറാന്നിനേയും സ്നേഹിച്ചിരുന്നില്ല. ഈ ദുരാഗ്രഹം നിമിത്തം അയാൾ വെനീസ്സിലെ ജനങ്ങളുടെ വെറുപ്പിനു പാത്രമായിത്തീർന്നു.

അൻേറാണിയോ എന്നു പേരുള്ള വേറൊരു വണിഗ്വരനും അന്നു് വെനീസ്സിൽ ഉണ്ടായിരുന്നു. അദ്ദേഹത്തിൻെറ സ്വഭാവം ഷൈലാക്കിൻേറതിനു നേരേ വിരുദ്ധമായിരുന്നു. അദ്ദേഹം കച്ചവടക്കാരോടു ദയാപൂർവം പെരുമാറുകയും പലിശ വാങ്ങാതെ പണം കടം കൊടുക്കുകയും ചെയ്തുവന്നു. ഇക്കാരണത്താൽ ദുരാഗ്രഹിയായ ഷൈലാക്കിനു് അദ്ദേഹത്തോടു വിരോധവും വൈരാഗ്യവും അനുദിനം വർദ്ധിച്ചു. എങ്ങനെയെങ്കിലും അൻേറാണിയോവിനെ ഒരു പാഠം പഠിപ്പിക്കണമെന്നു് അയാൾ നിശ്ചയിച്ചു.

അധികം താമസിയാതെ ഷൈലാക്കിൻെറ ആഗ്രഹം സാധിക്കുവാനുള്ള അവസരം വന്നുചേർന്നു. ഒരു ദിവസം അൻേറാണിയോവിനു ഷൈലാക്കിനോടു വലിയ ഒരു തുക വായ്പ ചോദിക്കേണ്ട ആവശ്യം നേരിട്ടു. അൻേറാണിയോവിൻെറ ആത്മമിത്രമായ ബസ്സാനിയോവിൻെറ ആവശ്യത്തിനായിരുന്നു പണം. വിദേശത്തു ചരക്കു കയററി അയച്ചിരുന്ന കപ്പലുകൾ വന്നുചേർന്ന ശേഷമേ അൻേറാണിയോവിനു പണം കിട്ടാൻ വഴിയുണ്ടായിരുന്നുള്ളു. അതിനാൽ വൈമനസ്യത്തോടെ യാണെങ്കിലും മിത്രസ്നേഹത്താൽ പ്രേരിതനായി

അദ്ദേഹം ഷൈലാക്കിനോടുതന്നെ പണം കടം വാങ്ങു വാൻ തീർച്ചപ്പെടുത്തി. ബസ്സാനിയോയുമൊരുമിച്ച് അൻേറാണിയോ ഷൈലാക്കിനെ സമീപിച്ച് ആവശ്യം അറിയിച്ചു. അൻേറാണിയോവിനെ കുടുക്കിലകപ്പെടുത്തു വാൻ അവസരം കാത്തിരുന്ന ഷൈലാക്ക് നിന്ദാപൂർവം പലതും പറഞ്ഞെങ്കിലും ഒടുവിൽ പലിശ കൂടാതെ, ആവശ്യപ്പെട്ട മൂവായിരം ഡക്കററ് (വെനീസ്സിലെ നാണയം) കൊടുക്കാമെന്നു സമ്മതിച്ചു. എന്നാൽ ആ യഹൂദൻ കളിയായിട്ടെന്നപോലെ അസാധാരണമായ് ഒരു വ്യവസ്ഥയാണ് നിർദ്ദേശിച്ചതു്. മൂന്നു മാസത്തിനകം ആ കടം വീട്ടാത്തപക്ഷം അൻേറാണിയോവിൻെറ ശരീരത്തിൽനിന്ന് ഒരു റാത്തൽ മാംസം മുറിച്ചെടുക്കുവാൻ ഷൈലാക്കിന് അവകാശമുണ്ടായിരിക്കണം എന്നായിരുന്നു വ്യവസ്ഥ. ക്രൂരമായ ഈ വ്യവസ്ഥയെ ബസ്സാനിയോ എതിർത്തുവെങ്കിലും അൻേറാണിയോ അതു സമ്മതിച്ച് കടം വാങ്ങിക്കുകയാണു ചെയ്തതു്

കൃതജ്ഞതാസൂചകമായി അദ്ദേഹം ഷൈലാക്കിനെ ഒരു വിരുന്നിനു ക്ഷണിച്ചു. വളരെ വൈമുഖ്യത്തോടെയാണ് ഷൈലാക്ക് വിരുന്നിനു പോയതു്. ഇതു ഷൈലാക്കിന് ഒരു ദുഃഖകാരണമായിത്തീരുകയും ചെയ്തു. പരമലുബ്ധനായ അയാൾക്ക് സുശീലയായ ഒരു മകളുണ്ടായിരുന്നു. അവൾക്ക് അച്ഛൻെറ ദുരാഗ്രഹത്തിൽ വളരെ സങ്കടം തോന്നിയിരുന്നു. അവൾ ലാറൻസോ എന്ന ഒരു യുവാവിനെ സ്നേഹിച്ചുപോന്നു. ധനത്തെ അമിതമായി പൂജിച്ച ഷൈലാക്കിനെ വിട്ടു പോകണമെന്ന് ആ കുമാരി ആലോചിച്ചിരുന്നു. ഷൈലാക്ക് വിരുന്നിനു പോയ അവസരം നോക്കി അവൾ സ്നേഹിതനുമൊത്ത്

വീട്ടുവിട്ടുപോയി. തിരിച്ചുവന്നപ്പോൾ വിവരം അറിഞ്ഞു് ഷൈലാക്കു് ദുഃഖനിമഗ്നനായി. അന്നു തൊട്ടു് അദ്ദേഹം നിരുത്സാഹനായിത്തീർന്നു.

അങ്ങനെയിരിക്കേ, അൻേറാണിയോവിൻെറ കപ്പലുകളെല്ലാം കൊടുങ്കാററിൽപ്പെട്ടു് കടലിൽ മുങ്ങിപ്പോയതായി ഒരു സ്നേഹിതനിൽ നിന്നു് ഷൈലാക്കിനു് അറിവുകിട്ടി. പുത്രി പോയതുകൊണ്ടു ദുഃഖിതനായിരുന്നിട്ടും ഷൈലാക്കു് അൻേറാണിയോവിൻെറ ഈ നഷ്ടത്തെപ്പററി കേട്ടപ്പോൾ വളരെ സന്തോഷിച്ചു. തൻെറ ശത്രുവിനെ നശിപ്പിക്കാൻ തരം കിട്ടിപ്പോയി എന്നു് അയാൾ ആഹ്ളാദിച്ചു. അല്പദിവസത്തെ അവധികൂടി കിട്ടുന്നതിനുള്ള അൻേറാണിയോവിൻെറ അപേക്ഷ അയാൾ നിരസിക്കുവാൻ മടിച്ചില്ല. വരാൻ പോകുന്ന വിപത്തുകൾ ഓർത്തു് എന്തുചെയ്യണമെന്നറിയാതെ അൻേറാണിയോ വിഷമിച്ചു.

അൻേറാണിയോവിൻെറ ആത്മമിത്രമായ ബസ്സാനിയോ ഈ അവസരത്തിൽ പോർഷ്യാ എന്ന സുന്ദരിയും ധനവതിയുമായ ഒരു പ്രഭുകുമാരിയെ വിവാഹം ചെയ്യുന്നതിനു പോയിരിക്കുകയായിരുന്നു. വിവാഹാനന്തരം ബസ്സാനിയോ പോർഷ്യായുമൊരുമിച്ചു താമസിക്കുമ്പോഴായിരുന്നു സ്നേഹിതനു നേരിട്ട വമ്പിച്ച നഷ്ടത്തെപ്പററി അറിയാൻ ഇടയായതു്. തന്നെ സഹായിക്കാൻ വേണ്ടി സ്വന്തം ജീവനെപ്പോലും ആപത്തിൽ പെടുത്തിയ ആത്മമിത്രത്തെ ഓർത്തു് ബസ്സാനിയോ അത്യധികം ദുഃഖിച്ചു. ഈ വിവരം അറിഞ്ഞപ്പോൾ സമ്പന്നയായ പോർഷ്യാ അൻേറാണിയോവിനെ

രക്ഷിക്കുവാൻ, മൂവായിരം ഡക്കററിനു പകരം അതിൻെറ ഇരട്ടിയോ മൂന്നിരട്ടിയോ നൽകാമെന്നു പറഞ്ഞു് ഭർത്താവിനെ ആശ്വസിപ്പിച്ചു. അതു കൊണ്ടും ഷൈലാക്കു് തൃപ്തിപ്പെടുകയില്ലെന്നു് അറിയാമായിരുന്നെങ്കിലും സ്നേഹിതനെ രക്ഷിക്കുവാൻ കഴിയുന്നതും ശ്രമിക്കുന്നതിനായി ബസ്സാനിയോ വേഗത്തിൽ വെനീസ്സിൽ എത്തി.

അപ്പോഴേയ്ക്കും കരാറു ലംഘിച്ചു. കുററത്തിനു് അൻറാണിയോവിനെ തടവിൽ ആക്കിക്കഴിഞ്ഞിരുന്നു. ബസ്സാനിയോ ഷൈലാക്കിനെക്കണ്ടു് കടത്തിൻെറ മൂന്നിരട്ടി കൊടുക്കുവാൻ സന്നദ്ധനാണെന്നു് അറിയിച്ചു. എന്നാൽ ക്രൂരനായ ഷൈലാക്കാകട്ടെ കരാറനുസരിച്ചു് അൻറാണിയോവിൻെറ ശരീരത്തിൽനിന്നു് ഒരു റാത്തൽ മാംസംതന്നെ കിട്ടണമെന്നു് ശഠിക്കുകയാണു ചെയ്തതു്.

ഇതിനിടയ്ക്കു് ധീരയും ബുദ്ധിമതിയുമായ പോർഷ്യാ ഒരു ഉപായം കണ്ടുപിടിച്ചു. പോർഷ്യായുടെ സഹോദരൻ ബല്ലാറിയോ ഒരു നിയമജ്ഞനായിരുന്നു. അദ്ദേഹത്തിൽനിന്നു് നിയമസംബന്ധമായ ഉപദേശങ്ങളും വാങ്ങി ഒരു അഭിഭാഷകൻെറ വേഷത്തിൽ പോർഷ്യാ ഉടനെ വെനീസ്സിലേയ്ക്കു തിരിച്ചു.

അതിവിചിത്രമായ ആ കേസ്സിൻെറ വിസ്താരം ആരംഭിക്കുന്നതിനുള്ള ദിവസമായി. കോടതിയിൽ വളരെ ജനങ്ങൾ തിങ്ങിക്കൂടി. നിർദ്ദിഷ്ടസമയത്തു് ന്യായാധിപനായ രാജാവു് വിസ്താരമാരംഭിച്ചു. അദ്ദേഹം ഷൈലാക്കിനെ ദുശ്ശാഠ്യത്തിൽനിന്നു പിന്തിരിപ്പിക്കുവാൻ തൻെറ സകല കഴിവുകളും ഉപയോഗിച്ചു ശ്രമിച്ചെങ്കിലും

ആ ക്രൂരൻ വ്യവസ്ഥയനുസരിച്ചുള്ള ഒരു റാത്തൽ മാംസത്തിനു വേണ്ടിത്തന്നെ വാദിച്ചു.

നിർദ്ദോഷിയും സത്യസന്ധനുമായ അന്റോണിയോവിനെ രക്ഷിക്കുവാൻ എന്തെങ്കിലും മാർഗ്ഗമുണ്ടോ എന്നു കണ്ടുപിടിക്കുവാൻ ബല്ലാറിയോ കോടതിയിൽ എത്തണമെന്ന് രാജാവ് ആവശ്യപ്പെടുകയും തനിക്കു കോടതിയിൽ ഹാജരാകാൻ സൗകര്യമില്ലാതിരിക്കുന്നതിനാൽ വേറൊരു നിയമജ്ഞനെ തന്റെ പ്രതിനിധിയായി അയയ്ക്കുന്നുവെന്ന് ബല്ലാറിയോ രാജാവിനെ അറിയിക്കുകയും ചെയ്തിരുന്നു. അങ്ങനെ വന്നെത്തിയ നിയമജ്ഞൻ വേഷപ്രച്ഛന്നയായ പോർഷ്യാ ആയിരുന്നു എന്നതു് ആരും അറിഞ്ഞിരുന്നില്ല.

കേസുവിസ്താരം തുടർന്നു. അന്റോണിയോ പ്രമാണം എഴുതിക്കൊടുത്തിട്ടുള്ളതായി സമ്മതിച്ചു. ഇതിനെത്തുടർന്ന് അദ്ദേഹത്തിൽ കാരുണ്യം പ്രദർശിപ്പിക്കണമെന്നും പ്രാണഹാനികരമായ ഒരു വിധിക്കു വേണ്ടി ശാഠ്യം പിടിക്കരുതെന്നും എല്ലാവരും ഷൈലക്കിനോടപേക്ഷിച്ചു. സ്നേഹവും കാരുണ്യവും നിയമത്തെക്കാൾ മഹത്തരങ്ങളാണെന്നും അവർ ചൂണ്ടിക്കാണിച്ചു. എന്നാൽ യഹൂദനാകട്ടെ, ഈ സമയമെല്ലാം മാംസം അറുത്തെടുക്കാൻ കത്തി തേച്ചു മൂർച്ച കൂട്ടുകയായിരുന്നു. വക്കീലിന്റെ അപേക്ഷകളെല്ലാം അയാൾ നിരസിച്ചു. ഒടുവിൽ അന്റോണിയോവിനോട് പണം തിരിച്ചുകൊടുക്കുവാൻ കഴിവില്ലേ എന്ന് വക്കീൽ ചോദിച്ചു. തൽസമയം രണ്ടിരട്ടിയോ വേണ്ടിവന്നാൽ പത്തിരട്ടിയോ നല്കുവാൻ താൻ തയ്യാറാണെന്ന് ബസ്സാനിയോ കോടതിയെ അറിയിച്ചു.

എന്നാൽ ഷൈലാക്ക് തന്റെ പ്രമാണം കോടതിയുടെ നേരേ നീട്ടിക്കൊണ്ട് അതിലെ വ്യവസ്ഥയനുസരിച്ചുള്ള വിധി പ്രസ്താവിച്ചുകിട്ടണമെന്നു ശഠിച്ചു. മൂന്നിരട്ടി പണം വാങ്ങി തൃപ്തിപ്പെടണമെന്ന് വക്കീൽ അവസാനമായി ഒന്നുകൂടി അപേക്ഷിച്ചിട്ടും അയാൾ നിരസിച്ചപ്പോൾ ന്യായാധിപൻ ഗൗരവം അവലംബിച്ചുകൊണ്ട് നിയമപ്രകാരം വിധി പ്രസ്താവിക്കുവാൻ തീർച്ചപ്പെടുത്തിയിരിക്കുന്നതായി പ്രഖ്യാപിച്ചു.

ഷൈലാക്ക് ആഹ്ളാദഭരിതനായി മുട്ടുകുത്തി ജഡ്ജിയെ സ്തുതിച്ചു. ഇതു കണ്ടപ്പോൾ കോടതിയിൽ കൂടിയിരുന്ന ജനങ്ങൾ ഷൈലാക്കിനെ ഹൃദയവേദനയോടുകൂടി ശപിക്കയാണു ചെയ്തത്.

ഇത്രയുമായപ്പോൾ വക്കീൽ പ്രമാണപ്രകാരം അന്റോണിയോവിന്റെ ശരീരത്തിൽനിന്നും ഒരുറാത്തൽ മാംസം അറുത്തെടുത്തുകൊള്ളുവാൻ ഷൈലാക്കിനു് അനുമതി നല്കി. ആ ശഠൻ അതിരററ ആനന്ദത്തോടുകൂടി നേരത്തെ തയ്യാറാക്കി വച്ചിരുന്ന കത്തിയും ത്രാസുമായി അന്റോണിയോവിനെ സമീപിച്ചു. പെട്ടെന്നു് ആ മൂർഖനെ തടഞ്ഞുകൊണ്ട് വക്കീൽ ചോദിച്ചു:—

"മാംസം മുറിച്ചെടുത്തശേഷം പ്രതിയെ അപമൃത്യുവിൽ നിന്നു രക്ഷിക്കുവാൻ ഒരു ഡാക്ടറെ ഏർപ്പാടു ചെയ്തിട്ടുണ്ടോ?

ഷൈ:—അങ്ങനെ ചെയ്യണമെന്നു പ്രമാണത്തിൽ ഇല്ലല്ലോ?

വക്കീൽ:—അങ്ങനെ പ്രമാണത്തിൽ ഇല്ലെങ്കിലും ദയ കാണിക്കുവാനെങ്കിലും അതു ചെയ്യരുതോ?

ഷൈ:—പ്രമാണത്തിൽ അതില്ല.

കോടതിയുടെ പരിസരങ്ങളിൽ നിന്നും പുറപ്പെട്ട ദീനസ്വരങ്ങൾക്കിടയിൽ വീണ്ടും ഷൈലോക്ക് ആ ക്രൂര കൃത്യം നിർവഹിക്കുന്നതിനു മുന്നോട്ടു നീങ്ങി. വക്കീൽ വീണ്ടും തടഞ്ഞുകൊണ്ടു് ഇങ്ങനെ പറഞ്ഞു: "താങ്കൾക്കു് ഒരൊററ റാത്തൽ മാംസത്തിനേ പ്രമാണപ്രകാരം അവകാശമുള്ളു; അതു മുറിച്ചെടുക്കുമ്പോൾ കച്ചവട ക്കാരൻെറ ദേഹത്തിൽനിന്നു് ഒരു തുള്ളി രക്തംപോലും ചൊരിയുവാൻ പാടില്ല. അങ്ങനെ രക്തം ചൊരിഞ്ഞാൽ നിയമപ്രകാരം താങ്കളുടെ ജീവനും സ്വത്തിനും ഹാനി സംഭവിക്കുന്നതാണു്."

അപ്രതീക്ഷിതമായ ഈ വാദം ജനങ്ങളെ അത്യധികം സന്തോഷിപ്പിച്ചു. വക്കീലിൻെറ ബുദ്ധി വൈഭവത്തെ എല്ലാവരും പുകഴ്ത്തി. ഷൈലോക്കു് കുഴപ്പത്തിലായി. തൻെറ ജീവനും സ്വത്തും അപകട ത്തിലാകുമെന്നു് അയാൾ ഭയപ്പെട്ടു. രക്ഷനേടുവാനുള്ള യുക്തികളൊന്നും അയാൾക്കു തോന്നിയില്ല. ഒടുവിൽ മൂന്നിരട്ടി പണംകൊണ്ടു് തൃപ്തിപ്പെട്ടുകൊള്ളാമെന്നു് അയാൾ കോടതിയെ അറിയിച്ചു. എന്നാൽ നീതി വേണ്ടവർക്കു നീതിതന്നെ നൽകേണ്ടതാണെന്നു പ്രസ്താവിച്ചുകൊണ്ടു് പോർഷ്യാ ഷൈലോക്കിനോടു് അവകാശപ്പെട്ട മാംസം മുറിച്ചെടുക്കുവാൻ ആജ്ഞാപിച്ചു. കോപവും ദുഃഖവുംകൊണ്ടു മതിമറന്ന ഷൈലോക്കു് എല്ലാവരേയും ശപിച്ചുകൊണ്ടു് അവിടെനിന്നിറങ്ങി പ്പോകുവാൻ ഭാവിച്ചു.

ഉടൻതന്നെ അയാളെ തടഞ്ഞുകൊണ്ടു് വക്കീൽ ഇപ്രകാരം പ്രസ്താവിച്ചു. "വെനീസ്സിലെ ഒരു പൗരൻെറ ജീവനെ ഹനിക്കുവാൻ താങ്കൾ ശ്രമിച്ചതായി

തെളിഞ്ഞിരിക്കുന്നു. ചട്ടപ്രകാരം താങ്കളുടെ ജീവനെ രക്ഷിക്കുവാൻ രാജാവിനുമാത്രമേ കഴികയുള്ളു. താങ്കളുടെ സ്വത്തിൽ പകുതി പ്രതിക്കും പകുതി രാജ്യത്തിനും ആയിരിക്കുന്നതാണു്. ജീവനെ സംബന്ധിച്ചിടത്തോളം രാജാവിനോടപേക്ഷിക്കുക."

രാജാവു് ദയാപൂർവം ആ യഹൂദനു മാപ്പുനൽകി. മററാരാൾക്കു കാരുണ്യം നിരസിച്ച യഹൂദൻ ഇങ്ങനെ കാരുണ്യത്തിനു കേണപേക്ഷിച്ചു് സ്വന്തം ജീവനും സ്വത്തും രക്ഷിച്ചു.

ബസ്സാനിയോ തിരിച്ചെത്തുന്നതിനു മുൻപു് പോർഷ്യാ വീട്ടിലെത്തി അദ്ദേഹത്തെ സ്വീകരിക്കുവാൻ തയ്യാറായിരുന്നു.

തൻെറ ആത്മമിത്രമായ അൻേറാണിയോവിനെ രക്ഷിച്ചതു് പോർഷ്യാ ആണെന്നറിഞ്ഞപ്പോൾ ബസ്സാനിയോവിനുണ്ടായ ആശ്വാസവും ആനന്ദവും ആശ്ചര്യവും അപരിമിതമായിരുന്നു.

പാഠം 23

പാലം പണി

മുററത്തു മാമഴവെള്ളമൊലിച്ചപോ-
മൂററിലിറങ്ങിയിരുന്നു കുട്ടൻ
മണ്ണും ചെളിയുമെമ്പാടും പുരണ്ടുള്ളോ-
രുണ്ണിക്കൈ കൊട്ടിച്ചിരിക്കുകയായ്.

"അമ്മയ്ക്കു കേറി നടക്കുവാൻ പാലമൊ-
ന്നുണ്മയിൽ തീർത്തുകഴിഞ്ഞല്ലോ ഞാൻ!"
അമ്മണിപ്പൈതലിൻഘോഷനവൃത്തിയി-
ലമ്മ കുപിതയായോടിയെത്തി.

"വെള്ളത്തിലേവമിറങ്ങുവാൻ പാടില്ലെ-
ന്നല്ലയോ മുന്നമേ ചൊന്നതു ഞാൻ
പാല-മിതെന്തൊരു പാലം! ചെളികൊണ്ടു
മേലൊക്കെപ്പൂശിക്കഴിഞ്ഞല്ലോ നീ!
പോരൂ കരേറി"യെന്നോതിയപ്പൂവൽ മെയ്
നോവുന്ന മട്ടു പ്രഹരിക്കയായ്.
കുട്ടിയോ വേഗമെണീററു പാഞ്ഞെന്‍പാർശ്വം
പററിസ്സഗദ്ഗദം ചോദ്യം ചെയ്താൻ:—

"എന്തു തെററാണച്ഛാ, പാലമുണ്ടാക്കിയാ-
ലെന്തിനാണമ്മയടിച്ചതെന്നെ?
അന്നു നാം കേറിയ പാലം ചമച്ചയാൾ-
ക്കെന്നുമീമട്ടടി കിട്ടുന്നുണ്ടോ?"
ചൊല്ലി ഞാൻ "പാലമുണ്ടാക്കിയതിനല്ല
തല്ലിയതോമനേ നിന്നെയമ്മ.
വെള്ളവും മണ്ണും ചെളിയുമിപ്പൂമെയ്യിൽ
വല്ലാതെ വന്നു പുരളുകയാൽ."
കണ്ണുനീർ കുഞ്ഞിക്കൈ കൊണ്ടു തുടച്ചുനി-
ന്നുണ്ണി ചോദിക്കയാണേവം ചോദ്യം:—
"വെള്ളവും മണ്ണും തൊടാതെയുണ്ടാക്കാമോ
ചൊല്ലണമച്ഛാ നമുക്കു പാലം?"
നിർമ്മാണശക്തിതൻ പ്രാകൃതഭാവമേ!
നിൻരൂപഭേദം കലകളെല്ലാം.

[കെ. എം. ദാമോദരമേനോൻ

പാഠം 24

വിശുദ്ധനബിയും അലിയും

ഇസ്ലാംമതസ്ഥാപകനായ വിശുദ്ധനബി അദ്ദേഹത്തിൻെറ ഭക്തശിഷ്യന്മാർ ധാരാളമായി വന്നു കൂടാറുള്ള ഒരു പള്ളിയിൽ പ്രഭാതത്തിൽ പ്രാർത്ഥനയും പ്രസംഗവും നടത്തിവന്നിരുന്നു. പുലർച്ചയ്ക്കുള്ള 'സുബഹ്',

നമസ്കാരത്തിന്ന് എല്ലാവരും എത്തിച്ചേരണമെന്നായിരുന്നു നിശ്ചയം. കിഴക്കു വെള്ള വീശുമ്പോൾ പള്ളിയിൽ എല്ലാവരും ഉണ്ടായിരിക്കണമെന്നു നിർബ്ബന്ധമാണു്.

ഒരു ദിവസം പ്രഭാതത്തിൽ, നബിയുടെ ഭക്തന്മാർ നാനാഭാഗങ്ങളിൽനിന്നും പ്രാർത്ഥനയ്ക്കു ബദ്ധപ്പെട്ടു വന്നുകൊണ്ടിരുന്നു. ആ കൂട്ടത്തിൽ നബിയുടെ അടുത്ത ബന്ധുവും വിശ്വസ്തശിഷ്യനുമായ 'അലി' സ്വഗൃഹത്തിൽനിന്നു പുറപ്പെട്ടു. പൂജ്യപാദനായ മുഹമ്മദുനബി ധർമ്മോപദേശം നടത്തിയിരുന്ന പള്ളിയിലേയ്ക്കുള്ള ഒററയടിപ്പാതയിൽ അദ്ദേഹം എത്തിച്ചേർന്നു. കല്ലും മുള്ളും ചേറും ചെളിയുംകൊണ്ടു് ദുർഗ്ഗമമായിരുന്ന ആ ഇടവഴിയിൽ അപ്പോഴും ഇരുട്ടു നീങ്ങിയിരുന്നില്ല. അതിനാൽ ആ വഴിയിൽക്കൂടിയുള്ള സഞ്ചാരം ക്ലേശകരമായിരുന്നു.

കുറച്ചു നടന്നപ്പോൾ, മങ്ങിയ വെളിച്ചത്തിൽ തൻെറ മുമ്പിലായി ഒരു വൃദ്ധൻ വടികുത്തി തപ്പിത്തടഞ്ഞു നടക്കുന്നുണ്ടെന്നു് അലി കണ്ടു. അദ്ദേഹം പ്രഭാതനമസ്കാരത്തിൽ പങ്കുകൊള്ളാൻ അള്ളായുടെ പള്ളിയിലേയ്ക്കു പുറപ്പെട്ടിരിക്കുകയാണെന്നു് അലിക്കു മനസ്സിലായി.

ആകാശത്തിൽ അരുണോദയം പൊന്നൊളിവീശിത്തുടങ്ങി. അടുത്തുള്ള പള്ളികളിൽനിന്നു 'വാങ്കുവിളി' കേൾക്കുമാറായി. പക്ഷികൾ പാടുന്നതും വഴിയരികിലുള്ള വീടുകളിൽ കതകുകൾ തുറക്കുന്നതും അലി കേട്ടു. നേരം വൈകി, സമയം തെററി' എന്നു് അയാൾ അറിഞ്ഞു. കൃത്യഭംഗത്തിലുള്ള ദുഃഖംകൊണ്ടു് അയാളുടെ ഹൃദയം പിടച്ചു. എന്നാലും, വാർദ്ധക്യത്തോടുള്ള

ബഹുമാനംകൊണ്ടു് തൻെറ മുമ്പേ നടന്നിരുന്ന ഭക്തനായ വൃദ്ധൻെറ മുമ്പിൽ കയറി നടന്നുപോകാൻ അലി ഒരുമ്പെട്ടില്ല. ഇങ്ങനെ ധർമ്മസങ്കടത്തിൽപ്പെട്ടു് അയാൾ വല്ലാതെ വിഷമിച്ചു. അക്ഷമനായ അലി ആവേശം അടക്കി പ്രാർത്ഥന ചൊല്ലിക്കൊണ്ടു് വൃദ്ധൻെറ പിന്നാലെ പതുക്കെ നടന്നു. കുറേ ചെന്നപ്പോൾ ആ വയോധികൻ മറെറാരു വഴിക്കു തിരിഞ്ഞു. ഉടൻതന്നെ അലി പള്ളിയെ നോക്കി ഓടുവാൻ തുടങ്ങി.

ഇതിനിടയ്ക്കു് പള്ളിയിൽ പതിവിൻപടി ജനങ്ങൾ വന്നു നിറഞ്ഞിരുന്നു. സമയമായപ്പോൾ നബി പ്രസംഗവേദിയിൽ കയറിനിന്നു. അവിടെ കൂടിയിരുന്ന ഭക്തന്മാർ ആ മഹാഗുരുവിനെ നോക്കി വിനീതരായി നിലകൊണ്ടു. ആ മഹാത്മാവു് പ്രാർത്ഥന തുടങ്ങുവാൻ വായ്തുറന്നപ്പോൾ, എന്തൊരദ്ഭുതം! ദൃഷ്ടിഗോചരമല്ലാത്ത ഒരു കൈ അദ്ദേഹത്തിൻെറ വായു് പൊത്തിപ്പിടിക്കുന്നതായി അദ്ദേഹത്തിനു തോന്നി. സംസാരിക്കുവാൻ അദ്ദേഹം വളരെ ശ്രമിച്ചു, ഫലിച്ചില്ല. ചുണ്ടനക്കുന്നതിനുപോലും അദ്ദേഹത്തിനു സാധിച്ചില്ല.

നബി ഒന്നു നിവർന്നുനിന്നു് അദ്ഭുതപരവശനായി നാലുപുറവും സൂക്ഷിച്ചുനോക്കി. അപ്പോൾ നീണ്ടു കറുത്ത കണ്ണുകളോടും മോഹനമായ മുഖശ്രീയോടും കൂപ്പുകൈകളോടും കൂടിയ ഒരു തേജോരൂപം തൻെറ മുമ്പിൽ നിൽക്കുന്നതു് അദ്ദേഹം കണ്ടു. ദൈവദൂതനായ ഗബ്രിയലാണു വന്നിരിക്കുന്നതെന്നു് അദ്ദേഹത്തിനു മനസ്സിലായി. "പതിവുപോലെ 'ഫാത്തിഹ'

ചൊല്ലാൻ എന്നെ അനുവദിക്കാത്തതു് എന്താണു്?" എന്നു് അദ്ദേഹം സവിനയം ദൈവദൂതനോടു ചോദിച്ചു. അതിനു മറുപടിയായി, സംഭ്രമത്തോടുകൂടി പള്ളിയിലേയ്ക്കു് ഓടിവന്നിരുന്ന അലിയെ ഗബ്രിയൽ ചൂണ്ടിക്കാണിച്ചുകൊടുത്തു. അലി ചെരിപ്പൂരിയെറിഞ്ഞു കൈകാൽ ശുദ്ധിചെയ്തു് പ്രാർത്ഥനചൊല്ലിക്കൊണ്ടു് അകത്തു കടന്നു് കൂട്ടത്തിൽനിന്നു.

ഉടനെ നബി പ്രാർത്ഥനയാരംഭിച്ചു. പ്രാർത്ഥനയും അതിനെത്തുടർന്നുള്ള പ്രസംഗവും അവസാനിച്ചപ്പോൾ അദ്ദേഹം അലിയെ അരികെ വിളിച്ചു ചോദിച്ചു:—ഇന്നു വൈകാൻ കാരണം എന്തു്? നീ വന്നുചേരുന്നതുവരെ ദൈവദൂതൻ എന്റെ വായ് കെട്ടിയതുകൊണ്ടു് എനിക്കു ശബ്ദിക്കാൻപോലും സാധിച്ചില്ല."

അലി അദ്ഭുതത്തോടും വിനയത്തോടുംകൂടി പറഞ്ഞു:—"ചേറും ചെളിയും നിറഞ്ഞ ഇടവഴിയിൽ എന്റെ മുമ്പിലായി പ്രാർത്ഥനയ്ക്കുപോകുന്ന ഒരു യഹൂദവൃദ്ധൻ വന്നുപെട്ടു. വടികുത്തി മെല്ലെ മെല്ലെ നടന്നിരുന്ന ആ ഭക്തന്റെ മുമ്പിൽ കയറുന്നതു ശരിയല്ലല്ലോ എന്നു വിചാരിച്ചു് ഞാനും പതുക്കെ നടന്നു. അങ്ങനെ മനസ്സിവിടെയും ദേഹം അവിടെയും ആയി ഞാൻ കുറേനേരം പരുങ്ങി."

ഇതുകേട്ടു് മഹാത്മാവായ നബി എല്ലാവരെയും കടാക്ഷിച്ചശേഷം മന്ദസ്മിതത്തോടുകൂടി പറഞ്ഞു:— "അലി, നിന്നിൽ അള്ളാ പ്രസാദിച്ചിരിക്കുന്നു. വൃദ്ധന്മാരെയും ഭക്തന്മാരെയും വന്ദിക്കണമെന്നുള്ള എന്റെ ഉപദേശം നീ ശരിയാംവണ്ണം പരിപാലിച്ചു.

പ്രാർത്ഥനയ്ക്കു കൂട്ടുന്നതിനെക്കാൾ എത്രയോ മഹത്തായ ഒരു കാര്യമാണു നീ ചെയ്തതു്. ഉപദേശംകേട്ടാൽ മാത്രം പോരാ, അതനുസരിച്ച പ്രവർത്തിക്കയുംവേണം. എങ്കിൽ മാത്രമേ യഥാർത്ഥഫലം സിദ്ധിക്കയുള്ളൂ. ഉത്തമനായ ശിഷ്യൻ ഉപദേശം അനുഷ്ഠിക്കുന്നവനാണെന്നു് ഇന്നു നീ ലോകത്തെ പഠിപ്പിച്ചിരിക്കുന്നു".

എല്ലാവരും അലിയെ ബഹുമാനപൂർവം നോക്കി വന്ദിക്കുകയും അഭിനന്ദിക്കുകയും ചെയ്തു.

പാഠം 25

രക്തചംക്രമണം

നമ്മുടെ ശരീരത്തിൽ എവിടെയെങ്കിലും മുറിവു പററിയാൽ രക്തം പ്രവഹിക്കുന്നു. രക്തം ശരീരത്തിൽ സർവത്ര വ്യാപിച്ചിരിക്കുന്നു എന്നു് ഇതിൽ നിന്നു് ഊഹിക്കാവുന്നതാണു്. രക്തം ശരീരത്തിൽ കെട്ടി നില്ക്കുകയല്ല; ശരീരത്തിൻെറ എല്ലാ ഭാഗങ്ങളിലും സർവദാ ചുററി ഒഴുകിക്കൊണ്ടിരിക്കുകയാണു്. രക്തത്തിൻെറ ഇടവിടാതുള്ള ഭ്രമണത്തിനു് രക്തചംക്രമണം എന്നു പറയുന്നു. ഈ രക്തചംക്രമണം എങ്ങനെ നടക്കുന്നുവെന്നാണു് ഈ പാഠത്തിൽ വിവരിക്കുന്നതു്.

രക്തചംക്രമണത്തെ ഒരു നഗരത്തിലെ ജലവിതരണ സമ്പ്രദായത്തോടു് ഉപമിക്കാം. ആദ്യമായി നദികളിലോ മററു ജലാശയങ്ങളിലോ അണകെട്ടി ജലം സംഭരിച്ചാണു വിതരണം ചെയ്യുന്നതു്. ആ വെള്ളം ഒരു വലിയ കുഴൽ

വഴിയായി പട്ടണത്തിൽ കൊണ്ടുപോകുന്നു. ആ വലിയ കുഴലിൽനിന്നു് പലവിധത്തിലുള്ള അനേകം ചെറു കുഴലുകൾ പിരിയുന്നുണ്ടു്. അവയിൽ കൂടിയാണു് വെള്ളം തെരുവുകളിലും ഗൃഹങ്ങളിലും എത്തിച്ചുകൊടുക്കുന്നതു്. വീടുകളിൽ ചെന്നു ചേരുന്ന വെള്ളം സ്നാനം, വസ്ത്രശോധനം മുതലായവയ്ക്കു് ഉപയോഗിക്കുന്നതിനാൽ മലിനമായിത്തീരുന്നു. മലിനജലം പട്ടണത്തിനു വെളിയിൽ കൊണ്ടുപോയി കളയേണ്ടതും ആരോഗ്യരക്ഷയ്ക്കു് ആവശ്യമാണു്. വീടുകളിലെ മലിനജലം ചെറിയ കുഴലുകളിൽക്കൂടി തെരുവുകളിലുള്ള വലിയ കുഴലുകളിൽ ചെന്നുചേരുകയും അവിടെനിന്നും പട്ടണത്തിനു പുറത്തുള്ള ജലാശയങ്ങളിലേയ്ക്കു് ഒഴുകുകയും ചെയ്യുന്നു.

മേൽ വിവരിച്ച പരിപാടിയിൽ ശുദ്ധജലത്തിന്റെ സംഭരണം, വിതരണം, മലിനജലത്തിന്റെ വിസർജ്ജനം ഇങ്ങനെ മൂന്നുകാര്യങ്ങൾ അടങ്ങിയിരിക്കുന്നു. ഏകദേശം ഈ രീതിയിൽത്തന്നെയാണു് രക്തസംക്രമണവും. രക്തം സംഭരിക്കാൻ ഒരു പാത്രവും ശുദ്ധരക്തം വിതരണം ചെയ്യാൻ വേണ്ട കുഴലുകളും നമ്മുടെ ശരീരത്തിലുണ്ടു്. എന്നാൽ മലിനജലത്തെ എന്നപോലെ മലിന രക്തത്തെ വെളിയിൽ കളയുന്നില്ല. ആ രക്തത്തെ ശുദ്ധമാക്കി വീണ്ടും ഉപയോഗിക്കുകയാണു ചെയ്യുന്നതു്.

ശരീരത്തിൽ രക്തം സംഭരിക്കുന്നതിനുള്ള പാത്രം ഹൃദയമാകുന്നു. ഹൃദയം ഏകദേശം ഒരു ശംഖിന്റെയോ താമരമൊട്ടിന്റെയോ ആകൃതിയിലുള്ളതാണു്. ശംഖിനോടുള്ള ആകൃതിസാമ്യം നിമിത്തം ഇതിനെ 'ചങ്കു്'



ഒന്നാം പടം

എന്നു മലയാളത്തിൽ പറയാറുണ്ട്. ഹൃദയം നെഞ്ചിനുള്ളിൽ അല്പം ഇടത്തോട്ടു മാറിയാണു് സ്ഥിതിചെയ്യുന്നതു്. പരന്ന അററം മുകളിലും കൂർത്ത അററം താഴെയുമായി ശ്വാസകോശങ്ങളുടെ ഇടയ്ക്കു് ഇതു് സ്ഥിതിചെയ്യുന്നു. ഉരസ്സിന്റെ ഇടതുവശത്തു് കൈവെച്ചു നോക്കിയാൽ ഹൃദയസ്പന്ദനം നമുക്കു് അനുഭവപ്പെടും. ഒരു മനുഷ്യന്റെ ഹൃദയത്തിനു് ഏകദേശം അയാളുടെ മുഷ്ടിയോളം വലിപ്പമുണ്ടായിരിക്കും. ഹൃദയവും അതിന്റെ ഇരുവശങ്ങളിലായി ശ്വാസകോശങ്ങളും സ്ഥിതി ചെയ്യുന്നതു് ഒന്നാംപടത്തിൽ കാണിച്ചിരിക്കുന്നു.

രക്തചംക്രമണത്തെപ്പററി ശരിയായി മനസ്സിലാക്കുന്നതിനു് ഹൃദയത്തിന്റെ ബാഹ്യരൂപത്തെപ്പററി മാത്രം അറിഞ്ഞതുകൊണ്ടായില്ല; അതിനു്, അതിന്റെ അന്തർഭാഗത്തെപ്പററിയും അറിയണം. രണ്ടാംപടം നോക്കുക. ഹൃദയത്തിന്റെ നടുവിൽക്കൂടി കീഴ്മേലായുള്ള ഒരു ഭിത്തി അതിനെ ഇടത്തും വലത്തും രണ്ടു വലിയ അറകളായി വിഭജിക്കുന്നു. ഇടത്തേ അറയും വലത്തേ അറയും തമ്മിൽ നേരിട്ടു് യാതൊരു ബന്ധവും ഇല്ല. ഇടത്തേ അറ ശുദ്ധരക്തത്തിനും വലത്തേ അറ മലിനരക്തത്തിനും ഉള്ളതാണു്. ഓരോ അറയുടെയും മധ്യത്തിനു് അല്പം മുകളിലായി വിലങ്ങനെ ഓരോ ഭിത്തിയുണ്ടു്. അങ്ങനെ ആകെക്കൂടി ഹൃദയത്തിൽ (1) വലതുമേലറ (2) ഇടതുമേലറ (3) വലതുകീഴറ (4) ഇടതുകീഴറ എന്നു നാലറകളുണ്ടു്. കീഴറകൾക്കു മേലറകളെക്കാൾ വലിപ്പം കൂടും. ഓരോ വശത്തുള്ള മേലറയും കീഴറയും തമ്മിൽ ചേർതിരിക്കുന്ന ആകെ

യുള്ള ഭിത്തികളുടെ മദ്ധ്യത്തിൽ ഓരോ ചെറിയ ദ്വാരം ഉണ്ട്. ഈ ദ്വാരത്തോടു ബന്ധിച്ച് കീഴ്പ്പോട്ടു മാത്രം തുറക്കത്തക്കവണ്ണം ഓരോ കവാടം കാണാം. മേലറയിൽ നിന്നു കീഴറയിലേയ്ക്കു് രക്തം അല്പാല്പമായി ചോർന്നു കൊണ്ടിരിക്കുമെങ്കിലും കീഴറയിൽനിന്നു രക്തം മേലറയിലേയ്ക്കു് ഒരിക്കലും കടക്കുന്നതല്ല.

ഹൃദയത്തിന്റെ വിധാനത്തിലുള്ള ഒരു വിശേഷം കൂടി നാം ധരിക്കേണ്ടതുണ്ട്. ഹൃദയത്തിന്റെ പാർശ്വങ്ങളിലും അകത്തും ഭിത്തികൾ ഉള്ളതായി പറഞ്ഞിട്ടുണ്ടല്ലോ. ഈ ഭിത്തികൾ മാംസപേശികൾ കൊണ്ടു നിർമ്മിച്ചിരിക്കുന്നു. ഇവയ്ക്കു് സ്വയം സങ്കോചിക്കാനും വികസിക്കാനും ശക്തിയുണ്ട്. ഹൃദയപേശികൾക്കെല്ലാംകൂടി ഏകകാലത്തല്ല സങ്കോചവികാസങ്ങൾ ഉണ്ടാകുന്നതു്. ആദ്യമായി ഇരുവശത്തുമുള്ള മേലറകളുടെ ഭിത്തികൾ സങ്കോചിക്കുന്നു. അവയുടെ സങ്കോചം അവസാനിച്ച് വികാസം ആരംഭിക്കുമ്പോൾ കീഴറകളുടെ ഭിത്തികൾ സങ്കോചിക്കാൻ തുടങ്ങുന്നു. ഇങ്ങനെ ആദ്യം മേലറകൾ രണ്ടും ചേർന്നും, അനന്തരം കീഴറകൾ രണ്ടും ചേർന്നും സങ്കോചിക്കുകയും വികസിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഈ സങ്കോചവികാസങ്ങൾക്കാണു് ഹൃദയസ്പന്ദനം എന്നു പറയുന്നതു്. മദ്ധ്യപ്രായവും ആരോഗ്യവുമുള്ള ഒരാളിന്റെ ഹൃദയത്തിനു് ഒരു മിനിട്ടിൽ എഴുപതു മുതൽ എണ്പതുവരെ സ്പന്ദനങ്ങൾ ഉണ്ടാകുന്നു.

ഇനി, ഹൃദയത്തിന്റെ മേലറകളിൽ രക്തം നിറഞ്ഞിരിക്കുമ്പോൾ അവയ്ക്കു സങ്കോചം ഉണ്ടായാൽ എന്തു

രണ്ടാം പടം



സംഭവിക്കുന്നുവെന്നു നോക്കാം. സങ്കോചത്താൽ രക്തത്തിനു കെട്ടിനില്പാനുള്ള സ്ഥലം കുറഞ്ഞു് രക്തത്തിൽ അധികഭാഗവും അടിയിൽ ഉള്ള ദ്വാരത്തിൽക്കൂടി കീഴറയിൽ കടക്കുന്നു. അനന്തരം കീഴറകൾ സങ്കോചിക്കുന്നു. കീഴറയുടെ സങ്കോചത്താൽ രക്തം മേല്പോട്ടു പൊങ്ങുമെങ്കിലും ഇടയ്ക്കുള്ള വാതിൽ അടഞ്ഞുപോകുന്നതുകൊണ്ടു് മേലറയിലേയ്ക്കു പ്രവഹിക്കാൻ സാധിക്കുന്നി

തല്ല. അതിനാൽ കീഴറകളോടു സംഘടിപ്പിച്ചിരിക്കുന്ന കുഴലുകൾ വഴി രക്തം പുറത്തേയ്ക്കു കടക്കുന്നു.

മൂന്നാം പടം



ഈ പാഠത്തിൽ കാണുന്ന മൂന്നാമത്തേ ചിത്രത്തിൽ ഹൃദയത്തോടു ഘടിപ്പിച്ചിട്ടുള്ള കുഴലുകൾ കാണിച്ചിരിക്കുന്നു. ഇതിൽ മേലറകളോടു സംഘടിപ്പിച്ചിരിക്കുന്ന

രണ്ടു കുഴലുകൾ വഴിയായി ശ്വാസകോശങ്ങളിൽനിന്നു് ഹൃദയത്തിലേയ്ക്കു രക്തം വന്നു ചേരുകയും കീഴറകളോടു ഘടിപ്പിച്ചിരിക്കുന്ന രണ്ടു കുഴലുകൾ വഴിയായി ഹൃദയത്തിൽനിന്നു രക്തം വെളിയിലേയ്ക്കു പോവുകയും ചെയ്യുന്നു. ആദ്യം പറഞ്ഞ നാലു കുഴലുകൾക്കും സിരകൾ എന്നും, ഒടുവിൽ പറഞ്ഞ രണ്ടു കുഴലുകൾക്കും ധമനികൾ എന്നും പേർ പറയുന്നു.

ഇനി രക്തചംക്രമണത്തിന്റെ ക്രമം എങ്ങിനെ എന്നു വിവരിക്കാം. ഹൃദയത്തിന്റെ ഇടത്തേ കീഴറയിൽ നിന്നു പുറപ്പെടുന്ന ധമനിക്കു് മഹാധമനി എന്നാണു പേർ. എന്തെന്നാൽ ഇതു് ശരീരത്തിലുള്ള എല്ലാ ധമനികളിലും വച്ചു വലിപ്പം കൂടിയതാകുന്നു. ഇടത്തേ കീഴറയിലുള്ള രക്തത്തിനു നിർഗ്ഗമനദ്വാരം നൽകുന്നതു മഹാധമനിതന്നെയാണു്. ഇടത്തേ കീഴറയുടെ സങ്കോചം കൊണ്ടു് അതിലുള്ള രക്തം മഹാധമനിയിൽ പ്രവേശിക്കുന്നു. ഇതു ശുദ്ധരക്തമാണു്. ഈ രക്തം വീണ്ടും അറയിലേയ്ക്കു പ്രവേശിക്കാതിരിക്കത്തക്കവണ്ണം മഹാധമനിയുടെ ദ്വാരത്തിലും ഒരു കവാടം ബന്ധിച്ചിട്ടുണ്ടു്. പട്ടണത്തിലേയ്ക്കു ജലംകൊണ്ടുവരുന്ന വലിയ കുഴൽ ചെറിയ ചെറിയ കുഴലുകളായി പിരിഞ്ഞു് വീടുകളിലേയ്ക്കു പോകുന്നതുപോലെ മഹാധമനി അനേകം ശാഖോപശാഖകളായി പിരിഞ്ഞു് ശരീരത്തിന്റെ നാനാഭാഗങ്ങളിലേയ്ക്കും ആവശ്യമുള്ള ശുദ്ധരക്തം വഹിച്ചുകൊണ്ടു പോകുന്നു. നെഞ്ചു്, കഴുത്തു്, തല, കൈകൾ മുതലായ അംഗങ്ങൾക്കു രക്തവിതരണം

ചെയ്യാൻ ഒരു കൂട്ടം ധമനികൾ മഹാധമനികളിൽനിന്നു പിരിഞ്ഞു് മേല്പോട്ടു കയറുന്നു. ഉദരഭിത്തികളെയും ഉദരത്തിലുള്ള അംഗങ്ങളെയും കാലുകളെയും രക്തസേചനം കൊണ്ടു പോഷിപ്പിക്കുന്നതിനായി മറെറാരുകൂട്ടം ധമനികൾ കീഴ്പ്പോട്ടും ഇറങ്ങുന്നു. ഇങ്ങനെ വേർപിരിയുന്ന ധമനികൾ ഒടുവിൽ ക്രമേണ കൃശങ്ങളായും അതിസൂക്ഷ്മങ്ങളായും പരിണമിക്കുന്നു. ഭൂതക്കണ്ണാടിയുടെ സഹായം കൊണ്ടു മാത്രമേ ഇവയെ കാണാൻ കഴികയുള്ളു. ഈ കുഴലുകൾക്കു് സൂക്ഷ്മധമനികൾ എന്നു പേർ പറയുന്നു. സൂക്ഷ്മധമനികൾ മനുഷ്യശരീരത്തിൽ സർവത്ര വ്യാപിച്ചിട്ടുണ്ടു്. ഈ സൂക്ഷ്മധമനികളിൽക്കൂടി സഞ്ചരിക്കുന്ന രക്തത്തിലുള്ള പോഷകരസങ്ങളും അമ്ലജനകവും മാംസപേശികളിലേയ്ക്കു പകരുകയും മാംസപേശികളിൽ ഉണ്ടാകുന്ന ഇംഗാലാമ്ലം മുതലായ മലിനവസ്തുക്കൾ രക്തത്തിലേയ്ക്കു പകർന്നു് അതിനെ അശുചിയാക്കുകയും ചെയ്യുന്നു. ഈ മലിനരക്തം ചെറിയ സിരകൾ വഴി രണ്ടു മഹാസിരകളിൽ എത്തുകയും അവ അതിനെ ഹൃദയത്തിൻെറ വലത്തേ മേലറയിൽ പ്രവഹിപ്പിക്കുകയും ചെയ്യുന്നു. രക്തചംക്രമണത്തിനായി ധമനികളും സിരകളും ശരീരത്തിൽ സർവത്ര വ്യാപിച്ചിരിക്കുന്നതും ഒന്നാം പടത്തിൽ നോക്കി മനസ്സിലാക്കാം.

ഇനി മലിനരക്തത്തിൻെറ ഗതി എന്താണെന്നു നോക്കാം. മേലറയിൽ ചെന്നുചേരുന്ന രക്തം ഹൃദയത്തിൻെറ സങ്കോചവികാസങ്ങൾ നിമിത്തം ഒരു ധമനി വഴിയായി ശ്വാസകോശങ്ങളിലേയ്ക്കു കയറുന്നു. ഈ ധമനിയുടെ പ്രവേശനദ്വാരത്തിലും പുറത്തേയ്ക്കു മാത്രം തുറക്കുന്ന ഒരു കവാടമുള്ളതുകൊണ്ടു് ശ്വാസകോശങ്ങളിലേയ്ക്കു പോകുന്ന രക്തം തിരിച്ച് അറയിലേയ്ക്കു

ചെല്ലുന്നില്ല. ഈ മലിനരക്തം അനേകം ധമനികൾ വഴി ശ്വാസകോശം മുഴുവൻ വ്യാപിക്കുന്നു. നാം ശ്വസിക്കുന്ന വായുവും ഇവിടെയാണു് എത്തുന്നതു്. ഇവിടെ വച്ചു് ശ്വാസവായുവിലുള്ള അമ്ലജനകം രക്തത്തിലും രക്തത്തിൽനിന്നു് ഇംഗാലാമ്ലം മുതലായ മലിനവസ്തുക്കൾ ശ്വാസവായുവിലും കടന്നുകൂടുന്നു. ഇങ്ങനെയാണു് മലിനരക്തം ശുദ്ധമായിത്തീരുന്നതു്. ശുദ്ധരക്തം നല്ല ചുവപ്പാണു്. മലിനരക്തത്തിൽ അല്പം നീലിമയുണ്ടായിരിക്കും. രക്തത്തിൽ നിന്നു പകർന്ന മാലിന്യംകൊണ്ടു ദുഷിച്ച വായുവിനെ നാം ഉച്ഛ്വസിക്കുന്നു. ഈ ധമനികൾ ശുദ്ധരക്തത്തെ ഹൃദയത്തിന്റെ സങ്കോചവികാസങ്ങളാൽ മേലറയിൽ കൊണ്ടുചെല്ലുന്നു. ഹൃദയത്തിന്റെ സങ്കോചവികാസങ്ങളാൽ ഈ രക്തം ശരീരം മുഴുവൻ വ്യാപിക്കുന്നു. ഇങ്ങനെ രക്തചംക്രമണം ശരീരം മുഴുവൻ സർവദാ നടന്നുകൊണ്ടിരിക്കുന്നു. ഇതുകൊണ്ടാണു് ശരീരത്തിനു വേണ്ട പോഷണം ലഭിക്കുകയും ശരീരത്തിലുണ്ടാകുന്ന മാലിന്യങ്ങൾ നശിക്കുകയും ചെയ്യുന്നതു്. രക്തസഞ്ചാരം നിൽക്കുമ്പോൾ ജീവിതം അവസാനിക്കുന്നു. മനുഷ്യശരീരത്തിന്റെ പ്രവർത്തനം അദ്ഭുതംതന്നെ!

പാഠം 26

പ്രളയം

കരുത്തിരുണ്ടങ്ങനെ വാനിലെങ്ങും
ചെറുത്തുചെന്നെത്തിയ മേഘവൃന്ദം
നിരുത്തൽ തേടാതതിവർഷമാർക്കും
പൊരുത്തുകൂടാത്തവിധം തുടങ്ങി. 1

ഇരച്ചുപെയ്യും മഴകൊണ്ടു മെയ്മേ-
ലരച്ചുതേയ്ക്കുംപടി ശീതമേറി
ഒരച്ചിലുണ്ടാക്കിയ പാവപോലെ
മരച്ചുകോച്ചിക്കഷണിപ്പു ലോകം. 2

കയർത്തു പേമാരി ചൊരിഞ്ഞുമൂലം
ലയത്തിലിപ്പാരിടമെങ്ങുമൊപ്പം
ഉയർന്നു വെള്ളം; നരവംശമപ്പോൾ
ഭയന്നു വല്ലാതെ പരിഭ്രമിച്ചു. 3

അടിക്കടിക്കാധി പുളച്ചുദിക്കും-
പടിക്കു വെള്ളം നിലവിട്ടുയർന്നു;
പടിക്കലോയ്ക്കുണ്ടായ തോയമയ്യോ!
ഞൊടിക്കുമുൻപങ്കണമെങ്ങുമെത്തി. 4

ഇറക്കമില്ലൊട്ടുമതിന്നുശേഷം
തറയ്ക്കു മേലെപ്പെരുവെള്ളമേറി;
മുറയ്ക്കു പിന്നീടു മുറിക്കകത്താ-
യറയ്ക്കകത്തും മടിവിട്ടണഞ്ഞു. 5

കുഴക്കമായെന്തിനിവേണ്ടു, വെള്ളം
തഴയ്ക്കയാണിത്തിരി കോട്ടമെന്യേ
മഴയ്ക്കുമേതും കുറവില്ല, തപ്പി-
പ്പിഴയ്ക്കുവാനെന്തൊരുപായമുള്ളൂ? 6

നിനച്ചിവണ്ണം പുരകൾക്കുമീതെ
ജനങ്ങളുള്ളം കഷണിച്ചു കേറി;
നനഞ്ഞൊലിച്ചേറെ വിറച്ചനല്പം
മനംകലങ്ങി പ്രലപിച്ചിരുന്നു. 7

പെരുത്തു വർദ്ധിക്കിലുമിത്രതന്നെ
വരുന്നതല്ലെന്നു നിനച്ചനേകർ
കരുത്തെഴും കാററിലൊടിഞ്ഞിരുന്ന
തരുക്കളിൽക്കേറി വിറച്ചിരുന്നു. 8

"കണക്കുവിട്ടുള്ളൊരു വെള്ളമാണീ-
ക്കണക്കു പണ്ടെങ്ങുമണഞ്ഞതില്ല.
കണക്കുതീരാൻ വകയാകുമിന്നി-
ക്കണക്കു വല്ലാതെ മിഴിച്ചുനിന്നാൽ." 9

പറഞ്ഞിവണ്ണം പലരും മൃഗൗഘം
നിറഞ്ഞൊരക്കുന്നുകളിൽക്കരേറാൻ
ഉറഞ്ഞ കണ്ണീരു തുടച്ചു വെള്ളം
കുറഞ്ഞിടം നോക്കി നടന്നു വേഗം. 10

നിരന്തരം നാല്പതു വാസരം നിർ-
ഭരം മഹാമാരി ചൊരിഞ്ഞമൂലം
പുരങ്ങളും ശൈലഗണങ്ങളും വ-
ന്മരങ്ങളും മുങ്ങി ജലത്തിനുള്ളിൽ. 11

പുരപ്പുറത്തും മലമേലുമോരോ
മരങ്ങൾതൻ ശാഖകൾതോറുമായി
മരച്ചിരുന്നോരു നരർക്കശേഷം
ദുരന്തമാവാരി വരുത്തി വേഗം. 12

മലപ്പുറത്തേയ്ക്കുമോടിയെത്തി-
ക്കലക്കമായ് മേവിയ ജന്തുവർഗ്ഗം
ജലം കുടിച്ചായതിലാണ്ടൊടുക്കം
വലഞ്ഞു ചത്തൊക്കെ മലർന്നുപോയി. 13

അലംഘ്യമായൂഴിയിലേറ്റം പൊക്കം-
കലർന്നതാം പർവതമൗലിയേയും
അലക്ഷ്യമായേറ്റമതിക്രമിച്ചു-
ജ്ജലം യഥേഷ്ടം വിഹരിച്ചു വാനിൽ. 14

ശ്രീയേശുവിജയം മഹാകാവ്യം]
[കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള

COVER
PRINTED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, TRIVANDRUM
1956